بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 33

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ആഗസ്റ്റ് 16/ഹി:ശം:1397 ളുഹൂർ 16/ഹി:ഖ:1439 ദുൽഹജ്ജ് 04

## അല്ലാഹുവിന്റെ വചനം

اَلَّذِیۡنَ یُنۡفِقُوۡنَ اَمۡوَالَہُمۡ فِیۡ سَبِیۡلِ اللّٰہِ ثُمَّ لَا یُتۡبِعُوۡنَ مَاۤ اَنۡفَقُوۡا مَنًّا وَّلَاۤ اَذًی ۙ لَّہُمۡ اَجۡرُہُمۡ عِنۡدَ رَبِّہِمۡ ۚ وَلَا خَوۡفٌ عَلَیۡہِمۡ وَلَا ہُمۡ یَحۡزَنُوۡنَ ○

അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവുചെയ്യുകയും പിന്നീട് അതിനെ തുടർന്ന് തങ്ങൾ ചെലവു ചെയ്തത് (അത് സ്വീകരിച്ചവരോടു)ഔദാര്യമായി എടുത്തു പറയാതിരിക്കുകയും (അവരുടെ മനസ്സ്)വേദനിപ്പിക്കാതിരിക്കുകയുംചെയ്യുന്നവർക്ക് അവരുടെ നാഥന്റെ പക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് ഒരുവിധ ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നവരുമല്ല.(2:263)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു: കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**പർവ്വതങ്ങളുടേയും ഭൂമിയുടേയും ഓരോ തരിയും സമുദ്രങ്ങളുടേയും നദികളുടേയും ഓരോ തുള്ളിയും സസ്യലതാദികളുടെ ഓരോ ഇലയും അവയുടെ ഓരോ അംശവും മനുഷ്യരുടേയും മൃഗങ്ങളുടേയും മുഴുവൻ അണുക്കളും അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും അവനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിൽ വ്യാപൃതരാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"അപ്രകാരം നിങ്ങൾ നിങ്ങളുടെ സൽകർമങ്ങളൊന്നും ജനങ്ങളുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നതിനായി ചെയ്യരുതെന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങൾ നിങ്ങളുടെ പ്രവൃത്തികളൊന്നും ജനങ്ങളിൽനിന്ന് മറച്ചുവയ്ക്കരുതെന്നാണ് ഖുർആൻ പറയുന്നത്. പ്രത്യുത, നന്മ കരുതി ചില സൽകർമങ്ങൾ രഹസ്യമായി ചെയ്യുന്നതാണ് നിങ്ങൾക്കുത്തമമെന്ന് കണ്ടാൽ അങ്ങനെ ചെയ്യുക. പരസ്യമായി ചെയ്യുന്നതിലാണ് സാധാരണക്കാർക്ക് ഗുണമെന്ന് കണ്ടാൽ, രണ്ട് പ്രതിഫലം ലഭിക്കുന്നതിനായി ചില കർമങ്ങൾ പരസ്യമായും ചെയ്യുക. സൽകർമം ചെയ്യാൻ ധൈര്യമില്ലാത്ത ദുർബല മനസ്കരും നിങ്ങളെ പിന്തുടർന്ന് ആ സൽകർമം ചെയ്യട്ടെ. അല്ലാഹു തന്റെ ഗ്രന്ഥത്തിൽ സിർറൻവ്വഅലാനിയത്തൻ അതായത്, രഹസ്യമായും ദാനധർമം ചെയ്യുക, മറ്റുള്ളവരെ കാണിച്ചും ചെയ്യുക എന്ന് പറഞ്ഞിരിക്കുന്നു. ഈ കല്പനയുടെ യുക്തി അവൻ സ്വയം പറഞ്ഞുതന്നിരിക്കുന്നു; ഇതിന്റെ ഉദ്ദേശ്യം നിങ്ങൾ വെറും വാക്കുകൾ മുഖേന മനസ്സിലാക്കിക്കൊടുക്കാതെ കർമംകൊണ്ടും ആഹ്വാനം ചെയ്യുക എന്നതാണ്.

അതേപ്രകാരം നീ പ്രാർഥിക്കുമ്പോൾ സ്വന്തം അറയിൽ പോകാൻ ഇഞ്ചീൽ പറയുന്നു. എന്നാൽ, നിങ്ങളുടെ പ്രാർഥനയെ എല്ലാ അവസരത്തിലും എപ്പോഴും പരോക്ഷമാക്കരുതെന്ന് ഖുർആൻ പഠിപ്പിക്കുന്നു. പ്രത്യുത നിങ്ങൾ ജനങ്ങളുടെ മുമ്പിലും നിങ്ങളുടെ സഹോദരന്മാരോടൊപ്പവും തുറന്നനിലയിൽ പ്രാർഥിക്കുക; ആ അവസരത്തിൽ ചെയ്യപ്പെടുന്ന ഏതെങ്കിലും പ്രാർഥന സ്വീകരിക്കപ്പെടുകയാണെങ്കിൽ അവിടെ കൂടിയ ആളുകളുടെ വിശ്വാസവർധനയ്ക്ക് കാരണമാകുന്നതിനും അതോടൊപ്പം മറ്റുള്ളവരും പ്രാർഥനയിൽ പ്രതിപത്തിയുള്ളവരായിത്തീരുന്നതിനും വേണ്ടി.

അതേപ്രകാരം ഇഞ്ചീൽ ഇപ്രകാരം പ്രാർഥിക്കുവാൻ കല്പിക്കുന്നു: ആകാശത്തുള്ള ഞങ്ങളുടെ പിതാവേ, നിന്റെ നാമം പരിശുദ്ധമായിരിക്കട്ടെ. നിന്റെ രാജ്യവാഴ്ച ഇവിടേയും വരുമാറാകട്ടെ. നിന്റെ ഇച്ഛ ആകാശത്തുള്ളതുപോലെ ഭൂമിയിലും വരുമാറാകട്ടെ. ദിനേനയുള്ള ഞങ്ങളുടെ അപ്പം ഇന്ന് നീ ഞങ്ങൾക്ക് നല്കേണമേ. ഞങ്ങൾ ഋണബാധ്യതയുള്ളവർക്ക് പൊറുത്തുകൊടുക്കുന്നതുപോലെ ഞങ്ങളുടെ കടബാധ്യതകളെ നീ പൊറുത്തുതരേണമേ. ഞങ്ങളെ പരീക്ഷണത്തിലിടരുതേ, എന്നല്ല എല്ലാ തീയ്യകാര്യങ്ങളിൽനിന്നും ഞങ്ങളെ രക്ഷപ്പെടുത്തേണമേ. കാരണം രാജ്യവാഴ്ചയും ശക്തിപ്രഭാവവും പ്രതാപവും എപ്പോഴും നിനക്ക് മാത്രമുള്ളതാകുന്നു.എന്നാൽ, വിശുദ്ധ ഖുർആൻ പറയുന്നത് ഭൂമി ദൈവത്തിന്റെ പരിശുദ്ധിയിൽനിന്ന് ശൂന്യമല്ല. മറിച്ച് ആകാശത്തേതുപോലെ ഭൂമിയിലും അവന്റെ പരിശുദ്ധിയുണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ്. അവൻ പറയുന്നു.

വഇൻമ്മിൻ ശയ്ഇൻ ഇല്ലാ യുസബ്ബിഹു ബിഹംദിഹീ യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർളി(17:45) അതായത്, ഭൂമിയിലും ആകാശത്തിലുമുള്ള ഓരോ തരിയും അല്ലാഹുവിനെ സ്തുതിച്ചും പ്രകീർത്തിച്ചും കൊണ്ടിരിക്കുന്നു. അവയിലുള്ളതൊക്കെയും സ്തുതിക്കുന്നതിലും പ്രകീർത്തിക്കുന്നതിലും മുഴുകിയിരിക്കുകയാണ്. പർവ്വതങ്ങളും നദികളും വൃക്ഷലതാദികളും അവന്റെ സ്തുതിപാടുന്നതിൽ വ്യാപൃതമാണ്. അനേകം സാത്വികരായ ആളുകളും അവന്റെ സ്മരണയിൽ മുഴുകിയിരിക്കുന്നു. ഹൃദയവും നാവുംകൊണ്ട് അവന്റെ സ്മരണയിൽ വ്യാപൃതനാവാത്തവനേയും അവന്റെ മുമ്പിൽ വിനയാന്വിതനാകാത്തവനേയും പലവിധ സമ്മർദങ്ങളും ശിക്ഷകളുംകൊണ്ട് നിയതി നിയമം വിനയാന്വിതനാക്കുന്നു.

മലക്കുകൾ പരിപൂർണ അനുസരണത്തിന്റെ പ്രതീകങ്ങളാണെന്ന് വിശുദ്ധ ഖുർആനിൽ എഴുതിയിരിക്കുന്നു. അതേപ്രകാരം ഭൂമിയിലെ ഓരോ ഇലയേയും ഓരോ മൺതരിയേയും സംബന്ധിച്ച് വിശുദ്ധഖുർആനിലുണ്ട്. അതായത് ഓരോ വസ്തുവും അവനെ അനുസരിച്ചുകൊണ്ടിരിക്കുന്നു. അവന്റെ കല്പനയില്ലാതെ ഒരിലപോലും കൊഴിയുന്നില്ല. അവന്റെ കല്പനയില്ലാതെ ഒരു മരുന്നും രോഗശാന്തി നല്കുകയോ ഒരാഹാരവും പ്രയോജനപ്പെടുകയോ ചെയ്യുന്നില്ല. ഓരോ വസ്തുവും അങ്ങേയറ്റത്തെ കീഴ്വണക്കത്തിലും ദാസത്വത്തിലും അവന്റെ തിരുസന്നിധിയിൽ വീണുകിടക്കുകയും അവന്റെ അനുസരണത്തിൽ മുഴുകിയിരിക്കുകയുമാണ്. പർവ്വതങ്ങളുടേയും ഭൂമിയുടേയും ഓരോ തരിയും സമുദ്രങ്ങളുടേയും നദികളുടേയും ഓരോ തുള്ളിയും സസ്യലതാദികളുടെ ഓരോ ഇലയും അവയുടെ ഓരോ അംശവും മനുഷ്യരുടേയും മൃഗങ്ങളുടേയും മുഴുവൻ അണുക്കളും അല്ലാഹുവിനെ തിരിച്ചറിയുകയും അവനെ അനുസരിക്കുകയും അവനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്നതിൽ വ്യാപൃതരാണ്. അതുകൊണ്ട് അല്ലാഹു പറഞ്ഞു: യുസബ്ബിഹു ലില്ലാഹി മാഫിസ്സമാവാത്തി വമാഫിൽ അർള് അതായത് ആകാശത്തുള്ള ഓരോ വസ്തുവും അല്ലാഹുവിന് സ്തോത്രം ചെയ്യുകയും പ്രകീർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുപോലെ ഭൂമിയിലുള്ള ഓരോ വസ്തുവും അവന് സ്തോത്രം ചെയ്യുകയും പ്രകീർത്തിക്കുകയും ചെയ്യുന്നു. എന്ത്? ഭൂമിയിൽ ദൈവത്തിന്റെ സ്തുതിയും കീർത്തനവും നടക്കുന്നില്ലെന്നാണോ? ഇത്തരത്തിലുള്ള വചനം ഒരു തികവുറ്റ ദൈവജ്ഞാനിയുടെ വായിൽനിന്ന് പുറപ്പെടുന്നതല്ല. എന്നല്ല, ഭൂമിയിലുള്ള വസ്തുക്കളിൽ ചിലത് ശരീഅത്തിന്റെ കല്പനകൾ അനുസരിക്കുന്നു. ചിലത് നിയതി നിയമത്തിന്റെ കല്പനകൾക്ക് വിധേയമാണ്. ചിലത് രണ്ടിന്റേയും അനുസരണത്തിൽ പ്രവർത്തനബദ്ധമാണ്. മേഘം, വായു, അഗ്നി, ഭൂമി എല്ലാം തന്നെ അല്ലാഹുവിനോടുള്ള അനുസരണത്തിലും സ്തോത്രത്തിലും ലയിച്ചിരിക്കുന്നു. ആരെങ്കിലും ശരീഅത്ത് കല്പനകളുടെ ധിക്കാരിയാണെങ്കിൽ അവൻ നിയതിനിയമത്തിന്റെ കല്പനകൾക്ക് വിധേയനാണ്. ഈ രണ്ട് ഭരണാധിപത്യങ്ങൾക്കും വെളിയിൽ ആരുമില്ല. ആകാശീയ ഭരണത്തിന്റെ ഏതെങ്കിലും നുകം ഓരോരുത്തരുടേയും പിരടിയിലുണ്ട്. എന്നാൽ, മനുഷ്യഹൃദയങ്ങളുടെ നന്മകളും തിന്മകളും അനുസരിച്ച് അശ്രദ്ധയും ദൈവസ്മരണയും ഘട്ടം ഘട്ടമായി ഭൂമിയിൽ അതിന്റെ വിജയം വരിക്കുന്നു. പക്ഷേ ദൈവികമായ യുക്തിയും ഔചിത്യവും ഇല്ലാതെ ഈ ഏറ്റിറക്കം സ്വയം സംഭാവ്യമല്ല. ഭൂമിയിൽ അങ്ങനെയുണ്ടാകണമെന്ന് അല്ലാഹു ഇച്ഛിച്ചാൽ അതങ്ങനെതന്നെ ഉണ്ടാകും. നേർമാർഗത്തിന്റേയും വഴികേടിന്റേയും കാലവും ദിനരാത്രങ്ങളുടെ കാലംപോലെ ദൈവത്തിന്റെ നിയമവും നിർദേശവും അനുസരിച്ചാണ് നടന്നുവരുന്നത്; സ്വയമല്ല. ഓരോ വസ്തുവും അവന്റെ ശബ്ദം ശ്രവിച്ചുകൊണ്ടിരുന്നിട്ടും അവന്റെ പരിശുദ്ധി വാഴ്ത്തിക്കൊണ്ടിരുന്നിട്ടും ഭൂമി ദൈവത്തിന്റെ പ്രകീർത്തനത്തിൽനിന്ന് ശൂന്യമാണെന്നാണോ ബൈബിൾ പറയുന്നത്? ഇഞ്ചീലിലുള്ള പ്രസ്തുത പ്രാർഥനയുടെ അടുത്ത വചനത്തിൽ അതിനുള്ള കാരണം ഒരു സൂചനയെന്നോണം വിവരിക്കപ്പെട്ടിരിക്കുന്നു. അതായത് ദൈവത്തിന്റെ രാജ്യവാഴ്ച ഇപ്പോൾ ഭൂമിയിൽ വന്നിട്ടില്ല. അവന് ഭൂമിയിൽ രാജ്യവാഴ്ച ഇല്ലാത്തതുകൊണ്ട്

(ശേഷം പേജ് 8ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-7

**ഇബാദത്ത്:**

(തുടർച്ച) ഇഖാമത്തുസ്സ്വലാത്തിന്റെ നാലാമത്തെ അർഥം ജമാഅത്തായി നമസ്കരിക്കുക എന്നാണ്. ജമാഅത്തായ നമസ്കാരം തുടങ്ങുന്നതിനുമുമ്പേ ഇഖാമത്ത് കൊടുക്കാറുണ്ട്. അല്ലാഹുവിനെ ആരാധിക്കുക എന്നതു മാത്രമല്ല നിങ്ങൾക്ക് ഫർള് എന്നും പ്രത്യുത ജമാഅത്തോടുകൂടി നമസ്കരിക്കുന്നതും ഫർളാണെന്നും അല്ലാഹു പറയുന്നതിലേക്കുള്ള സൂചനയും കൂടിയാണ് ഇതിലുള്ളത്. പറഞ്ഞതിന്റെ ഉദ്ദേശ്യം നാം നിങ്ങൾക്ക് ആരാധനയ്ക്കുള്ള കല്പന മാത്രമല്ല തരുന്നത് പ്രത്യുത ജമാഅത്തോടുകൂടി നമസ്കരിക്കാനാണ് കല്പിക്കുന്നത്. ഇതിനു കാരണം ഇസ്‌ലാം വ്യക്തിപരമായ മതമല്ല. പ്രത്യുത സാമൂഹികമായ മതമാണെന്നതാണ്. ബാക്കിയുള്ള എല്ലാ മതങ്ങളിലും വ്യക്തികൾ സ്വന്തംനിലയിൽ ആരാധന നടത്തുകയാണെങ്കിൽ അവൻ വലിയ യോഗീവര്യനും വലിയ ആരാധകനും പാപങ്ങൾ വർജിക്കുന്നവനും വലിയ ദൈവജ്ഞാനിയുമായി കരുതപ്പെടുന്നു. ഇക്കൂട്ടർക്കാണ് ദൈവസാമീപ്യവും അവന്റെ കൂടിക്കാഴ്ചയും കരസ്ഥമായിട്ടുള്ളത്. എന്നാൽ, ഇസ്‌ലാം പറയുന്നു. ഒരാൾ ജമാഅത്തായി നമസ്കരിക്കുന്നില്ലെങ്കിൽ തനിച്ച് എത്രമാത്രം ആരാധനകൾ നടത്തിയാലും അവനെയൊരിക്കലും പുണ്യവാനെന്നോ വിശുദ്ധനെന്നോ മനസ്സിലാക്കപ്പെടുകയില്ലെന്നാണ്. അവനൊരിക്കലും ജനതയിൽ ആദരവിന്റെ സ്ഥാനം നല്കപ്പെടുകയില്ല. ഇത് ഇസ്‌ലാമിലും അന്യമതങ്ങളിലും കാണപ്പെടുന്ന വളരെ വലിയ വ്യത്യാസമാണ്.

തനിച്ചിരുന്ന് ആരാധന നടത്തുന്ന കാരണത്താൽ മഹാത്മാക്കളായി അംഗീകരിക്കുന്ന ഇതര ജനതകളെ ഇസ്‌ലാം മതപരിത്യാഗിയും തിരസ്കൃതനുമെന്നുമാണ് പറയുന്നത്. ലോകം അവരെ ദൈവത്തിനിഷ്ടപ്പെട്ടവർ എന്നു മനസ്സിലാക്കുന്നു. ഇസ്‌ലാമാണെങ്കിൽ അവരെ അല്ലാഹുവിൽനിന്ന് ദൂരത്ത് മനസ്സിലാക്കുന്നു. കാരണം അഖീമുസ്സ്വലാത്ത് എന്ന് ഇസ്‌ലാം പറയുന്നു. നാം നിങ്ങൾക്ക് നമസ്കരിക്കാൻ മാത്രമല്ല കല്പന നല്കിയിട്ടുള്ളത്, മറിച്ച് നമ്മുടെ കല്പന നിങ്ങൾ ജനങ്ങളുമായി ചേർന്ന് നമസ്കരിക്കുക എന്നാണ്. നിങ്ങളുടെ അവസ്ഥ മാത്രം നന്നാക്കിയാൽ പോരാ, പ്രത്യുത മുഴുവൻ ജനതയ്ക്കും കൈത്താങ്ങായി അവരുടെ ആത്മീയത ഉയർത്തുക. ജനതയിൽനിന്ന് അകന്നുപോകാതെ അവരോടൊപ്പം കഴിയുക. സമർഥനായ കാവൽക്കാരനെപോലെ അവരുടെ സൽസ്വഭാവത്തിനും ആത്മീയതയ്ക്കും കാവൽ നില്ക്കുക. (തഫ്സീറെ കബീർ, വാല്യം 6, ഭാഗം 4, പേജ് 385-386)

ഇഖാമത്തിന്റെ അഞ്ചാമത്തെ അർഥം വീഴാൻ പോകുന്ന ഏതെങ്കിലും വസ്തുവിനെ പിടിച്ചുനിറുത്തുക എന്നാണ്. അതിനെ വീഴാൻ വിടാതിരിക്കുക. അതായത് നമസ്കാരത്തെ നിലനിറുത്തുന്നതിൽ വ്യാപൃതരായിരിക്കേണ്ടതാണ്. മനുഷ്യൻ ഒരേ അവസ്ഥയിൽ ഇരിക്കുകയില്ലെന്നുള്ള സൂചനയാണിത്. ചില നേരങ്ങളിൽ അവൻ നമസ്കാരത്തിൽ പ്രയാസകരമായ ചിന്തകൾകൊണ്ടും പൊറുതിമുട്ടുന്നു. പക്ഷേ, അവൻ അതിൽ നിരാശപ്പെടരുത്. തന്റെ നമസ്കാരത്തെ പാഴ്‌വസ്തുവായി മനസ്സിലാക്കുകയുമരുത്. എന്നല്ല നേരാംവണ്ണം നിർവഹിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. കാരണം മനുഷ്യരിൽനിന്ന് അവർക്ക് താങ്ങാൻ പറ്റുന്നവിധത്തിലുള്ള ത്യാഗമാണ് അല്ലാഹു പ്രതീക്ഷിക്കുന്നത്. അതുകൊണ്ട് പലവിധ ചിന്തകളാൽ അലങ്കോലപ്പെട്ടുപോകുന്ന നമസ്കാരക്കാരൻ, നമസ്കാരത്തിൽ ശ്രദ്ധ നിലനിറുത്താൻ കഴിയാത്ത നമസ്കാരക്കാരൻ തന്റെ നമസ്കാരത്തെ നല്ലരീതിയിലും ശ്രദ്ധിച്ചും അനുഷ്ഠിക്കാൻ ശ്രദ്ധിച്ചുകൊണ്ടിരുന്നാൽ- കാരണം അവൻ തന്റെ നമസ്കാരത്തെ അത് അതിന്റെ യഥാർഥ സ്ഥാനത്തുനിന്ന് വീഴുമ്പോഴെല്ലാം പിടിച്ചെഴുന്നേല്പിച്ചുനിറുത്താൻ ശ്രമിക്കുന്നു. അല്ലാഹു അവന്റെ നമസ്കാരം നഷ്ടപ്പെടുത്തിക്കളയുകയില്ല. നിഷ്ഫലമാക്കുകയുമില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

മുത്തഖി അല്ലാഹുവിനെ ഭയപ്പെടുന്നു. അവൻ നമസ്കാരം നിലനിറുത്തുന്നു. ആ അവസ്ഥയിൽ വിവിധതരത്തിലുള്ള ദുർബോധനങ്ങളും അപായങ്ങളുമുണ്ടാകുന്നു. അതുണ്ടായി അവന്റെ സന്നിധിയിൽ തടസമായിത്തീരുന്നു. നമസ്കാരത്തെ വീഴ്ത്തിക്കളയുന്നു. പക്ഷേ, മുത്തഖി ആത്മാവിന്റെ ഈ വടംവലിയിലും നമസ്കാരത്തെ നിലനിറുത്തുന്നു. ഇടയ്ക്ക് നമസ്കാരം വീഴുന്നു. എന്നാൽ, അവൻ വീണ്ടും അതിനെ എഴുന്നേല്പിച്ചുനിറുത്തുന്നു. ബുദ്ധിമുട്ടിയും പരിശ്രമിച്ചും ആവർത്തിച്ച് തന്റെ നമസ്കാരത്തെ നിലനിറുത്തുന്ന അവസ്ഥയായിരിക്കും അവന്റേത്. അവസാനം അല്ലാഹു തന്റെ ഈ വചനം മുഖേന സന്മാർഗം പ്രദാനം ചെയ്യുന്നു. അവന്റെ സന്മാർഗമെന്താണ്? ആ നേരത്ത് യുഖീമൂനസ്സ്വലാത്ത എന്നതിനു പകരം ഇങ്ങനെ അവന്റെ അവസ്ഥയായിത്തീരുന്നു. അതായത് അവൻ ആ ദുർബോധനങ്ങളുടേയും വടംവലിയുടേയും ജീവിതത്തിൽനിന്ന് പുറത്തുവരുന്നു. അല്ലാഹു അദൃശ്യമാർഗത്തിലൂടെ അവന് ആ സ്ഥാനം പ്രദാനം ചെയ്യുന്നു; അതിനെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. ചിലയാളുകൾ നമസ്കാരം അവർക്ക് ഭക്ഷണമാകുംവിധം സമ്പൂർണരായിത്തീരുന്നു. കഠിനമായ ദാഹമുള്ളപ്പോൾ തണുത്തവെള്ളം കിട്ടുന്നതുപോലെ അവർക്ക് നമസ്കാരത്തിൽ ആനന്ദവും അഭിരുചിയും നല്കപ്പെടുന്നു. കാരണം അവർ അങ്ങേയറ്റം താൽപര്യത്തോടെ അത് കുടിക്കുന്നു. നല്ലവണ്ണം വയറുനിറച്ച് ആനന്ദം കരസ്ഥമാക്കുന്നു. അല്ലെങ്കിൽ കഠിനമായ വിശപ്പിന്റെ നേരത്ത് രുചികരമായ ഭക്ഷണം കിട്ടുന്നതുപോലെ! അത് തിന്ന് അവൻ വളരെ സന്തോഷിക്കുന്നു. ഇതേ അവസ്ഥയാണ് നമസ്കാരത്തിലുമുണ്ടാകുന്നത്. ആ നമസ്കാരം അവന് ഒരുതരത്തിലുള്ള ലഹരിയായിത്തീരുന്നു. അതില്ലെങ്കിൽ കഠിനമായ സങ്കടവും വിഷമവും അനുഭവിക്കുന്നു. പക്ഷേ, നമസ്കാരം നിർവഹിക്കുന്നതുകൊണ്ട് അവന്റെ മനസ്സിൽ ഒരു പ്രത്യേക സന്തോഷവും കുളർമയും അനുഭവപ്പെടുന്നു. അതെല്ലാവർക്കും പ്രാപിക്കാൻ കഴിയുകയില്ല. വാക്കുകളിൽ ആ ആസ്വാദനം വിവരിക്കാനും പറ്റുകയില്ല. മനുഷ്യൻ അഭിവൃദ്ധിപ്പെട്ട് ആ അവസ്ഥയിൽ എത്തിച്ചേരുന്നു; അല്ലാഹുവിനോട് അവന് വ്യക്തിഗതമായ ബന്ധമുണ്ടാകുന്നു. അവന് നമസ്കാരം നിലനിറുത്തേണ്ട ആവശ്യം വരുന്നില്ല. കാരണം ആ നമസ്കാരം അവന്റെ നിലനില്പായിത്തീരുന്നു. എപ്പോഴും നിലനില്ക്കുകയും ചെയ്യുന്നു. അതിൽ ഒരു സ്വാഭാവികമായ അവസ്ഥ ഉണ്ടായിത്തീരുന്നു. അത്തരം മനുഷ്യന്റെ ഇഷ്ടം അല്ലാഹുവിന്റെ ഇഷ്ടമായിരിക്കും. മനുഷ്യന്റെ സ്നേഹം അല്ലാഹുവിൽനിന്നുള്ള സ്നേഹത്തിന്റെ വ്യക്തിഗതമായ വർണം ഉൾക്കൊള്ളുന്നു. അതിൽ ഒരു കാപട്യമോ കൃത്രിമമോ ഉണ്ടാകുകയില്ല. ഏതുരീതിയിൽ മൃഗങ്ങളും മറ്റു മനുഷ്യരും തിന്നുന്നതിലും കുടിക്കുന്നതിലും മറ്റു വികാരങ്ങളിൽനിന്ന് രുചി ആസ്വദിക്കുന്നുവോ അതിനെക്കാളുമുപരിയായി ആ മുഅ്മിൻ മുത്തഖി നമസ്കാരത്തിൽ രുചി ആസ്വദിക്കുന്നു.

നമസ്കാരം എല്ലാ അഭിവൃദ്ധിയുടേയും വേരും കോണിപ്പടിയുമാണ്. അതുകൊണ്ടാണ് നമസ്കാരം മുഅ്മിന്റെ മിഅ്റാജാണെന്ന് പറഞ്ഞിട്ടുള്ളത്. ഈ ലോകത്ത് ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ഔലിയാഉല്ലായും, സത്യവാന്മാരും, അബ്ദാലുകളും, ഖുത്ബീംകളും കഴിഞ്ഞുകടന്നിട്ടുണ്ട്. അവർ ഈ പദവികൾ എങ്ങനെയാണ് കരസ്ഥമാക്കിയത്? ഇതേ നമസ്കാരം മുഖേനതന്നെ. നബി(സ) തിരുമേനി പറയുന്നു. ഖുർറത്തു അയ്നീ ഫിസ്സ്വലാത്ത് എന്റെ കണ്ണുകളുടെ കുളിർമ നമസ്കാരത്തിലാണ്. യഥാർഥത്തിൽ മനുഷ്യൻ ഈ സ്ഥാനത്തും പദവിയിലുമെത്തുമ്പോൾ അവനുള്ള സമ്പൂർണവും തികവുറ്റതുമായ ആസ്വാദനം നമസ്കാരംതന്നെയായിരിക്കും. ഈ അർഥംതന്നെയാണ് നബി(സ)തിരുമേനിയുടെ ആ നിർദേശത്തിന്റേതും. അതിനാൽ ആത്മാവിന്റെ സംഘർഷങ്ങളിൽനിന്ന് മനുഷ്യൻ മോക്ഷം പ്രാപിച്ച് ഉന്നതമായ സ്ഥാനത്തെത്തിച്ചേരുന്നു.

ഓർക്കുക! യുഖീമൂനസ്സ്വലാത്ത എന്നത് നമസ്കാരം താൽപര്യമില്ലാതേയും സംഘർഷത്തിലും നിർവഹിക്കുന്ന ആ തുടക്കത്തിലുള്ള പദവിയും ഘട്ടവുമാണ്. പക്ഷേ, ഈ ഗ്രന്ഥത്തിന്റെ(വിശുദ്ധ ഖുർആൻ)നിർദേശം ഈ ഘട്ടത്തിൽനിന്ന് മുക്തിനേടി നമസ്കാരം ഖുർറത്തുൽഅയ്ൻ ആകുന്ന സ്ഥാനത്തെത്തുന്നവർക്കാണ്.

**സ്വലാത്തിന്റെ അർഥം:**

സ്വലാത്ത് എന്നതിന്റെ അർഥം ഇളകുക, തീയെ ഇളക്കുക എന്നാണ്. അതിന്റെ അടിസ്ഥാനത്തിൽ നമസ്കാരത്തിന് സ്വലാത്ത് എന്ന് പറയപ്പെട്ടിരിക്കുന്നത്, നമസ്കാരവും മനുഷ്യനെ സന്നദ്ധനും ഫർളിനെ (നിർബന്ധമാക്കപ്പെട്ടതിനെ)തിരിച്ചറിയുന്നവനും ആക്കുന്നതുകൊണ്ടാണ്. അലസനും മടിയനുമായിരിക്കാൻ അനുവദിക്കുകയില്ല. നമസ്കരിക്കുന്ന മനുഷ്യൻ അല്ലാഹുവിനോടു അവന്റെ ദാസരോടുമുള്ള കടമകൾ നിർവഹിക്കുന്നതിന് എപ്പോഴും സന്നദ്ധനും തയ്യാറുമായിരിക്കും. മടിയോടും അലസതയോടും അവന് വെറുപ്പുണ്ടാകുന്നു.

സ്വലാത്ത് എന്ന പദം സ്വലയുൻ എന്നതിൽനിന്നാണ്. അതിന്റെ അർഥം കത്തുക, വറക്കുക എന്നാണ്. ഈ അർഥങ്ങളുടെ അടിസ്ഥാനത്തിൽ നമസ്കാരത്തിനു സ്വലാത്ത് എന്നു പറയുന്നത് അതുമുഖേന ദൈവസ്നേഹത്തിന് ചൂടുകിട്ടുന്നു എന്നതാണ്. മാത്രമല്ല സ്വൂഫീവര്യന്മാർ പറഞ്ഞിട്ടുള്ളത്, കബാബ് ചുട്ടെടുക്കുന്നതുപോലെ നമസ്കാരത്തിലും സ്നേഹത്തിന്റെ ജ്വലനം അനിവാര്യമാകുന്നു എന്നാണ്. മനസ്സ് വറുത്തെടുത്തതുപോലെ ആകാത്തിടത്തോളം നമസ്കാരത്തിൽ ആനന്ദാനുഭൂതിയും സന്തോഷവുമുണ്ടാകുകയില്ല.

സ്വലാത്തിന്റെ ഒരു അർഥം പ്രേമപരമായ പ്രാർഥനയെന്നും നിലവിളിയെന്നുമാണ്. നമസ്കാരത്തിന്റെ സത്തും അതിന്റെ ആത്മാവും ദുആയാണ്. അതായത് നമസ്കാരത്തിൽ മനുഷ്യൻ അല്ലാഹുവിന്റെ സ്നേഹത്തിന്റെ യാചകനായിക്കൊണ്ട് അവന്റെ ദർബാറിൽ വരുന്നു. അതുകൊണ്ട് നമസ്കാരത്തെ സ്വലാത്ത് അതായത് ശരീരധാരിയായ പ്രാർഥന എന്നു പറയപ്പെട്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരു പ്രാവശ്യം ഞാൻ സ്വലാത്തിലും ദുആയിലുമുള്ള വ്യത്യാസമെന്താണെന്ന് ചിന്തിച്ചു. ഹദീഥിൽ വന്നിരിക്കുന്നു:അസ്സ്വലാത്തു ഹിയദ്ദുആ വസ്സ്വലാത്തു മുഖ്ഖുൽ ഇബാദത്തി നമസ്കാരംതന്നെയാണ് ദുആ. നമസ്കാരം ഇബാദത്തിന്റെ കാമ്പാണ്. മനുഷ്യന്റെ പ്രാർഥന ഭൗതികകാര്യങ്ങൾക്കുവേണ്ടി മാത്രമാകുമ്പോൾ അതിന്റെ പേര് സ്വലാത്ത് എന്നല്ല. പക്ഷേ, മനുഷ്യൻ അല്ലാഹുവുമായി കാണാനാഗ്രഹിക്കുകയും അവന്റെ തൃപ്തിയെ പരിഗണിക്കുകയും മര്യാദ, വണക്കം, വിനയം, അങ്ങേയറ്റം ലയനത്തോടുകൂടി അല്ലാഹുവിന്റെ തിരുസന്നിധിയിൽനിന്ന് അവന്റെ തൃപ്തി ആവശ്യപ്പെടുമ്പോൾ, അപ്പോഴാണ് അവൻ സ്വലാത്തിൽ ആയിരിക്കുന്നത്. യഥാർഥ ദുആ എന്നു പറയുന്നത് അതുമുഖേന അല്ലാഹുവിനും മനുഷ്യനുമിടയിലുള്ള ബന്ധം വർധിക്കുക എന്നതാണ്. ഈ ദുആ തന്നെയാണ് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നതിനുള്ള മാർഗമാകുന്നത്. മനുഷ്യനെ ബുദ്ധിപരമല്ലാത്ത കാര്യങ്ങളിൽനിന്നകറ്റുന്നു. മനുഷ്യൻ ദൈവതൃപ്തി കരസ്ഥമാക്കുക എന്നതാണ് യഥാർഥ കാര്യം. അതിനുശേഷം മനുഷ്യന് തന്റെ ഭൗതികാവശ്യങ്ങൾക്കുവേണ്ടി ദുആ ചെയ്യുന്നതും അനുവദനീയമാക്കപ്പെട്ടിരിക്കുന്നു. ഭൗതികമായ പ്രയാസങ്ങൾ ചിലപ്പോൾ ദീനീപരമായ കാര്യങ്ങളിൽ വിഘ്നമാകുന്നതുകൊണ്ടാണ് അനുവദനീയമാക്കപ്പെട്ടിരിക്കുന്നത്. പ്രത്യേകിച്ചും ദോഷങ്ങളുടേയും വക്രതകളുടേയും കാലഘട്ടത്തിൽ ഇക്കാര്യങ്ങൾ വഞ്ചനയ്ക്ക് നിമിത്തമായിത്തീരുന്നു. സ്വലാത്ത് എന്ന പദം കൊടും താപത്തിന്റെ അർഥത്തിലധിഷ്ഠിതമാണ്. തീയിൽനിന്ന് ജ്വലനമുണ്ടാകുന്നതുപോലെയുള്ള ജ്വലനം ദുആയിൽ ഉണ്ടാകേണ്ടതാണ്. അത്തരം അവസ്ഥയിലെത്തുമ്പോൾ-മരണത്തിന്റെ അവസ്ഥപോലെ-അതിന്റെ പേരാണ് നമസ്കാരം. **(തുടരും)**

# ഖുത്ബ ജുമുഅ

**ഹദ്റത്ത് അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ സാഅദിയുടേയും അബൂസൽമ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദിന്റേയും ജീവിതചരിത്രവും ഈമാൻ ദൃഢീകരിക്കുന്ന അവരുടെ ജിവിത സംഭവങ്ങളും. അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികളെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവർ ചെയ്ത നന്മകൾ ചെയ്യാനുള്ള കഴിവ് അല്ലാഹു നമുക്കും പ്രദാനം ചെയ്യുമാറാകട്ടെ.**

**രാജ നസീർ അഹ്മദ് സാഹിബ് നാസിർ,(മുൻനാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ റബ്‌വ) മഹ്ബൂബ് അഹ്മദ് സാഹിബിന്റെ മകൻ മുബീൻ അഹ്മദ് സാഹിബ്, മുഹമ്മദു സഫ്റുല്ലാഹ് സാഹിബ് എന്നിവരുടെ വഫാത്തും അനുസ്മരണവും ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ജൂലായ് 13/1397 വഫാ 13**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇന്നു ഞാൻ രണ്ടു സ്വഹാബിമാരെക്കുറിച്ചാണ് വിവരിക്കുന്നത്. ഒരു സ്വഹാബി, ഹദ്റത്ത് അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ സാഅദിയാണ്. അബൂ ഉസയ്ദ് എന്ന സംജ്ഞാനാമത്താൽ പ്രസിദ്ധനാണദ്ദേഹം. അദ്ദേഹത്തിന്റെ പേര് ഹിലാൽ ബിൻ റബീഅ എന്നാണെന്നും ചിലർ പറഞ്ഞിട്ടുണ്ട്. ഖസ്റജ് ഗോത്രത്തിന്റെ ശാഖയായ ബനൂ സഅ്ദഃയുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. (അസദുൽഗാബ, വാള്യം 5, പേജ് 13, അബൂ ഉസയ്ദുസ്സാഅദി, മത്ബൂഅഃ ദാറുൽ ഫിക്ർ ബേറൂത്ത് 2003)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 5, പേജ് 535, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്)

ഹദ്റത്ത് അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ പൊക്കം കുറഞ്ഞ ആളായിരുന്നു. അദ്ദേഹത്തിന്റെ തലയും താടിയും നരച്ചു വെളുത്തിരുന്നു. മുടി ഇടതൂർന്നതായിരുന്നു. വാർധക്യമായപ്പോഴേക്കും അദ്ദേഹത്തിന് കാഴ്ച നഷ്ടപ്പെട്ടു. ഹിജ്റ 60 ന് ഹദ്റത്ത് മുആവിയായുടെ കാലഘട്ടത്തിൽ 75-ാമത്തെ വയസ്സിലാണ് വഫാത്തായത്. ബദ്ർ യുദ്ധത്തിൽ പങ്കെടുത്ത അൻസ്വാർ സ്വഹാബാക്കളിൽ ഏറ്റവും ഒടുവിൽ വഫാത്തായ സ്വഹാബിയായിരുന്നു ഇദ്ദേഹം. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 5, പേജ് 536, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത്) (അസദുൽഗാബ, വാള്യം 5, പേജ് 22, മാലിക് ബിൻ റബീഅ, മത്ബൂഅഃ ദാറുൽ ഫിക്ർ ബേറൂത്ത് 2003)

ഹദ്റത്ത് അബൂ ഉസയ്ദ്(റ) ബദ്ർ, ഉഹുദ്, ഖന്തക്ക് തുടങ്ങിയ എല്ലാ യുദ്ധങ്ങളിലും നബി(സ) തിരുമേനിയോടൊപ്പം പങ്കെടുത്തിരുന്നു. മക്കാ വിജയവേളയിൽ ബനൂസഅ്ദഃ ഗോത്രത്തിന്റെ പതാകയേന്തിയത് ഇദ്ദേഹമായിരുന്നു. (അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 286, അബൂഉസയ്ദുസ്സാഅദി, ദാറു അഹ് യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദിൽ നിന്ന് നിവേദനം: ഹദ്റത്ത് അബൂ ഉസയ്ദ് സാഅദി, നബി(സ)തിരുമേനിയെ തന്റെ വിവാഹസൽക്കാരത്തിനു ക്ഷണിച്ചു. അന്ന് അദ്ദേഹത്തിന്റെ ഭാര്യ നബി(സ)തിരുമേനിയുടെ സേവകയായിരുന്നു; അവർ ആയിരുന്നു വധുവും. വളരെ ലളിതമായ വിവാഹമായിരുന്നു. വിവാഹസൽക്കാരത്തിൽ ഭക്ഷണം പാകം ചെയ്യുകയും serve ചെയ്യുകയും ചെയ്തിരുന്നത് വധു തന്നെയായിരുന്നു. ഹദ്റത്ത് സഹ്ൽ പിന്നീട് ചോദ്യം ചോദിച്ച് സ്വയം മറുപടി നല്കുന്നതു കാണുക: അല്ലെങ്കിൽ അദ്ദേഹത്തിന്റെ രീതി അങ്ങനെയാണ്. നബി(സ)തിരുമേനിക്ക് അവരെന്താണ് കുടിപ്പിച്ചതെന്ന് നിങ്ങൾക്കറിയുമോ? അവർ അവിടത്തേക്കുവേണ്ടി രാത്രി ഒരു പാത്രത്തിൽ ഈത്തപ്പഴം വെള്ളത്തിലിട്ടുവച്ചു. അവിടന്ന് ഭക്ഷണം കഴിച്ചു കഴിഞ്ഞപ്പോൾ അവർ ശർബ്ബത്ത് കുടിപ്പിച്ചു.(സ്വഹീഹ് മുസ്‌ലിം, കിതാബുൽ അശ്റബ ഹദീഥ് 5233).

നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഒരിക്കൽ കുറച്ചു തടവുകാരെ കൊണ്ടുവന്നു. അവരിൽനിന്നുള്ള ഒരു സ്ത്രീ കരയുന്നത് നബി(സ)തിരുമേനി കണ്ടു. നീ കരയുന്നതെന്തിനെന്ന് അവിടന്ന് അവരോടു ചോദിച്ചു. എന്റെ മകനെ അബസ് ഗോത്രത്തിനുവിറ്റ് എന്റേയും എന്റെ മകന്റേയുമിടയിൽ ഇവർ അകൽച്ചയുണ്ടാക്കിയിരിക്കുന്നുവെന്ന് അവൾ പറഞ്ഞു. അവിടന്ന് തടവുകാരുടെ ഉടമയെ വിളിച്ചു. അബൂ ഉസയ്ദ് സാഇദിയായിരുന്നു അത്. താങ്കൾ ഇവളുടേയും ഇവളുടെ മകന്റേയുമിടയിൽ അകൽച്ച ഉണ്ടാക്കിയോ എന്ന് നബി(സ)തിരുമേനി ചോദിച്ചു. അദ്ദേഹം പറഞ്ഞു: ആ കുട്ടിക്ക് നടക്കാൻ കഴിയുമായിരുന്നില്ല. ഇവർക്കാണെങ്കിൽ അവനെ എടുത്തു നടക്കാനും കഴിഞ്ഞില്ല. അതുകൊണ്ട് ഞാൻ അവനെ അബസ് ഗോത്രത്തിൽ വിറ്റു. നബി(സ)തിരുമേനി പറഞ്ഞു: താങ്കൾ നേരിട്ടുപോയി അവനെ കൂട്ടിക്കൊണ്ടുവരിക! അങ്ങനെ ഹദ്റത്ത് അബൂ ഉസയ്ദ് പോയി കുട്ടിയെ തിരിച്ചുകൊണ്ടുവന്നു. അവന്റെ മാതാവിനെ ഏൽപിച്ചു.(ശർഫുൽമുസ്തഫാ, വാള്യം 4, പേജ് 400, ജാമിഅ അബ് വാബ് സിഫത്തെ അഖ്‌ലാഖഃ വ ആദാബഃ(സ)ഹദീഥ് 1649 പ്രസാധകർ അൽബശാഇറുൽ ഇസ് ലാമിയ്യ മക്ക 2003)

നബി(സ)തിരുമേനി പറഞ്ഞു:അവളിൽ ശക്തിയുണ്ടാവട്ടെ ഇല്ലാതിരിക്കട്ടെ, തടവുകാരിയാവട്ടെ അടിപ്പെണ്ണാവട്ടെ, കുട്ടി കാരണത്താൽ അവളെ ബുദ്ധിമുട്ടിക്കാൻ പാടില്ല.

നബി(സ)തിരുമേനി ഒരിക്കൽ കുതിരകളുടേയും ഒട്ടകങ്ങളുടേയും ഓട്ടമത്സരം നടത്തി. ബിലാൽ യാത്ര ചെയ്തിരുന്ന നബി(സ)തിരുമേനിയുടെ ഒട്ടകം എല്ലാ ഒട്ടകത്തെക്കാളും മുന്നിലെത്തി. നബി(സ)തിരുമേനിയ്ക്ക് ഒരു കുതിര ഉണ്ടായിരുന്നു. കുതിര ഓട്ട മത്സരം നടന്നപ്പോൾ അബൂ ഉസയ്ദ് സാഅദീ യാത്ര ചെയ്തിരുന്ന നബി(സ) തിരുമേനിയുടെ ഒട്ടകം ഒന്നാമതെത്തി. (ഇംതാഉൽ അസ്മാഉ്, വാള്യം 1, പേജ് 12, ഹമായത്തുന്നഖീഉ്ലി ഖയ്‌ലിൽ മുസ്‌ലിമീൻ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 1999)

ഹദ്റത്ത് സഹ്ൽ വിവരിക്കുന്നു: ഹദ്റത്ത് അബൂ ഉസയ്ദി(റ)ന് മുൻദിർ ബിൻ അബൂ ഉസയ്ദ് ജനിച്ചപ്പോൾ നബി(സ)തിരുമേനിയുടെ അടുത്ത് കുട്ടിയെ കൊണ്ടു വന്നു. അവിടന്ന് കുട്ടിയെ തന്റെ തുടയിലിരുത്തി. ആ നേരത്ത് ഹദ്റത്ത് അബൂഉസയ്ദ് ഇരുന്നതേയുള്ളു അപ്പോഴേക്കും തിരുമേനി ഏതോ കാര്യത്തിൽ വ്യാപൃതനായി. ഹദ്റത്ത് അബൂഉസയ്ദ് സൂചന നല്കിയപ്പോൾ ആളുകൾ മുൻദിറിനെ തുടയിൽ നിന്നെടുത്ത് കൊണ്ടുപോയി. തിരക്കു കഴിഞ്ഞപ്പോൾ കുട്ടി എവിടെ എന്ന് നബി(സ) തിരുമേനി ചോദിച്ചു. ഹദ്റത്ത് അബൂ ഉസയ്ദ്(റ)പറഞ്ഞു: "അല്ലാഹുവിന്റെ റസൂലേ, ഞങ്ങൾ അവനെ വീട്ടിലേക്കയച്ചു.' അവിടന്ന് ചോദിച്ചു അവന് എന്ത് പേരാണിട്ടത്? അബൂഉസയ്ദ് എന്തോ ഒരു പേരു പറഞ്ഞു. ഇന്ന പേരാണ് ഇട്ടതെന്ന്!അവിടന്ന് പറഞ്ഞു, അതുവേണ്ട. അവന്റെ പേര് മുൻദിർ എന്നാണ്. അവിടന്ന് ആ ദിവസം അദ്ദേഹത്തിന്റെ പേര് മുൻദിർ എന്നു വെച്ചു. (സ്വഹീഹുൽ ബുഖാരി, കിതാബുൽ അദബ്, ഹദീഥ് 6191)

വ്യാഖ്യാതാക്കൾ, നബി(സ)തിരുമേനി ആ കുട്ടിയുടെ പേര് മുൻദിർ എന്നു വെച്ചതിന്റെ കാരണം ഇങ്ങനെ വിവരിക്കുന്നുണ്ട്. ഹദ്റത്ത് അബൂ ഉസയ്ദിന്റെ പിതൃസഹോദരപുത്രന്റെ പേര് മുൻദിർ ബിൻ അംറ് എന്നായിരുന്നു. അദ്ദേഹം ബിഅ്‌രെ മൗഊനയിൽ ശഹീദായിരുന്നു. അതിനാൽ ഈ പേര് സൂചകമായി കണക്കാക്കിയിട്ടതാണ്. ഇദ്ദേഹം അദ്ദേഹത്തിന്റെ നല്ല പ്രതിനിധിയായിത്തീർന്നു. (ഫതഹുൽബാരി, ശർഹ് സ്വഹീഹുൽ ബുഖാരി, കിതാബുൽ മഗാസി, വാള്യം 7, പേജ് 497, ഹദീഥ് 4094, പ്രസാധകർ ഖദീമി കുതുബ് ഖാന ആരാംബാഗ് കറാച്ചി)

ഹദ്റത്ത് സുലയ്മാൻ ബിൻ യസാറിൽ നിന്ന് നിവേദനം: ഹദ്റത്ത് ഉഥ്മാനി(റ)ന്റെ ശഹാദത്തിനു മുമ്പേ ഹദ്റത്ത് അബൂ ഉസയ്ദുസ്സാഅദിയുടെ കാഴ്ച നഷ്ടപ്പെട്ടിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു: "അല്ലാഹുവിനു നന്ദി, നബി(സ)തിരുമേനിയുടെ പരിശുദ്ധ ജീവിതകാലത്ത് അവൻ എനിക്ക് കാഴ്ചശക്തി നല്കി. എല്ലാ അനുഗ്രഹങ്ങളും ഞാൻ ദർശിച്ചു. പിന്നീട് അല്ലാഹു ജനങ്ങളെ പരീക്ഷിക്കാൻ ആഗ്രഹിച്ചപ്പോൾ ഈ ദുരവസ്ഥവകൾ കാണാതിരിക്കാൻ എന്റെ കാഴ്ച ശക്തി അവൻ ഇല്ലാതാക്കുകയും ചെയ്തു."(അൽമുസ്തദർക്ക് അലസ്സ്വഹീഹയ്ൻ വാള്യം 3, പേജ് 591, കിതാബു മഅ്‌രിഫത്തുസ്സ്വഹാബ ഹദീഥ് 6189, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 1990)ആ ദുരവസ്ഥ കാണാതിരിക്കാൻ എന്റെ കണ്ണിന്റെ കാഴ്ച അവസാനിപ്പിച്ചു കളഞ്ഞു.

ഹദ്റത്ത് സഅ്ദ് ബിൻ അബീ വഖാസിന്റെ സ്വതന്ത്രനാക്കപ്പെട്ട അടിമയായിരുന്നു ഹദ്റത്ത് ഉഥ്മാൻ ഉബയ്ദുല്ലാഹ്. അദ്ദേഹം പറയുന്നു:'ഞാൻ ഹദ്റത്ത് ഇബ്നു ഉമർ, ഹദ്റത്ത് അബൂഹുറയ്റ, ഹദ്റത്ത് അബൂഖത്താദ, ഹദ്റത്ത് അബൂ ഉസയ്ദ് സാഅദി(റ) എന്നിവരെ മദ്രസയിൽ ഇരിക്കുമ്പോൾ പോകുന്നതുകണ്ടു. അവരിൽനിന്ന് അബീറിന്റെ സൗരഭ്യം പരന്നിരുന്നു.' ഇത് ഒരു സുഗന്ധമാണ്. കുങ്കുമവും മറ്റു പല വസ്തുക്കളും ചേർത്തുണ്ടാക്കുന്നതാണ്.(ഗ്രന്ഥ കർത്താ ഇബ്നു അബൂ ശയ്ബ, വാള്യം 6 പേജ് 216, കിതാബുൽഅദബ്, പ്രസാധകർ ദാറുൽ ഫിക്ർ ബേറൂത്ത്)

മർവാൻ ബിൻ ഹക്കം, ഹദ്റത്ത് അബൂ ഉസയ്ദ് സാഅദിയെ സ്വദഖ സമാഹരിക്കുന്ന ജോലി ഏല്പിക്കാറുണ്ടായിരുന്നു; അതായത്, അതു ശേഖരിച്ച് വിതരണം ചെയ്യുന്ന ജോലി. ഹദ്റത്ത് അബൂ ഉസയ്ദ് സാഅദി വാതിൽക്കൽ വരുമ്പോൾ ഒട്ടകത്തെ ഇരുത്തും. എല്ലാ സാധനങ്ങളും വിതരണത്തിനു

വേണ്ടി അദ്ദേഹത്തിനു നല്കും. കൊടുക്കുന്നതിൽ അവസാനത്തേത് ചുറുചുറുക്കുള്ളതായിരിക്കും. അതു നല്കിക്കൊണ്ടു പറയും: 'ഇത് നിങ്ങളുടെ ധനത്തിൽപ്പെട്ടതാണ്.' ഒരിക്കൽ ഹദ്റത്ത് അബൂ ഉസയ്ദ് സക്കാത്തിന്റെ സമ്പത്ത് വിതരണം ചെയ്യാൻ വന്നു. സാധനങ്ങളെല്ലാം വിതരണം ചെയ്തു തിരിച്ചു പോയി കിടന്നുറങ്ങിയ അദ്ദേഹം ഒരു പാമ്പ് തന്റെ കഴുത്തിൽ ചുറ്റിയിരിക്കുന്നതായി സ്വപ്നം കണ്ടു. അദ്ദേഹം ഞെട്ടി എഴുന്നേറ്റു കൊണ്ട് ചോദിച്ചു: വിതരണം ചെയ്യാനുള്ള സമ്പത്തിൽ എന്തെങ്കിലും വിട്ടു പോയോ?(പരിചാരികയോടോ ഭാര്യയോടോ ചോദിച്ചു). എനിക്കു വിതരണം ചെയ്യാൻ നല്കിയതിൽ എന്തെങ്കിലും കൊടുക്കാതിരുന്നിട്ടുണ്ടോ? അവർ പറഞ്ഞു: ഇല്ല. ഹദ്റത്ത് ഉസയ്ദ് പറഞ്ഞു: പിന്നെന്തുകൊണ്ടാണ് പാമ്പ് കഴുത്തിൽ ചുറ്റിയത്? എന്തെങ്കിലും വിട്ടുപോയിട്ടുണ്ടോ എന്ന് നോക്കുക. അവർ നോക്കിയിട്ട് പറഞ്ഞു, ഒട്ടകത്തെ കെട്ടുന്ന ഒരു കയറുണ്ട്. അതുകൊണ്ടാണ് ഒരു സഞ്ചിയുടെ വായ കെട്ടിയിരുന്നത്. അങ്ങനെ ഹദ്റത്ത് ഉസയ്ദ് ആ കയറും കൊണ്ടുപോയി തിരിച്ചുകൊടുത്തു.(ശഅബുൽ ഈമാൻ ലിൽബയ്ഹഖി, വാള്യം 5, പേജ് 167, ഹദീഥ് 3247).

ഈ സ്വഹാബാക്കളെ തഖ്‌വയുടെ അതിസൂക്ഷ്മമായ തലങ്ങളിൽവച്ചുകൊണ്ട് വിശ്വസ്തതയുടെ ഉത്തുംഗ പദവിയിലെത്തിക്കാനാണ് അല്ലാഹു ആഗ്രഹിച്ചിരുന്നത്. അതുകൊണ്ടുതന്നെ സ്വപ്നങ്ങളിലൂടെയും അവർക്ക് മാർഗദർശനം നല്കാറുണ്ടായിരുന്നു.

ഉമ്മാറ ബിൻ ഗിസിയ തന്റെ പിതാവിന്റെ ഈ വിവരണം രേഖപ്പെടുത്തുന്നു. കുറച്ചു യുവാക്കൾ ഹദ്റത്ത് അബൂ ഉസയ്ദിനോടു അൻസ്വാറുകളെ സംബന്ധിച്ച് നബി(സ)തിരുമേനി വിവരിച്ച ശ്രേഷ്ഠതകൾ എന്തൊക്കെയാണെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നബി(സ) ഇപ്രകാരം പറയുന്നതായി ഞാൻ കേട്ടു: 'അൻസ്വാറുകളിലെ എല്ലാ ഗോത്രങ്ങളിലുംവച്ച് ഏറ്റവും നല്ലത് ബനൂനജ്ജാറിന്റെ കുടുംബക്കാരാണ്. അതിനു ശേഷം ബനു അബ്ദുൽ അശ്അൽ, പിന്നീട് ബനൂ ഹാരിള് ബിൻ ഖസ്റജ്, അതു കഴിഞ്ഞാൽ ബനൂസാഇദ, അൻസ്വാറുകളിലെ എല്ലാ അവകാശം കൂടാതെ എന്തെങ്കിലും സ്വീകരിക്കുന്നവനായിരുന്നെങ്കിൽ ബനൂ സാഅദായിലെ ഏതെങ്കിലും കുടുംബത്തിൽനിന്ന് ആരംഭിക്കുമായിരുന്നു. (അൽമുസ്തദർക്ക് അലസ്സഹീഹയ്ൻ വാള്യം 3, പേജ് 592, കിതാബു മഅ്രിഫത്തുസ്സ്വഹാബ ഹദീഥ് 6194, മത്ബൂഅഃ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് 2002).

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് ചരിത്രമുദ്ധരിച്ചുകൊണ്ടു പറഞ്ഞു: അറേബ്യ വിജയിക്കുകയും ഇസ്‌ലാം വ്യാപിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ കുന്ത ഗോത്രത്തിലെ ഒരു സ്ത്രീ –അസ്മാ എന്നോ ഉമയ്മാ എന്നോ ആയിരുന്നു അവരുടെ പേര്, ജൗനിയ്യ എന്നോ ബിൻതുൽ ജൗൻ എന്നോ ആണെന്നും പറയപ്പെട്ടിട്ടുണ്ട്–അവളുടെ സഹദോരൻ ലുഖ്മാൻ നബി(സ)തിരുമേനിയുടെ സന്നിധിയിൽ തന്റെ ജനതയുടെ പ്രതിനിധി എന്ന നിലയിൽ ഹാജരായി. ആ നേരത്ത് തന്റെ സഹോദരിയുടെ വിവാഹം നബി(സ)തിരുമേനിയുമായി നടത്തണമെന്നും അയാൾ ആഗ്രഹിച്ചിരുന്നു. തന്റെ സഹോദരിയെ ഒരു ബന്ധുവിവാഹം കഴിച്ചിരുന്നുവെന്നും ഇപ്പോൾ വിധവയാണെന്നും വളരെ സൗന്ദര്യവതിയാണെന്നും നബിയ്ക്കു ചേർന്നയാളാണെന്നും അതുകൊണ്ട് നബി(സ)അവളെ വിവാഹം കഴിക്കണമെന്നും നബി(സ) തിരുമേനിയോടു അയാൾ അപേക്ഷിക്കുകയും ചെയ്തു. നബി(സ)തിരുമേനിക്ക് അറബ് ഗോത്രങ്ങളുടെ ഐക്യം എപ്പോഴും സമ്മതമായിരുന്നു. അതുകൊണ്ട് അവിടന്ന് ആ ക്ഷണം സ്വീകരിച്ചു. 12.5 ഔഖിയാ വെള്ളിയിൽ നിക്കാഹ് നടത്താൻ അവിടന്ന് പറഞ്ഞു. തന്റെ സമുദായത്തിലെ ആദരണീയരാണെന്നും വലിയ നേതാക്കാളാണെന്നും മഹർ കുറഞ്ഞുപോയെന്നും അയാൾ പറഞ്ഞു. അവിടന്ന് മറുപടി നല്കി: ഇതിനെക്കാൾ കൂടതുൽ ഞാൻ ഒരു ഭാര്യയ്ക്കും മകൾക്കും മഹർ കൊടുത്തിട്ടില്ല. അദ്ദേഹം ഇഷ്ടം അറിയിച്ചപ്പോൾ നിക്കാഹ് നടത്തി. ആരെയെങ്കിലും അയച്ച് ഭാര്യയെ വരുത്തിക്കൊള്ളാൻ അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി അബൂ ഉസയ്ദിനെ അതിനായി നിയോഗിച്ചു. അദ്ദേഹം അവിടെ പോയി. ജൗനിയ അദ്ദേഹത്തെ തന്റെ വീട്ടിൽ വിളിപ്പിച്ചു. അപ്പോൾ ഹദ്റത്ത് ഉസയ്ദ് പറഞ്ഞു: നബി(സ)തിരുമേനിയുടെ ഭാര്യമാർക്ക് പർദയുടെ കല്പന ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ അവർ രണ്ടാമത്തെ നിർദേശം ചോദിച്ചു. അത് അദ്ദേഹം അവരോടു പറഞ്ഞു. അവരെ ഒട്ടകപ്പുറത്തിരുത്തി മദീനയിൽ കൊണ്ടുവന്നു. ചുറ്റും ഈത്തപ്പനകളുള്ള ഒരു വീട്ടിൽ കൊണ്ടുവന്നു. വിവാഹം കഴിഞ്ഞ ആ സ്ത്രീയോടൊപ്പം അവരുടെ സൂതകർമിണിയേയും ബന്ധുക്കൾ അയച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: നമ്മുടെ നാട്ടിലും വധുവിനോടൊപ്പം ഒരു വീട്ടുജോലിക്കാരിയും പോകാറുണ്ട്. വലിയ ആളുകൾ അല്ലെങ്കിൽ സമ്പന്നർ അക്കാലത്ത് അങ്ങനെ അയക്കാറുണ്ടായിരുന്നു. ഇപ്പോൾ ആ സമ്പ്രദായമില്ല. വധുവിന് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ഉണ്ടാകാതിരിക്കാൻ പഴയകാലത്തുണ്ടായിരുന്നു. നബി(സ)തിരുമേനിയുമായി വിവാഹം നടന്ന ഈ സ്ത്രീ –അവരുടെ സഹോദരനാണല്ലോ വിവാഹം നടത്താൻ ആഗ്രഹം പ്രകടിപ്പിച്ചതും അങ്ങനെ നിക്കാഹ് നടന്നതും–സൗന്ദര്യവതിയായിരുന്നു. സ്ത്രീകൾക്ക് പൊതുവെ വധുവിനെ കാണുക എന്നത് ഏറെ താൽപര്യമുള്ള കാര്യമാണ്. മഹല്ലിനടുത്തുള്ള മറ്റു സ്ത്രീകൾ പുതിയപ്പെണ്ണിനെ കാണാൻ പ്രത്യേകം താൽപര്യം കാണിക്കാറുണ്ട്. മദീനയിലെ സ്ത്രീകളും പുതിയ പ്പെണ്ണിനെ കാണാൻ പോയി. അവരുടെ സൗന്ദര്യം പ്രസിദ്ധമായിക്കഴിഞ്ഞിരുന്നു. അവർ പിന്നീട് പറഞ്ഞതാണിത്: ആദ്യരാവിൽ ഭർത്താവിന്റെ അടുക്കൽ ഭാര്യപോകുമ്പോൾ അവൾ തന്റെ അന്തസ് കാണിക്കാറുണ്ടെന്ന് ആരോ പറഞ്ഞിരുന്നു. നബി(സ)തിരുമേനി നിന്റെ അടുക്കൽ വരുമ്പോൾ 'ഞാൻ താങ്കളിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു' എന്ന് പറയണമെന്ന് ആരോ അവരെ പറഞ്ഞു പഠിപ്പിച്ചു. അപ്പോൾ അദ്ദേഹം നിന്നിൽ കൂടുതൽ അനുരക്തനാകുമെന്നും പറഞ്ഞു! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: 'ഇക്കാര്യം ആ സ്ത്രീ മെനഞ്ഞെടുത്തതല്ലെങ്കിൽ അത്ഭുതപ്പെടാനൊന്നുമില്ല. ഏതെങ്കിലും കപടവിശ്വാസി തന്റെ ഭാര്യമുഖേനയോ മറ്റേതെങ്കിലും ബന്ധുമുഖേനയോ ഈ ദ്രോഹം ചെയ്തതാകാം. അവർ വന്ന വിവരം നബി(സ)തിരുമേനി അറിഞ്ഞപ്പോൾ അവർക്കുവേണ്ടി തയ്യാറാക്കിയ വീട്ടിലേക്ക് നബി(സ)തിരുമേനി വന്നു. ഹദീഥുകളിൽ എഴുതിയിരിക്കുന്നു: നബി(സ)തിരുമേനി അവരുടെ അടുത്തു വന്നപ്പോൾ നീ നിന്റെ മനസ്സ് എനിക്കു തെണ്ടമാക്കുക എന്നു പറഞ്ഞു. അവർ പറഞ്ഞു: ഏതെങ്കിലും സാധാരണക്കാരന് രാജ്ഞി തന്നെ ഏല്പിച്ചുകൊടുക്കാറുണ്ടോ? അബൂ ഉസയ്ദ്(റ) പറയുന്നു: പരിചയമില്ലാത്തതുകൊണ്ട് പരിഭ്രമിക്കുകയാണെന്നു കരുതി നബി(സ)തിരുമേനി അവളുടെമേൽ കൈവെച്ചു. കൈവെച്ചുടനെ അവൾ നിന്ദ്യമായ വാക്കുകൾ പറഞ്ഞു: ഞാൻ നിന്നിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: നബി, അല്ലാഹുവിന്റെ പേരു കേൾക്കുമ്പോൾ വിജ്രംഭിതനായി ത്തീരുന്നു. അവന്റെ മഹത്വത്തിൽ ഉന്മത്തനായി ഭവിക്കുന്നു. അവൾ ഇതുപറഞ്ഞുടനെ നബി(സ)തിരുമേനി പറഞ്ഞു: നീ വളരെ വലിയൊരു അസ്തിത്വത്തെയാണ് ബന്ധപ്പെടുത്തിയത്. അവനോടു അഭയം തേടി. അവൻ വലിയ അഭയം നല്കുന്നവനാണ്. അതുകൊണ്ട് ഞാൻ നിന്റെ അപേക്ഷ സ്വീകരിക്കുന്നു. അങ്ങനെ നബി(സ)തിരുമേനി ആ നേരത്തുതന്നെ വെളിയിൽവന്നു. അവൾക്ക് രണ്ടുപുതപ്പ് കൊടുത്ത് അവളെ അവളുടെ വീട്ടിൽക്കൊണ്ടുപോയി വിടാൻ അബൂസയ്ദിനോടു പറഞ്ഞു. വലാ തൻസഉൽ ഫള്‌ല ബയ്നക്കും (നിങ്ങൾക്കിടയിലുള്ള ഔദാര്യം നിങ്ങൾ മറക്കരുത്(2:238)എന്ന ഖുർആനിക കല്പന പൂർത്തിയാക്കാൻ അവൾക്ക് മഹ്റിന്റെ വിഹിതത്തിനുപുറമെ ഔദാര്യമെന്നനിലയിൽ രണ്ടു പുതപ്പു കൊടുക്കാനും കല്പിച്ചു. അതനുസരിച്ച് അവർക്ക് കൂടുതൽ നല്കി. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: ശാരീരികബന്ധം കൂടാതെ ത്വലാഖ് കൊടുക്കപ്പെടുന്ന സ്ത്രീകളുടെ കാര്യത്തെ സംബന്ധിച്ചാണിത്. അവിടന്ന് അവരെ യാത്രയാക്കി. അബൂ ഉസയ്ദ് അവരെ അവരുടെ വീട്ടിൽക്കൊണ്ടുപോയി വിട്ടു. അവളുടെ ഗോത്രത്തിലെ ആളുകൾക്ക് അത് ദഹിച്ചില്ല. അവർ അപലപിച്ചു. എന്നാൽ, അവൾ പറഞ്ഞു: ഇതെന്റെ നിർഭാഗ്യതയാണ്. നബി(സ)തിരുമേനി വരുമ്പോൾ നീ പിന്നിലേക്ക് മാറണമെന്നും വെറുപ്പ് പ്രകടിപ്പിക്കണമെന്നും അങ്ങനെ അദ്ദേഹത്തിനുമേൽ നിനക്ക് അന്തസുണ്ടാകുമെന്നും തന്നെ പറഞ്ഞു പറ്റിച്ചതാണെന്നും ഇടയ്ക്ക് അവൾ പറഞ്ഞു. ഇക്കാരണമാണോ അതല്ല മറ്റേതെങ്കിലും കാരണമാണോ എന്നറിയില്ല. ഏതായാലും അവൾ വെറുപ്പ് പ്രകടിപ്പിച്ചു. നബി(സ) തിരുമേനി അവളിൽനിന്നകന്നു. അവളെ ഉപേക്ഷിക്കുകയും ചെയ്തു.(തഫ്സീറെ കബീർ വാള്യം 2, പേജ് 533–535, തഫ്സീർ സൂറ ബഖറ ആയത്ത് 228)

സൗന്ദര്യവതികളായ സ്ത്രീകളിൽ അനുരക്തനായിരുന്നുവെന്ന് പറഞ്ഞ് നബി(സ)തിരുമേനിയുടെ മേൽ ആക്ഷേപം ഉന്നയിക്കുന്നവർക്കുള്ള മറുപടിയാണ് ഈ സംഭവം.

ഹദ്റത്ത് അബൂ ഉസയ്ദ്(റ) പറയാറുണ്ടായിരുന്നു, നബി(സ)തിരുമേനിയോടു എപ്പോഴെങ്കിലും എന്തെങ്കിലും സാധനം ചോദിച്ചാൽ അവിടന്ന് അത് കൊടുക്കാതിരുന്നിട്ടില്ല.(മജ്മഉ സ്സവാഇദ് വാള്യം 8 പേജ് 409, കിതാബു അലാമാത്തുന്നുബുവ്വ ഹദീഥ് 14179, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2001)

രണ്ടാമത്തെ സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദാണ്. അബ്ദുല്ലാഹ് എന്നത് അദ്ദേഹത്തിന്റെ പേരും സംജ്ഞാനാമം(കുന്നിയത്ത്) അബൂസൽമ എന്നുമായിരുന്നു. ബർറഃ ബിൻത് അബ്ദുൽ മുത്ത്വലിബ് ആയിരുന്നു അദ്ദേഹത്തിന്റെ മാതാവ്. നബി(സ)തിരുമേനിയുടെ അമ്മായിയുടെ മകനെന്ന നിലയിൽ അവിടത്തെ സഹോദരനായിരുന്നു. മുലകുടി ബന്ധത്തിലും നബി(സ)തിരുമേനിയുടെയും ഹദ്റത്ത് ഹംസ(റ) യുടെയും സഹോദരനായിരുന്നു. അബൂലഹബിന്റെ ദാസി ഥൗബിയ അദ്ദേഹത്തെ മുലയൂട്ടിയിട്ടുണ്ട്. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ഉമ്മു സൽമയെ ആദ്യം വിവാഹം കഴിച്ചത് ഇദ്ദേഹമായിരുന്നു.(അസദുൽഗാബ, വാള്യം 3, പേജ് 295, അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദ്, മത്ബൂഅഃ ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് 2003).

ഇതുസംബന്ധമായി ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ സീറത്തു ഖാത്തമുന്നബിയ്യീനിൽ എഴുതുന്നു:'നബി(സ)തിരുമേനിയുടെ മുലകുടിബന്ധത്തിലുള്ള സഹോദരനായിരുന്നു അബൂ സൽമാ ബിൻ അബ്ദുൽ അസദ്. ബനൂ മഖ്സൂമു


**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:–**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

മായിട്ടായിരുന്നു അദ്ദേഹത്തിന്റെ ബന്ധം. അദ്ദേഹത്തിന്റെ മരണത്തെ തുടർന്ന് അദ്ദേഹത്തിന്റെ വിധവ ഉമ്മുൽസൽമയുമായി നബി(സ)തിരുമേനിയുടെ വിവാഹം നടന്നു."(സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ പേജ് 124)

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽഅസദ് ഇസ്‌ലാമിൽ എല്ലാ കാര്യത്തിലും മുന്നിട്ടുനില്ക്കുന്നവരിൽപ്പെട്ട ആളായിരുന്നു. ഇബ്നു ഇസ്ഹാഖിന്റെ അഭിപ്രായത്തിൽ, 10 ആളുകൾക്കു ശേഷം ഇസ്‌ലാം സ്വീകരിച്ച വ്യക്തിയായിരുന്നു. അതായത് ആരംഭകാല മുസ്‌ലീംകളിൽപ്പെട്ട ആളായിരുന്നു.(അൽ ഇസ്തീആബ് ഫീ മഅ്രിഫത്തുൽ അസ്ഹാബ് വാള്യം 3, പേജ് 71, അബ്ദുല്ലാഹ് ബിൻ അബദുൽഅസദ് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ, 2002)

ഒരു നിവേദനത്തിൽ വന്നിട്ടുണ്ട്, ഹദ്റത്ത് അബൂ ഉബയ്ദാ ബിൻ ഹാരിഥ്, ഹദ്റത്ത് അബൂസൽമാ ബിൻ അബ്ദുൽ അസദ്, ഹദ്റത്ത് അർഖം ബിൻ അബൂ അർഖം, ഹദ്റത്ത് ഉഥ്മാൻ ബിൻ മള്ഊൻ എന്നിവർ നബി(സ)തിരുമേനിയുടെ സന്നിധിയിൽ ഹാജരായി. അവിടന്ന് അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. വിശുദ്ധ ഖുർആൻ ഓതിക്കേൾപ്പിച്ചു. അപ്പോൾ അവർ ഇസ്‌ലാം സ്വീകരിച്ചു. അവിടന്ന് സന്മാർഗത്തിലും നേർവഴിയിലുമാണെന്ന് സാക്ഷി പറഞ്ഞു. ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദ് തന്റെ ഭാര്യയുമൊത്ത് ആദ്യം നടന്ന ഹബ്ശ ഹിജ്ത്തിൽ പങ്കെടുത്തു. അബ്സ്സീനിയയിൽ നിന്ന് മക്കയിൽ തിരിച്ചെത്തിയ ശേഷം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തു.(അസദുൽഗാബ ഫീ മഅ്രിഫത്തിസ്സഹാബ വാള്യം 5, പേജ് 153, അബൂസൽമ, മക് തബ ദാറുൽഫിക്ർ, ബേറൂത്ത് ലബ്നാൻ 2003)

സീറത്തുഖാത്തമുന്നബിയ്യീനിൽനിന്ന് അദ്ദേഹത്തിന്റെ ഹിജ്റത്തിനെ കുറിച്ചുള്ള വിവരം ലഭിക്കുന്നുണ്ട്. മുസ്‌ലിംകളോടുള്ള ക്രൂരതകൾ അതിന്റെ പാരമ്യതയിലെത്തുകയും ഖുറയ്ശികൾ അവരുടെ പീഢനങ്ങൾ തുടർന്നുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ കഴിയുന്ന വരെല്ലാം അബ്സ്സീനിയയിലേക്ക് (ഹബ്ശ)ഹിജ്റത്ത് ചെയ്യാൻ നബി(സ) തിരുമേനി കല്പിച്ചിരുന്നു. അവിടന്ന് പറഞ്ഞു: ഹബ്ശയിലെ രാജാവ് നീതിമാനും നീതിയെ ഇഷ്ടപ്പെടുന്ന ആളുമാണ്. അദ്ദേഹത്തിന്റെ ഭരണത്തിൽ ആരുടെമേലും അക്രമം ഉണ്ടാകുകയില്ല. ഹബ്ശ രാജ്യത്തെ ഇംഗ്ലീഷിൽ ഇത്യോപ്യ (Ethiopia)അല്ലെങ്കിൽ അബ്സീനിയ എന്നു പറയുന്നു. ആഫ്രിക്കൻവൻകരയുടെ വടക്കു കിഴക്കു ഭാഗത്താണ് ഇത് സ്ഥിതിചെയ്യുന്നത്. ഭൂമധ്യരേഖയുടെ അടിസ്ഥാനത്തിൽ തെക്കൻ അറേബ്യയുടെ നേരെ എതിർവശത്താണുള്ളത്. ഇടയിൽ ചെങ്കടലല്ലാതെ മറ്റൊരു രാജ്യവുമില്ല. അക്കാലഘട്ടത്തിൽ ഹബ്ശയിൽ ശക്തമായൊരു ക്രൈസ്തവഭരണം നിലനിന്നിരുന്നു. അവിടെത്തെ രാജാവിനെ നജ്ജാശി എന്നാണ് വിളിച്ചിരുന്നത്. എന്നല്ല ഇന്നും അവിടെത്തെ ഭരണാധികാരിയെ ഇങ്ങനെതന്നെയാണ് വിളിക്കുന്നത്. ഹബ്ശയുമായി അറേബ്യയ്ക്ക് വാണിജ്യപരമായ ബന്ധമുണ്ടായിരുന്നു. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു: നാം പറഞ്ഞു വരുന്ന ആ നാളുകളിൽ ഹബ്ശയുടെ തലസ്ഥാനം ഇക്സോം ആയിരുന്നു. ഇപ്പോഴുള്ള അദ്‌വാ നഗരത്തിന്റെ അടുത്താണ് അത് സ്ഥിതിചെയ്യുന്നത്. ഇപ്പോഴും ഒരു പരിശുദ്ധമായ നഗരത്തിന്റെ രൂപത്തിൽ ജനങ്ങൾ വസിച്ചുവരുന്നു. ഇക്സോം അക്കാലത്ത് ഒരു ശക്തമായ ഭരണകൂടത്തിന്റെ കേന്ദ്രമായിരുന്നു. അക്കാലത്തെ നജ്ജാശിയുടെ വ്യക്തിപരമായ പേര് അസ്ഹമ എന്നായിരുന്നു. അദ്ദേഹം നീതിമാനും ബുദ്ധിമാനും ശക്തവാനുമായ രാജാവായിരുന്നു. എന്തായാലും മുസ്‌ലീംകളോടുള്ള എതിർപ്പ് അതിന്റെ പാരമ്യതയിലെത്തിയപ്പോൾ സാധിക്കുന്നവരെല്ലാം ഹബ്ശയിലേക്ക് ഹിജ്റ പോകാൻ നിർദേശിച്ചു. അങ്ങനെ നബി(സതിരുമേനിയുടെ കല്പനയെത്തുടർന്ന് നുബുവ്വത്തിന്റെ അഞ്ചാം വർഷം റജബ് മാസത്തിൽ പതിനൊന്ന് പുരുഷന്മാരും നാലു സ്ത്രീകളും അബ്സ്സീനിയയിലേക്ക് ഹിജ്റത്ത് ചെയ്തു. അതിലെ പ്രധാനികൾ ഇവരാണ്: ഉഥ്മാനുബ്നു അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യ റുഖിയ ബിൻത് റസൂലുല്ലാഹ്, അബ്ദുർ റഹ്മാൻ ബിൻ ഔഫ്, സുബയ്റുബ്നുൽ അവ്വാം, അബൂ ഹുദയ്ഫതുബ്നു ഉത്ബ, ഉഥ്മാനുബ്നു മള്ഊൻ, മുസ്അബുബ്നു ഉമയ്ർ, അബൂ സൽമ ബിൻ അബ്ദുൽ അസദ്, അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് ഉമ്മു സൽമ.

പ്രാരംഭകാല മുഹാജിരീംകളിൽ കൂടുതലും ഖുറയ്ശിലെ പ്രബലരായ ഗോത്രങ്ങളുമായി ബന്ധം വെക്കുന്നവരായിരുന്നു എന്നത് വിസ്മയാവഹമായ കാര്യമാണ്. ബലഹീനരായവർ വളരെ കുറച്ചേ കാണുന്നുള്ളു. ഇതിൽ നിന്ന് രണ്ടു കാര്യങ്ങൾ മനസ്സിലാക്കാം. ഒന്ന്, പ്രബല ഗോത്രങ്ങളിൽ നിന്നുള്ളവരും ഖുറയ്ശികളുടെ പീഢനങ്ങളിൽ നിന്ന് സുരക്ഷിതരല്ലായിരുന്നു. രണ്ട്, ദുർബല വിഭാഗക്കാർ ഹിജ്റത്ത് ചെയ്യാൻ പോലും കഴിവില്ലാത്ത വിധം നിസ്സഹായരും അശക്തരുമായിരുന്നു. ഈ മുഹജിരീംകൾ തെക്കോട്ടു യാത്രചെയ്ത് ശുഅയ്ബായിലെത്തിയപ്പോൾ -അക്കാലഘട്ടത്തിൽ അത് അറേബ്യയിലെ ഒരു തുറമുഖമായിരുന്നു-അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമുണ്ടായതെങ്ങനെയാണെന്നാൽ അവർക്ക് ഒരു ചരക്കുകപ്പൽ കിട്ടി. അത് ഹബ്ശയിലേക്ക് യാത്രപുറപ്പെടാൻ തികച്ചും തയ്യാറായി നില്ക്കുകയായിരുന്നു. അങ്ങനെ ഇവരെല്ലാം സമാധാനത്തോടെ അതിൽ യാത്രയായി. കപ്പൽ പുറപ്പെട്ടു. അവരുടെ ഹിജ്റത്തിനെക്കുറിച്ച് വിവരം ലഭിച്ച ഖുറയ്ശികൾ തങ്ങളുടെ ഇര കൈവിട്ടു പോയതിൽ പ്രകോപിതരായി. (പുറത്തേക്ക് വിടാതിരിക്കാൻ അവരുടെ പിന്നാലെ കൂടിയിരിക്കുകയായിരുന്നു അവർ). അവർ ആ മുഹാജിറുകളെ പിൻതുടർന്നു. എന്നാൽ, അവരുടെ ആളുകൾ കടൽത്തീരത്തെത്തിയപ്പോൾ കപ്പൽ പുറപ്പെട്ടു കഴിഞ്ഞിരുന്നു. അതുകൊണ്ട് കോപാകുലരായി അവർ മടങ്ങി. അബ്സ്സീനിയയിലെത്തിയ മുസ്‌ലിംകൾക്ക് വളരെ ശാന്തിസമ്പൂർണമായ ജീവിതമാണ് ലഭിച്ചത്. അല്ലാഹുവിനെ വിളിച്ച് വിളിച്ച് അവസാനം ഖുറയ്ശികളുടെ പീഢനങ്ങളിൽനിന്ന് അവർക്ക് മോചനം ലഭിച്ചു. (സീറത്തുഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ, പേജ് 146-147)

ഇബ്നു ഇസ്ഹാഖ് പറയുന്നു: അബ്സ്സീനിയയിൽ നിന്ന് തിരിച്ചെത്തിയതിനുശേഷം അബൂസൽമ അബൂത്വാലിബിനോട് സംരക്ഷണം ചോദിച്ചപ്പോൾ ബനൂമഖ്സൂം ഗോത്രത്തിലെ ചില ആളുകൾ അബൂത്വാലിബിന്റെ അടുക്കൽ വന്നു പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ സഹോദരപുത്രനായ മുഹമ്മദിനെ സ്വന്തം സംരക്ഷണത്തിലെന്തായാലും വെച്ചിട്ടുണ്ട്. എന്നാൽ, ഞങ്ങളുടെ സഹോദരൻ അബൂസൽമാക്ക് നിങ്ങൾ അഭയം നല്കിയതെന്തിനാണ്?"

അബൂത്വാലിബ് പറഞ്ഞു: അവൻ സംരക്ഷണം ചോദിച്ചു. മാത്രമല്ല, അവൻ എന്റെ സഹോദരിപുത്രൻ കൂടിയാണ്. സഹോദരപുത്രന് സംരക്ഷണം നല്കിയില്ലായിരുന്നെങ്കിൽ സഹോദരിപുത്രനും നല്കുമായിരുന്നില്ല. അബൂലഹബ് മഖ്സൂം ഗോത്രത്തിലെ ആളുകളോടു പറഞ്ഞു: നിങ്ങൾ എപ്പോഴും ഞങ്ങളുടെ മഹാത്മാവായ അബൂത്വാലിബിനെ വന്നു ബുദ്ധിമുട്ടിക്കുന്നുണ്ട്. പല രീതിയിലുള്ള കാര്യങ്ങളും പറയുന്നുണ്ട്. അല്ലാഹുവാണ!ഒന്നുകിൽ നിങ്ങൾ അതിൽനിന്ന് പിന്മാറുക. ഇല്ലെങ്കിൽ അദ്ദേഹം തന്റെ ലക്ഷ്യം നേടുന്നതുവരെ അദ്ദേഹത്തിന്റെ എല്ലാ കാര്യങ്ങളിലും ഞങ്ങൾ പങ്കാളികളാകും. അതുകേട്ട് അവർ(അബൂലഹബിനോടു) പറഞ്ഞു: ഏ അബൂഉത്ബാ!ഏതൊന്നാണോ നീ ഇഷ്ടപ്പെടാത്തത് ഞങ്ങളും അതിൽനിന്ന് പിന്മാറുന്നു. അബൂലഹബ്, നബി(സ)തിരുമേനിക്കെതിരിൽ മഖ്സൂം ഗോത്രത്തിന്റെ കൂട്ടുകാരനായിരുന്നു. സഹായിയുമായിരുന്നു. അതുകൊണ്ടാണ് അബൂസൽമയെ കുറിച്ച് അദ്ദേഹത്തിന്റെമേൽ സമ്മർദം ചെലുത്തുന്നതിൽനിന്നും അക്രമം ചെയ്യുന്നതിൽനിന്നും അവർ പിൻവാങ്ങിയത്. അബൂ ത്വാലിബ്, അബൂലഹബിൽനിന്ന് ഉചിതമായ കാര്യങ്ങൾ കേട്ടപ്പോൾ (തന്നെപോലെ തനിക്കനുകൂലമായി സംസാരിക്കുകയും മറ്റു ഗോത്രക്കാരെ വിലക്കുകയും ചെയ്യുന്നതു കണ്ടപ്പോൾ) ഇയാളും തങ്ങളെ സഹായിക്കുമെന്ന് പ്രതീക്ഷിച്ചു. അങ്ങനെ അദ്ദേഹം കുറച്ചു കവിതാവരികൾ ചൊല്ലി. അതിൽ അബൂലഹബിനെ പ്രശംസിച്ചു. നബി(സ)തിരുമേനിയെ സഹായിക്കുന്നതിന് പ്രേരിപ്പിച്ചു. (അസ്സീറത്തുന്നബ്‌വിയ്യ, ലി ഇബ്നി ഹിശാം പേജ് 269-270, ഖിസ്സ അബീസൽമ ഫീ ജവാരിഹി ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001)പക്ഷേ, അതിനു ഫലമൊന്നുമുണ്ടായില്ല. എതിർപ്പിൽ മുന്നോട്ടുപോയി.

ഇബ്നു ഇസ്ഹാഖ് പറയുന്നു: ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സൽമയിൽനിന്ന് നിവേദനം: എന്റെ ഭർത്താവ് അബൂസൽമ മദീനയിലേക്ക് പോകാൻ തീരുമാനിച്ചതിനെ തുടർന്ന് തന്റെ ഒട്ടകത്തെ തയ്യാറാക്കുകയും എന്നെയും കൂടെയുണ്ടായിരുന്ന മകൻ സൽമയെയും അതിൽ കയറ്റി പുറപ്പെടുകയും ചെയ്തു. കുറച്ചു ചെന്നപ്പോൾ ബനൂമഖ്സൂമിലെ ചിലയാളുകൾ വളഞ്ഞു. ഉമ്മു സൽമ തങ്ങളുടെ മകളാണെന്നും നിങ്ങളോടൊപ്പം അവളെ അയക്കില്ലെന്നും അവർ പറഞ്ഞു. നിങ്ങൾ അവളേയും കൂട്ടി ഓരോ നഗരവും ചുറ്റിക്കൊണ്ടിരിക്കുന്നതെന്തിന്? ഹദ്റത്ത് ഉമ്മു സൽമ പറയുന്നു: അവർ എന്റെ ഭർത്താവിനെ എന്നിൽനിന്ന് തട്ടിപ്പറിച്ചെടുത്തു. ഹദ്റത്ത് അബൂസൽമയുടെ ഗോത്രമായ ബനൂ അബ്ദുൽ അസദിന്റെ ആളുകൾ ഇതിൽ വളരെ ക്ഷുഭിതരായി. അവർ പറഞ്ഞു: ഈ മകൻ അബൂസൽമയുടേതാണ്. അവനെ ഞങ്ങൾ നിങ്ങൾക്ക് വിട്ടു തരില്ല. ഇതും പറഞ്ഞ് അവർ എന്റെ മകനെയും കൊണ്ടു പോയി. (പെൺകുട്ടിയെ അവളുടെ ഗോത്രക്കാരും കുഞ്ഞിനെ ഭർത്താവിന്റെ ഗോത്രക്കാരും കൊണ്ടു പോയി). അവർ പറയുന്നു: ഞാൻ തീർത്തും ഒറ്റപ്പെട്ടു. ഒരു വർഷത്തോളം ഞാൻ ഈ ദുരിതത്തിലകപ്പെട്ടു. ദിവസവും ഞാൻ അബ്ത്വഹ് എന്ന സ്ഥലത്തു ചെന്ന് കരയുമായിരുന്നു. ഒരിക്കൽ ഞാൻ കരയുന്നത് കണ്ടപ്പോൾ എന്റെ പിതൃവ്യന്റെ മക്കളിലൊരാൾക്ക് അലിവുതോന്നി അയാൾ ബനൂമുഗീറ എന്ന എന്റെ സമുദായത്തോട് ചെന്നു പറഞ്ഞു:'നിങ്ങൾ ഈ പാവം സ്ത്രീയെ ദ്രോഹിക്കുന്നതെന്തിനാണ്? നിങ്ങൾ ഇവരെ ഭർത്താവിൽ നിന്നും കുഞ്ഞിൽനിന്നും അകറ്റിയിരിക്കുകയാണ്. ഇവരെ വിട്ടേക്ക്.' അങ്ങനെ അവർ എന്നോട് ഭർത്താവിന്റെ അടുക്കലേക്ക് പോകാൻ പറഞ്ഞു. ഉമ്മു സൽമ പറയുന്നു: അതിനു ശേഷം എന്റെ മകനെ ബനീ അബ്ദുൽ അസദുകാർ തിരിച്ചു നല്കി. അങ്ങനെ ഞാൻ പോകുന്നതിനു വേണ്ടി ഒട്ടകം തയ്യാറാക്കുകയും കുട്ടിയെ എടുത്ത് ഞാൻ യാത്ര ചെയ്യുകയും ചെയ്തു. ഞാൻ മദീനയിലേക്ക് പുറപ്പെട്ടപ്പോൾ സഹായത്തിന് ആരും കൂടെ ഉണ്ടായിരുന്നില്ല. തൻഈം എന്ന സ്ഥലത്തെത്തിയപ്പോൾ ഞാൻ ഹദ്റത്ത് ഉഥ്മാൻ ബിൻ അബൂത്വൽഹയെ കണ്ടു. (അന്നദ്ദേഹം മുസ്‌ലിമായിരുന്നില്ല. ഹിജ്റ 6 നാണ് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചത്).

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

അദ്ദേഹം ചോദിച്ചു: ഉമ്മുസൽമാ, എങ്ങോട്ടാണ് പോകുന്നത്? മദീനയിൽ ഭർത്താവിന്റെ അടുക്കലേക്ക് പോവുകയാണെന്ന് ഞാൻ പറഞ്ഞു. കൂടെ ആരെങ്കിലുമുണ്ടോ എന്ന് ഹദ്റത്ത് ഉഥ്മാൻ തിരക്കി. അല്ലാവാണ! ആരുമില്ല, എന്റെ ഈ മകനും അല്ലാഹുവും മാത്രമേ കൂടെയുള്ളുവെന്ന് ഞാൻ പറഞ്ഞു. ഉഥ്മാൻ പറഞ്ഞു: 'അല്ലാഹുവാണ! ഇങ്ങനെ ഒറ്റയ്ക്ക് പോകാൻ ഞാൻ ഒരിക്കലും അനുവദിക്കില്ല. ഞാനും കൂടെ വരാം.' അങ്ങനെ അദ്ദേഹം ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു. ഹദ്റത്ത് ഉമ്മുസൽമ വിവരിക്കുന്നു: അല്ലാഹു വാണ! അറേബ്യയിലെ ആളുകളിൽ ഇത്രമാത്രം മാന്യതയുള്ള വ്യക്തിയെ ഞാൻ വേറെ കണ്ടിട്ടില്ല. ഇറങ്ങേണ്ട സ്ഥലത്തെത്തുമ്പോൾ ഒട്ടകത്തെ ഇരുത്തും. എവിടേക്കെങ്കിലും മാറിപ്പോകും. (വിവിധ സ്ഥലങ്ങളിൽ താവളമടിച്ചാണ് യാത്ര ചെയ്തിരുന്നത്. ഒരു സ്ഥലമെത്തുമ്പോൾ ഒട്ടകത്തെ ഇരുത്തുകയും എവിടെയെങ്കിലും മാറിനില്ക്കുകയും ചെയ്യും). ഞാൻ ഒട്ടകത്തിൽനിന്നിറങ്ങിക്കഴിഞ്ഞാൽ അദ്ദേഹം ഒട്ടകത്തിൽനിന്ന് ഇരിപ്പിടം ഇറക്കി അതിനെ മരത്തിൽ കെട്ടുമായിരുന്നു. വേറെ ഏതെങ്കിലും മരത്തണലിൽപോയി ഉറങ്ങുമായിരുന്നു. പോകാനുള്ള സമയമാകുമ്പോൾ അദ്ദേഹം ഒട്ടകത്തെ തയ്യാറാക്കുമായിരുന്നു. ശേഷം ഞാൻ അതിൽ കയറി ഒട്ടകത്തിന്റെ കടിഞ്ഞാൺ പിടിച്ചു യാത്ര ചെയ്യുമായിരുന്നു. അങ്ങനെ ഒടുവിൽ ഞങ്ങൾ മദീനയിലെത്തി. ഹദ്റത്ത് ഉഥ്മാൻ ബിൻ അബൂ ത്വൽഹാ ഖുബായിലെ ബനൂ അംറ് ബിൻ ഔഫിന്റെ ഗ്രാമം കണ്ടപ്പോൾ എന്നോടു പറഞ്ഞു: ഉമ്മുസൽമാ! നിന്റെ ഭർത്താവ് അബൂസൽമാ ഇവിടെയാണ് താമസിക്കുന്നത്. നീ അല്ലാഹുവിന്റെ അനുഗ്രഹത്തോടുകൂടി ഈ സ്ഥലത്ത് പ്രവേശിച്ചുകൊള്ളുക. പിന്നീട് ഉഥ്മാൻ തിരിച്ചു മക്കയിലേക്ക് പോയി.(അസ്സീറത്തുന്നബ്വിയ്യ, ലി ഇബ്നി ഹിശാം പേജ് 333, ദിക്റുൽമുഹാജിരീൻ ഇലൽ മദീനത്തി ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2001)

ഹിജ്റ രണ്ടാം വർഷം നബി(സ)തിരുമേനി അശീറ യുദ്ധത്തിനുവേണ്ടി പുറപ്പെട്ടപ്പോൾ അബൂസൽമയെയായിരുന്നു മദീനയുടെ അമീർ ആയി നിശ്ചയിച്ചത്.(അൽഇസ്തീആബ് ഫീ മഅ്രിഫത്തുൽ അസ്ഹാബ് വാള്യം 3, പേജ് 71, അബ്ദുല്ലാഹ് ബിൻ അബ്ദുൽഅസദ് ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ, 2002).

ഉശയ്റ യുദ്ധത്തെ കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു:"ജമാദുൽ അവ്വലിൽ വീണ്ടും മക്കയിലെ ഖുറയ്ശികളിൽനിന്ന് വിവരം കിട്ടയതനുസരിച്ച് നബി(സ)തിരുമേനി മുഹാജിരീംകളുടെ ഒരു സംഘത്തോടൊപ്പം മദീനയിൽനിന്ന് പുറപ്പെട്ടു. തന്റെ പിന്നിൽ മുല കുടി ബന്ധത്തിലുള്ള തന്റെ സഹോദരൻ അബൂ സൽമ ബിൻ അബ്ദുൽ അസദിനെ അമീറാക്കി. ഈ യുദ്ധത്തിൽ നബി(സ)തിരുമേനി റോന്തുകൾ ചുറ്റി അവസാനം കടൽത്തീരത്തിന്നടുത്ത് ഉശയ്റ എന്ന സ്ഥലംവരെ എത്തി. ഖുറയ്ശികളുമായി യുദ്ധമൊന്നും നടന്നില്ല. എന്നാൽ, അതിൽ സ്വമര ഗോത്രവുമായി മുമ്പേ നിശ്ചയിച്ച് നിബന്ധനയനുസരിച്ച് മുദ്ലജ് ഗോത്രവുമായി ഒരു കരാറുണ്ടാക്കി. പിന്നീട് മടങ്ങിപ്പോന്നു.' (സീറത്തു ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് പേജ് 329)

ബനീസ്വംറ മുസ്ലീംകളുമായി സുഹൃത് ബന്ധം നിലനിറുത്തുമെന്നും മുസ്ലീംകൾക്കെതിരിൽ ഒരു ശത്രുവിനേയും സഹായിക്കുകയില്ലെന്നും നബി(സ) തിരുമേനി സഹായത്തിനായി അവരെ വിളിച്ചാൽ അവർ പെട്ടെന്ന് വരുന്നതായിരിക്കുമെന്നും ഉടമ്പടി ചെയ്തു. മുസ്ലിംകൾ ബനൂസ്വംറയുമായി സുഹൃത്ത് ബന്ധം നിലനിറുത്തുമെന്നും ആവശ്യം ഘട്ടത്തിൽ അവരെ സഹായിക്കുമെന്നും മുസ്ലീംകളും ഉടമ്പടി ചെയ്തു. ഈ ഉടമ്പടി ഔദ്യോഗികമായി എഴുതപ്പെട്ടു. ഇരുകക്ഷികളും അതിൽ ഒപ്പിട്ടിരുന്നു. (അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 1, പേജ് 133, ദാറു അഹ്യാഉത്തുറാഥുൽഅറബി ബേറൂത്ത് 1996)

സീറത്ത് ഖാത്തമുന്നബിയ്യീൻ എന്ന ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നു: ഉഹുദ് യുദ്ധത്തിൽ മുസ്ലീംകൾക്കുണ്ടായ പരാജയം അറേബ്യൻ ഗോത്രങ്ങളെ മുസ്ലീംകൾക്കെതിരിൽ തലപൊക്കുന്നതിന് കൂടുതൽ തന്റേടം നല്കി. ഉഹുദു യുദ്ധമുണ്ടായി ദീർഘനാൾ കഴിഞ്ഞിരുന്നില്ല, സ്വഹാബാക്കൾക്കുണ്ടായ പരിക്കുകൾ പൂർണമായും സുഖമായിരുന്നതു, അങ്ങനെയിരിക്കെ ഹിജ്റ നാലാം വർഷം മുഹർറമാസത്തിൽ അസദ് ഗോത്രത്തിലെ പ്രമാണി ത്വലയ്ഹ ബിൻ ഖുവയ്ലദും അയാളുടെ സഹോദരൻ സൽമ ബിൻ ഖുവയ്ലിദും തന്റെ നാട്ടിലെ ജനങ്ങളെ നബിതിരുമേനിക്കെതിരെ യുദ്ധം ചെയ്യാൻ പ്രേരിപ്പിക്കുന്നുവെന്ന വാർത്ത നബി(സ)തിരുമേനിക്ക് ലഭിച്ചു. വിവരം അറിഞ്ഞ ഉടനെത്തന്നെ 200 സ്വഹാബത്തടങ്ങുന്ന ഒരു ശക്തമായ സൈന്യത്തെ സജ്ജമാക്കിക്കൊണ്ട് അബൂസൽമ ബിൻ അബ്ദുൽ അസദിനെ അതിന്റെ നേതാവായി നിശ്ചയിച്ചു. ബനൂ അസദ് ഗോത്രം തങ്ങളുടെ കുൽസിത പ്രവൃത്തികൾ ചെയ്തു തുടങ്ങുന്നതിനു മുമ്പേ അവരെ നാലുപാടും വിരട്ടിയോടിക്കാൻ നിർദേശിക്കുകയും ചെയ്തു. അങ്ങനെ അബൂസൽമ ഖത്വൻ എന്ന സ്ഥലത്ത് അവരെ കണ്ടു മുട്ടിയെങ്കിലും യുദ്ധമൊന്നും ഉണ്ടായില്ല. മറിച്ച് ബനൂ അസദിലെ ആളുകൾ മുസ്ലീംകളെ കണ്ടുടനെ അവിടേയും ഇവിടേയുമായി ചിതറിപ്പോയി. കുറച്ചു ദിവസം ഹാജരില്ലാതെ അബൂസൽമ മദീനയിൽ തിരിച്ചെത്തുകയും ചെയ്തു. ഈ യാത്രയിലെ പതിവിൽ കവിഞ്ഞ ക്ലേശങ്ങൾ കാരണം പുറമേയ്ക്ക് ഭേദമായി എന്നു തോന്നിയിരുന്ന അബൂസൽമായുടെ ഉഹുദിലേറ്റ മുറിവ് വീണ്ടും വഷളായി. എത്ര ചികിൽസിച്ചിട്ടും രോഗം മൂർഛിച്ചു കൊണ്ടേയിരുന്നു. ഒടുവിൽ ആ രോഗത്തോടെ നബി(സ)തിരുമേനിയുടെ ആദ്യകാല ഉറ്റ സുഹൃത്തും മുലകുടി ബന്ധത്തിലെ സഹോദരനുമായ ആ സ്വഹാബി വഫാത്തായി.(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ. പേജ് 511).

അദ്ദേഹത്തെ അൽയസീറ കിണറിലെ വെള്ളം കൊണ്ട് കുളിപ്പിച്ചു. അത് ആലിയ എന്ന സ്ഥലത്തെ ബനൂ ഉമയ്യ ബിൻ സയ്ദിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു. ജാഹിലിയ കാലഘട്ടത്തിൽ ആ കിണറിന്റെ പേര് അൽഅബീർ എന്നായിരുന്നു. അത് നബി(സ)തിരുമേനി മാറ്റി അൽയസീർ എന്നാക്കി. ഹദ്റത്ത് അബൂസൽമായെ മദീനയിൽ മറവു ചെയ്തു.(അത്ത്വബാഖാത്തുൽ കുബ്റാ, വാള്യം 3, പേജ് 128, അബൂ സൽമാ ബിൻ അബ്ദുൽ, ദാറു അഹ്യാഉത്തുറാഥ് ബേറൂത്ത് ലബ്നാൻ 1996)

ഹദ്റത്ത് അബൂസൽമാ വഫാത്തായപ്പോൾ നബി(സ)തിരുമേനി അദ്ദേഹത്തിന്റെ തുറന്നിരുന്ന കണ്ണുകൾ തിരുമി അടച്ചു. അദ്ദേഹത്തിന്റെ വഫാത്തിനുശേഷം ഇങ്ങനെ ദുആ ചെയ്തു: അല്ലാഹുവേ! അബൂസൽമയോടു മഗ്ഫിറത്തോടുകൂടി പെരുമാറേണമേ. അദ്ദേഹത്തിന്റെ പദവികൾ സന്മാർഗികളായ ആളുകളിൽ ഉയർത്തേണമേ. പിന്നിലായിട്ടുള്ള അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിന് നീ തന്നെ പ്രതിനിധിയാകേണമേ. മുഴുവൻപ്രപഞ്ചത്തിന്റേയും നാഥാ! അദ്ദേഹത്തിന് പൊറുത്തുകൊടുത്താലും; ഞങ്ങൾക്കും.' ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: അബൂസൽമയുടെ മരണസമയം അടുത്തപ്പോൾ അദ്ദേഹം ഇപ്രകാരം ദുആ ചെയ്തു: 'അല്ലാഹുവേ, എന്റെ കുടുംബത്തിനുമേൽ എന്റെ പ്രതിനിധിയായി ഏറ്റവും നല്ല വ്യക്തിയെ ആക്കേണമേ.' അങ്ങനെ ഈ ദുആ സ്വീകരിക്കപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് ഉമ്മു സൽമയെ നിക്കാഹ് ചെയ്തു.(അസദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ഭാഗം 3, പേജ് 296, അബ്ദുല്ലാഹ് ബിൻ അബ്ദുൽഅസദ്, ദാറുൽകുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ)

ഹദ്റത്ത് ഉമ്മുസൽമയുടെ മകൻ പറയുന്നു: ഹദ്റത്ത് അബൂസൽമ, ഹദ്റത്ത് ഉമ്മുസൽമായുടെ വീട്ടിൽ വന്നു. അദ്ദേഹം പറഞ്ഞു, ഞാൻ നബി(സ) തിരുമേനിയിൽനിന്ന് ഹദീഥ് കേട്ടിരിക്കുന്നു. അത് എനിക്ക് ഇന്ന ഇന്ന വസ്തുക്കളെക്കാൾ കൂടുതൽ പ്രിയപ്പെട്ടതാണ്. നബി(സ)തിരുമേനി പറഞ്ഞിരുന്നു: ഏതെങ്കിലും നാശം ആർക്കെങ്കിലുമുണ്ടായാൽ അയാൾ ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ പറഞ്ഞ് ഇങ്ങനെ ദുആ ചെയ്യട്ടെ: അല്ലാഹുവേ! ഞാൻ എനിക്കുണ്ടായ ഈ നാശത്തിൽനിന്ന് നിന്റെ തിരുസന്നിധയിൽനിന്ന് പ്രതിഫലം ആവശ്യപ്പെടുന്നു. അല്ലാഹുവേ! നീ എനിക്കതിനു പകരം നല്കിയാലും. അപ്പോൾ അല്ലാഹു അവന് അത് നല്കുന്നതാണ്. ഹദ്റത്ത് ഉമ്മുസൽമ പറയുന്നു: അബൂസൽമ ശഹീദായപ്പോൾ ഞാൻ ഇങ്ങനെ ദുആ ചെയ്തു: ഇങ്ങനെ ദുആ ചെയ്യാൻ എന്റെ മനസ്സ് അതിഷ്ടപ്പെട്ടിരുന്നില്ല. അല്ലാഹുവേ! എനിക്കു നീ ഹദ്റത്ത് അബൂസൽമായ്ക്ക് പകരക്കാരനെ നല്കേണമേ. പിന്നീട് ഞാൻ പറഞ്ഞു: അബൂസൽമയെക്കാൾ നല്ലതായി മറ്റാരാണുള്ളത്? അദ്ദേഹം അങ്ങനെയായിരുന്നല്ലോ? അദ്ദേഹം ഇങ്ങനെയായിരുന്നല്ലോ? എങ്കിലും ഞാനിങ്ങനെ ദുആ ചെയ്തുകൊണ്ടിരുന്നു. എന്റെ ഇദ്ദ തികഞ്ഞപ്പോൾ നബി(സ) തിരുമേനി നിക്കാഹിന്റെ സന്ദേശം എനിക്കയച്ചു. നബി(സ)തിരുമേനി അവരെ വിവാഹം കഴിച്ചു. (അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ വാള്യം 4, പേജ് 132, മക്തബ ദാറുൽ കുതുബുൽ ഇൽമിയ്യ ബേറൂത്ത് ലബ്നാൻ 2005)

വിവാഹത്തെ വിവരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് പറഞ്ഞു: അതേവർഷം (ഹിജ്റ 4)ശവ്വാൽ മാസത്തിൽ നബി(സ)തിരുമേനി ഉമ്മുസൽമയെ വിവാഹം കഴിച്ചു. ഖുറയ്ശികളിലെ ആദരണീയ കുടുംബവുമായിട്ടായിരുന്നു അവരുടെ ബന്ധം. അതിനുമുമ്പേ അബൂസൽമാ ബിൻ അബ്ദുൽ അസദ് അവരെ വിവാഹം കഴിച്ചിരുന്നു. അദ്ദേഹം വളരെ മുഖ്ലിസായ പഴയകാല സ്വഹീബിയായിരുന്നു. അതേ വർഷംതന്നെയാണ് വഫാത്തായത്. ഉമ്മുസൽമയുടെ ഇദ്ദ(ഇസ്ലാമിക ശരീഅത്ത് നിയമമനുസരിച്ച് ഒരു വിധവ അല്ലെങ്കിൽ ത്വലാഖ് ചൊല്ലപ്പെട്ട സ്ത്രീ നിർബന്ധമായും പാലിക്കേണ്ട കാലയളവാണത്, ആ കാലയളവിനു മുമ്പേ നിക്കാഹ് കഴിക്കാൻ പാടുള്ളതല്ല) കഴിഞ്ഞപ്പോൾ അവർ അങ്ങേയറ്റം ബുദ്ധിമതിയും സവിശേഷ പദവിയുള്ള സ്ത്രീയുമായിരുന്നതുകൊണ്ട് ഹദ്റത്ത് അബൂബക്കറിന് അവരെ വിവാഹം കഴിക്കണമെന്ന ആഗ്രഹമുണ്ടായി. പക്ഷേ, ഉമ്മുസൽമ നിഷേധിക്കുകയായിരുന്നു. അവസാനം നബി(സ) തിരുമേനി വിവാഹം കഴിക്കാമെന്ന് ആഗ്രഹിച്ചു. അതിനുകാരണം ഉമ്മുസൽമായുടെ വ്യക്തിപരമായ ശ്രേഷ്ഠതകൾക്കുപുറമേ ശരീഅത്ത് വാഹകനായ ഒരു പ്രവാചകന്റെ ഭാര്യയായിരക്കാൻ യോഗ്യയുമായിരുന്നു. അവർ പഴയ വലിയൊരു സ്വഹാബിയുടെ വിധവയായിരുന്നു. മക്കളുമുണ്ടായിരുന്നു. അതുകൊണ്ട് അവർക്ക് എന്തെങ്കിലും പ്രത്യേകമായ ഏർപാടുണ്ടാകേണ്ടത് അനിവാര്യമായിരുന്നു. ഇതിനുപുറമെ അബൂസൽമാ ബിൻ അബ്ദുൽ അസദ്, നബി(സ)തിരുമേനിയുടെ മുലകുടിബന്ധത്തിലുള്ള സഹോദരനുമായിരുന്നു. അതുകൊണ്ട് നബി(സ) തിരുമേനിക്ക് അവരുടെ കുടുംബന്ധത്തെ കുറിച്ച് പ്രത്യേക ചിന്തയുണ്ടായിരുന്നു. അങ്ങനെ നബി(സ)തിരുമേനി ഉമ്മുസൽമാക്ക് വിവാഹസന്ദേശമയച്ചു. ആദ്യം ഹദ്റത്ത് ഉമ്മുസൽമ തന്റെ ചില നിർബന്ധ സാഹചര്യം കാരണത്താൽ താമസിപ്പിച്ചു. തന്റെ പ്രായം വളരെ കൂടുതലാണെന്ന് പറയുകയും ചെയ്തു. ഇപ്പോൾ മക്കൾക്ക് യോഗ്യയുമല്ല. പക്ഷേ, നബി(സ)തിരുമേനിയുടെ ചിന്ത മറ്റൊന്നായിരുന്നു. അതുകൊണ്ട് അവസാനം അവർ സമ്മതിച്ചു. അവർക്കുവേണ്ടി അവരുടെ മകൻ മാതാവിന്റെ വലിയ്യ് ആയി നിന്ന് നബി(സ)തിരുമേനിക്ക് വിവാഹം കഴച്ചുകൊടുത്തു. വിവരിച്ചു കഴിഞ്ഞതുപോലെ ഉമ്മുസൽമ വളരെ കഴിവും യോഗ്യതയുമുള്ള സ്ത്രീയായിരുന്നു. ബുദ്ധിയും വിവേകവുമുള്ള അവർക്ക് വിശ്വാസത്തിലും കൂറിലും സവിശേഷ സ്ഥാനമുണ്ടായിരുന്നു. നബി(സ)തിരുമേനിയുടെ കല്പനയാൽ ആദ്യമെ തന്നെ ഹബ്ശയിലേക്ക് ഹിജ്റ പോയിരുന്നു. മദീനയിലേക്കുള്ള ഹിജ്റത്തിലും അവർ എല്ലാ സ്ത്രീകളെക്കാളും ഒന്നാം സ്ഥാനത്തായിരുന്നു. ഹദ്റത്ത് ഉമ്മു സൽമയ്ക്ക് വായിക്കാനറിയാമായിരുന്നു. അതുകൊണ്ടു തന്നെ മുസ്ലിം സ്ത്രീകളുടെ ശിക്ഷണ പഠനകാര്യങ്ങളിൽ പ്രത്യേക പങ്കു വഹിച്ചിട്ടുണ്ട്. ഹദീഥു ഗ്രന്ഥങ്ങളിൽ ഒരുപാട് രിവായത്തുകളും ഹദീഥുകളും ഇവരിൽനിന്ന് നിവേദനംചെയ്യപ്പെട്ടിട്ടുണ്ട്. ഈ നിലയിൽ പ്രവാചകപത്നിമാരിൽ അവർക്ക് രണ്ടാം സ്ഥാനവും സ്ത്രീകളും പുരുഷന്മാരും അടങ്ങുന്ന മൊത്തം സ്വഹാബാക്കളിൽ പന്ത്രണ്ടാം സ്ഥാനവുമാണുള്ളത്."(സീറത്തുഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ. പേജ് 530–531).

സ്വഹാബാക്കളുടെ അനുസ്മരണമായിരുന്നു ഇത്. അല്ലാഹു ഈ സ്വഹാബാക്കളുടെ പദവികളെ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവർ ചെയ്ത നന്മകൾ ചെയ്യാനുള്ള കഴിവ് അല്ലാഹു നമുക്കും പ്രദാനം ചെയ്യുമാറാകട്ടെ.

ഇനി ഞാൻ വഫാത്തായ ചിലരെക്കുറിച്ച് വിളംബരപ്പെടുത്തുന്നതാണ്. നമസ്കാരത്തിനു ശേഷം ഇവരുടെ ജനാസ നമസ്കരിപ്പിക്കുന്നതാണ്.

അതിൽ ആദ്യത്തേത് രാജ നസ്വീർ അഹ്മദ് സാഹിബ് നാസ്വിറിന്റെ ജനാസയാണ്. അദ്ദേഹം വഖ്ഫെ സിന്ദഗിയും ജമഅത്തിന്റെ മുറബ്ബിയും ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയായുടെ മുൻ നാളിറുമായിരുന്നു. ജൂലായ് 6ന് രാവിലെ 11 മണിക്ക് താഹിർ ഹാർട്ട് ഇസ്റ്റിറ്റ്യൂട്ടിലായിരുന്നു അന്ത്യം. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വർഷങ്ങളായി അദ്ദേഹം രോഗബാധിതനായിരുന്നു. 2012 മുതൽ അദ്ദേഹത്തിന്റെ ആരോഗ്യനില മെല്ലെ മെല്ലെ ക്ഷയിച്ചുവരികയായിരുന്നു. കഴിഞ്ഞ മൂന്നു മാസമായി Brain Haemorrhage കാരണത്താൽ തികച്ചും കിടക്കയിൽത്തന്നെയായിരുന്നു. 1938 മേയ് 7 ന് ഭേരയിലെ സർഗോദ ജില്ലയിലാണ് ജനിച്ചത്. പ്രഥമ വിദ്യാഭ്യാസം അവിടെത്തന്നെയായിരുന്നു. മെട്രിക് ചെയ്തു. അതിനുശേഷം ലാഹോറിൽപോയി Irrigation വകുപ്പിൽ ക്ലാർക്കായി ജോലിചെയ്യാൻ തുടങ്ങി. 1958 ൽ തന്റെ ജീവിതം വഖ്ഫ് ചെയ്തു. ജാമിഅയിൽ പ്രവേശിച്ചു. 1965ൽ ശാഹിദ് ഡിഗ്രി കരസ്ഥമാക്കി. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് അദ്ദേഹത്തിന്റെ പിതാവ് രാജാ ഗുലാം ഹയ്ദർ സാഹിബുമുഖേനയാണ് വന്നത്. അദ്ദേഹം ഖലീഫത്തുൽ മസീഹ് ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു. പിന്നീട് തന്റെ മാതാപിതാക്കളേയും സഹോദരിസഹോദരന്മാരേയും ബയ്അത്ത് ചെയ്യിച്ചു. തന്റെ ഒരു മകൻ ജീവിതം വഖ്ഫു ചെയ്യണമെന്നത് രാജാ നസ്വീർ അഹ്മദ് സാഹിബിന്റെ പിതാവിന്റെ ആഗ്രഹമായിരുന്നു. ഈ ആഗ്രഹം പൂർത്തിയാക്കുന്നതിനുവേണ്ടി രാജാ സാഹിബ് 1958ൽ വഖ്ഫെ സിന്ദഗിയുടെ ഫാറം പൂരിപ്പിച്ചു. ഒപ്പിടുവിക്കുന്നതിന് തന്റെ മൂത്ത സഹോദരൻ രാജാ നദീർ അഹ്മദ് സാഹിബ് സഫ്റിന്റെ(മർഹൂം) അടുക്കൽ കൊണ്ടുച്ചെന്നു. വഖ്ഫെ സിന്ദഗി വളരെ പ്രയാസമുള്ള ജോലിയാണെന്നും കഠിനാധ്വാനം ചെയ്യേണ്ടിവരുമെന്നും ഉത്തരവാദപ്പെട്ട പ്രവൃത്തിയാണെന്നും അതിനാൽ ചിന്തിക്കുകയെന്നും മൂത്തസഹോദരൻ അദ്ദേഹത്തോടു പറഞ്ഞു. പക്ഷേ, അദ്ദേഹം തന്റെ ജ്യേഷ്ഠനോടു പറഞ്ഞു: ഞാൻ ചിന്തിച്ചിരിക്കുന്നു. താങ്കൾ ഒപ്പിട്ടു തരിക. അദ്ദേഹത്തിന്റെ പിതാവ് മരിച്ചു കഴിഞ്ഞിരുന്നു. അതിനുശേഷം അദ്ദേഹം വഖ്ഫു ചെയ്തു. ഞാൻ പറഞ്ഞതുപോലെ ജാമിആയിൽ ചേർന്നു. പിന്നീട് അവിടന്ന് പഠനം പൂർത്തിയാക്കി കർമരംഗത്തുവന്നു. ജാമിആയിൽനിന്ന് പഠിച്ചിറങ്ങിയ ശേഷം 47 വർഷം ജമാഅത്തിന് സേവനം ചെയ്യാനുള്ള തൗഫീഖ് ലഭിച്ചു. പാക്കിസ്താനിലെ വിവിധ സ്ഥലങ്ങളിൽ മുറബ്ബിയായി അദ്ദേഹം സേവനം ചെയ്തിട്ടുണ്ട്. ബംഗ്ലാദേശും പാക്കിസ്താനും ഒന്നായിരുന്നപ്പോൾ കിഴക്കൻ പാക്കിസ്താനിലും അല്ലെങ്കിൽ ബംഗ്ലാദേശിലും മുബല്ലിഗായി സേവനം ചെയ്യാൻ തൗഫീഖു കിട്ടി. യുഗാണ്ടണ്ട(Uganda)യിലും മുബല്ലിഗായിരുന്നു. സായിറിലും താമസിച്ചിട്ടുണ്ട്. ഇന്തൊനേഷ്യയിലുമുണ്ടായിരുന്നു. രണ്ടു വർഷം ജാമിഅ അഹ്മദിയ്യായിൽ ഉസ്താദെന്ന നിലയിൽ സേവനം ചെയ്യാനും ഭാഗ്യംകിട്ടി. പിന്നീട് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായിൽ നാഇബ് നാളിറുമായിരുന്നു. അതിനുശേഷം 10 വർഷം നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ എന്ന നിലയിലും സേവനം ചെയ്യാനുള്ള ഭാഗ്യം കിട്ടി. രണ്ടു വർഷം അഡീഷണൽ നാളിർ രശ്ത്ത നാത്വ പിന്നീട് അഡീഷണൽ നാളിർ ഇശാഅത്ത് എന്ന നിലയിലും പ്രവർത്തിക്കാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. 2012 ലാണ് വിരമിച്ചത്. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തിന്റെ പിതൃസഹോദരി പുത്രിയായിരുന്നു. അദ്ദേഹത്തിന്റെ ജീവിതകാലത്തുതന്നെ അവർ മരണപ്പെട്ടിരുന്നു.വിശുദ്ധ ഖുർആൻ പാരായണത്തിൽ പ്രത്യേക താത്പര്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന് മൂന്നു ആൺമക്കളാണ്. രാജാ മുഹമ്മദ് അഹ്മദ് സാഹിബ് ഇവിടെ ലണ്ടനിൽ താമസിക്കുന്നു. ജമാഅത്തിന്റെ മുറബ്ബി രാജാ അത്വാഉൽമന്നാൻ റബ്‌വയിലെ വക്കാലത്തെ തസ്നീഫിലാണ്. രാജാ മുഹമ്മദ് അക്ബറും ഇവിടെ ഇംഗ്ലണ്ടിൽത്തന്നെ താമസക്കുന്നു. അല്ലാഹുവിൽ സർവവും സമർപക്കുന്നയാളും ദുആ ചെയ്യുന്നയാളുമായിരുന്നു. അദ്ദേഹത്തിന്റെ മകനെഴുതുന്നു: അദ്ദേഹം ബംഗ്ലാദേശിലായിരിക്കുമ്പോൾ അവിടെ ഒരിക്കൽ തീ പിടിച്ചു. അഹ്മദികളുടെ വീടുകൾക്ക് അടുത്തുവരെ അതെത്തി. അപ്പോൾ അദ്ദേഹം ദുആ ചെയ്തു: ‘അല്ലാഹുവേ!നിന്റെ മസീഹ് മൗഊദ് പറഞ്ഞിരിക്കുന്നത്, തീ നമ്മുടെ അടിമയാണെന്നും എന്നല്ല അടിമകളുടെ അടിമയാണെന്നുമാണ്. നീ ഞങ്ങളെ ഈ തീയിൽനിന്ന് രക്ഷിച്ചാലും.’ പറയുന്നു:തീ ആ വീടിന്നടുത്തേക്ക് വന്നു. അതിന്റെ ഒരു മൂലയിൽ തൊട്ട് തിരിച്ച് അവിടെ നിന്നു. മുന്നോട്ടുപോയില്ല. അഹ്മദികളുടെ വീടുകൾ നഷ്ടങ്ങളിൽനിന്ന് രക്ഷപ്പെട്ടു.

ഇദ്ദേഹം യുഗാണ്ടയിലായിരുന്നപ്പോൾ ആഭ്യന്തരയുദ്ധം കാരണത്താൽ അവിടെത്തെ അവസ്ഥ മോശമായി. എന്നിട്ടും അദ്ദേഹം തബ്‌ലീഗിന് പോകുമായിരുന്നു. തബ്‌ലീഗിനു രാവിലെ പോകും. വൈകുന്നേരം തിരിച്ചുവരും. താമസിക്കാൻ ഒരു സ്ഥലവും ഉണ്ടായിരുന്നില്ല. അടുത്തടുത്ത പ്രദേശങ്ങളിൽ പോയിവരാമായിരുന്നു. അവിടെത്തെ ഒരു സംഭവമുണ്ട്. ഒരിക്കൽ ജമാഅത്തെ ഇസ്‌ലാമിയിലെ ഒരു വ്യക്തി അദ്ദേഹത്തെ തബ്‌ലീഗി ജമാഅത്തിന്റെ മൗലവിയാണെന്ന് മനസ്സിലാക്കി വന്നു. അയാൾ പറഞ്ഞു: എന്റെ കൈയിൽ വണ്ടിയുണ്ട്. താങ്കൾ അത് വാങ്ങിക്കൊള്ളുക. 1400 ഡോളറിന് വണ്ടി വാങ്ങിക്കൊള്ളുക. അവസാനം 1150 ഡോളറിന് കച്ചവടമായി. വണ്ടിവാങ്ങാൻ പറ്റിയ അവസ്ഥയല്ലായിരുന്നു ജമാഅത്തിന്റേത്. രാജാ സാഹിബിനും അതിനു കഴിവില്ലായിരുന്നു. എന്നാൽ, അവിടന്ന് പറഞ്ഞു: ശരി! അങ്ങനെ കച്ചവടം ഉറപ്പിച്ചു. അല്ലാഹുവേ! എനിക്ക് വണ്ടി വാങ്ങാനുള്ള പണത്തിന് ഏർപാടു ചെയ്യണേ എന്ന് ദുആ ചെയ്തു. എന്റെ അടുപ്പും ബിസ്തറുംവച്ച് തബ്‌ലീഗിനു പോകാൻ കഴിയുമല്ലേ എന്നു കരുതിയാണ് ദുആ ചെയ്തത്; അത് തബ്‌ലീഗിന് സൗകര്യമായിരിക്കും. പറയുന്നു: ഞാൻ വളരെ പ്രയാസത്തിലായിരുന്നു. കച്ചവടമാണെങ്കിൽ നടന്നു കഴിഞ്ഞു. പണം കൊടുക്കാൻ കുറച്ചുദിവസം നീട്ടീത്തന്നിരുന്നു. അദ്ദേഹം പറയുന്നു: ഒരു ദിവസം ഞാൻ പോസ്റ്റുബോക്സ് തുറന്നു. അതിൽനിന്ന് ഒരു കത്തുകിട്ടി. അത് അദ്ദേഹത്തിന്റെ ഭാര്യാസഹോദരന്റേതായിരുന്നു. കനഡയിൽനിന്ന് വന്നതാണ്. താങ്കൾക്ക് 1150 ഡോളറിന്റെ ആവശ്യമുണ്ടെന്ന് താൻ രാത്രിയിൽ സ്വപ്നം കണ്ടുവെന്നും ആവശ്യമെന്താണെന്ന് തനിക്കറിയില്ലെന്നും എന്തായലും പണം അയക്കുകയാണെന്നും എഴുതിയിരുന്നു. ഒപ്പം 1150 രൂപയുടെ ചെക്കും ഉണ്ടായിരുന്നു. ഇപ്രകാരം വേറേയും ദുആ സ്വീകാര്യതയുടെ സംഭവങ്ങളുമുണ്ട്.

വിശുദ്ധ ഖുർആൻ വളരെ താൽപര്യത്തോടെ പാരായണം ചെയ്യുമായിരുന്നു. ഇദ്ദേഹം എഴുതുന്നു: പിതാവിന് അന്തരീക്ഷത്തിലും വെള്ളത്തിലും ഖുർആൻ ഖത്തം ചെയ്യാൻ താൽപര്യമുണ്ടായിരുന്നു. കരയിൽ പലപ്രാവശ്യവും ഖുർആൻ ഖത്തം ചെയ്തിട്ടുണ്ട്. കടൽ യാത്രയിലും അദ്ദേഹത്തിന് ഖുർആൻ ഖത്തം ചെയ്യാനുള്ള തൗഫീഖ് കിട്ടിയിട്ടുണ്ട്. പക്ഷേ, വിമാനത്തിൽ ദീർഘമായ യാത്രയായിരുന്നില്ല. എങ്കിലും പാരായണം ചെയ്യാൻ കഴിയുന്നത്ര പാരായണം ചെയ്തിരുന്നു. അദ്ദേഹത്തിന്റെ വാഖ്ഫെ സിന്ദഗി മകൻ രാജാ അത്വാഉൽമന്നാൻ മുറബ്ബിയാണ്–ഇപ്പോൾ വക്കാലത്തെ തസ്നീഫിൽ ജോലിചെയ്തു വരുന്നു പറയുന്നു: അബ്ബാജാൻ എപ്പോഴും രണ്ടു ഉപദേശങ്ങൾ നല്കിയിരുന്നു. ഒന്ന് ഒരിക്കലും ശിർക്ക് ചെയ്യരുതെന്നായിരുന്നു. രണ്ടാമത്തേത് ഖിലാഫത്തുമായി എപ്പോഴും ചേർന്നു നില്ക്കണമെന്നും. ഇതു രണ്ടും അദ്ദേഹം സ്വയം തന്റെ ജീവിതത്തിൽ നടപ്പിൽ വരുത്തി. മാതാവിനെ എത്രമാത്രം ആദരിച്ചിരുന്നുവെന്നാൽ അദ്ദേഹത്തിന്റെ സഹോദരി എഴുതുന്നു: എന്റെ ഉമ്മയെ എത്രമാത്രം അനുസരിച്ചുവെന്നാൽ ഏതെങ്കിലും കാര്യം അവർ ആവർത്തിച്ചു പറഞ്ഞാലും എപ്പോഴും അവർ പറയുന്ന കാര്യം ആദ്യം കേൾക്കുന്നതുപോലെയായിരുന്നു. പറഞ്ഞതുതന്നെയാണ് പറയുന്നതെന്ന് ഒരിക്കലും പറയുമായിരുന്നില്ല. അദ്ദേഹത്തിന്റെ മരുമകൾ അവർ മുറബ്ബിയുടെ മകളാണ് എഴുതുന്നു:18 വർഷത്തിൽ ഈ വീട്ടിൽനിന്ന് പ്രത്യേകിച്ചും അമ്മിയിൽനിന്നും അബ്ബാജീയിൽനിന്നും അതായത് ഭർതൃപിതാവിൽനിന്നും ഭർതൃമാതാവിൽനിന്നും ആദരവും മുഹബ്ബത്തും സ്നേഹവും അന്തസ്സുമല്ലാതെ മറ്റൊന്നും കിട്ടിയിട്ടില്ല. രാജാ സാഹിബ് എന്റെ മരിച്ചുപോയ ഉമ്മയോടു പറയാറുണ്ടായിരുന്നു, ഞാൻ നിങ്ങളുടെ മകളുടെ മാതൃക ഗൃഹം മറപ്പിച്ചു കളയുന്നതാണ്. അവർ ചോദിച്ചു: പെൺകുട്ടികൾക്കെങ്ങനെയാണ് തങ്ങളുടെ സ്വന്തം ഗൃഹം മറക്കാൻ കഴിയുക? അദ്ദേഹം പറഞ്ഞു: അല്ല, ഭർതൃഗൃഹത്തിൽ മരുമകളോടു മകളോടെന്നപോലെ പെരുമാറുമ്പോൾ സ്വന്തം വീട് അവർ മറന്നുപോകുന്നതാണ്. എന്തായാലും അദ്ദേഹം തന്റെ മരുമക്കളോടും സന്തോഷത്തോടും സ്നേഹത്തോടുംകൂടി പെരുമാറി. ഇവർ എഴുതുന്നു: അബ്ബാജീയെ ഞാൻ അല്ലാഹുവിനെ സ്നേഹിക്കുന്നയാളും റസൂലിനെ സ്നേഹിക്കുന്നയാളും മസീഹ് മൗഊദ്(അ)നെ സ്നേഹിക്കുന്നയാളും ആദരണീയരായ ഖലീഫമാരെ സ്നേഹിക്കുന്നയാളും വിശുദ്ധ ഖുർആനെ സ്നേഹിക്കുന്നയാളും ഖിലാഫത്തിനെ അങ്ങേയറ്റം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്യുന്നയാളും കാര്യങ്ങൾ ബുദ്ധിപൂർവം ചെയ്യുന്നയാളും നല്ല അഭിപ്രായം പറയുന്നയാളും അങ്ങേയറ്റം ദയാലുവുമായി കണ്ടു. എഴുതുന്നു: ഓരോ മാസവും വിശുദ്ധ ഖുർആൻ അദ്ദേഹം ഖത്തം ചെയ്തിരുന്നുവെന്നത് അദ്ദേഹത്തിന്റെ ശ്രേഷ്ഠതയായിരുന്നു. അദ്ദേഹത്തിന്റെ ആവശ്യങ്ങൾ അനിതരസാധാരണമായ നിലയിൽ അല്ലാഹു പൂർത്തിയാക്കുകയും ദുആ സ്വീകരിക്കുകയും ചെയ്തത് തങ്ങൾ കണ്ടിരുന്നുവെന്ന് അദ്ദേഹത്തിന്റെ ബന്ധുക്കളും എഴുതിയിട്ടുണ്ട്. എന്തായാലും അദ്ദേഹം ഒരു വിജയിയായ മുബല്ലിഗും മുറബ്ബിയുമായിരുന്നു. സംഘടനാപരമായ പാടവവുമുണ്ടായിരുന്നു. ഖിലാഫത്തിനോടുള്ള അദ്ദേഹത്തിന്റെ ബന്ധം മാതൃകാപരമായിരുന്നു. നാഡിമിടിപ്പുപോലെ ഖിലാഫത്തിനോടൊപ്പം ശരീരത്തോടുകൂടി, ഹൃദയത്തോടുകൂടി നടക്കുമായിരുന്നുവെന്നാണ് അദ്ദേഹത്തിന്റെ ഖിലാഫത്തുമായുള്ള ബന്ധത്തെ കുറിച്ച് പറയുന്നത്. പാക്കിസ്താനിൽ ഖലീഫത്തുൽമസീഹ് റാബിഅ് എന്നെ നാളിർ അഅ്‌ലാ ആയി നിയമിച്ചപ്പോഴും അനുസരണത്തിന്റെ വ്യക്തമായൊരു വശം ഞാൻ അദ്ദേഹത്തിൽ കണ്ടിരുന്നു; ഖലീഫത്തുൽമസീഹ് നിശ്ചയിച്ചതുകൊണ്ടുമാത്രം. അദ്ദേഹത്തിന്റെ പ്രതിനിധിയായതുകൊണ്ടുമാത്രം. അതുകൊണ്ട് അദ്ദേഹത്തെ അനുസരിക്കേണ്ടതാണ്. ഒരു മാതൃകായോഗ്യനായ അനസുരണശാലിയായിരുന്നു അദ്ദേഹം; അത്തരക്കാർ വളരെ വിരളമായിട്ടെ കാണാറുള്ളു. അല്ലാഹു അദ്ദേഹത്തെ റഹ്മത്തിൽ സ്നാനം ചെയ്യുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകളും സൽഗുണങ്ങളും തുടർന്നുകൊണ്ടുപോകാൻ താഫീഖ് നല്കുമാറാകട്ടെ. ധാരാളം സവിശേഷ ഗുണങ്ങളുടെ ഉടമയായിരുന്നു. ദരിദ്രരെ സഹായിക്കുന്ന ആളായിരുന്നു. തന്നോടൊപ്പം ജോലിചെയ്തിരുന്ന മുറബ്ബിമാരുടെ കാര്യങ്ങൾ ശ്രദ്ധിക്കുകയും അവ പൂർത്തിയാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ആളായിരുന്നു. ധാരാളം മുറബ്ബിമാർ എനിക്കെഴുതിയിട്ടുണ്ട്.

ഇതിനുപുറമെ ജമാഅത്തുകാരണത്താൽ വീരമൃത്യം വരിച്ച രണ്ടു ശഹീദുമാരുടെ ജനാസയുമുണ്ടായിരിക്കും. അവരുടെ കടയുടെമേൽ ആക്രമണം നടന്നു. അവരെ അവിടെ കൊള്ളക്കാർ വെടിവച്ച് ശഹീദാക്കി. അവരിൽ ഒരാൾ മഹ്ബൂബ് അഹ്മദ് സാഹിബിന്റെ മകൻ മുബീൻ അഹ്മദ് സാഹിബാണ്. രണ്ടാമത്തേത് ലിയാഖത്ത് അലി സാഹിബിന്റെ മകൻ മുഹമ്മദ് സഫറുല്ലാഹ് സാഹിബാണ്. 2018 ജൂലായ് 7ന് കറാച്ചിയിലെ വേട്ട ചോക്ക് ചൗരങ്കീ ഇൻഡസ്ട്രിയൽ ഏരിയായിൽ ഏതാണ്ട് ഉച്ചയ്ക്ക് 3 മണിക്ക് കൊള്ളക്കാരുടെ വെടിയേറ്റ്, അഹ്മദീ യുവാക്കളായ മഹ്ബൂബ് അഹ്മദ് സാഹിബിന്റെ മകൻ മുബീൻ അഹ്മദ് സാഹിബിനും, സഫറുല്ലാഹ്

സാഹിബിനും മുഹമ്മദ് നസ്റുല്ലാഹ് സാഹിബിനും പരിക്കേല്ക്കുകയുണ്ടായി. അതിൽ മുബീൻ അഹ്മദ് സാഹിബും സഫറുല്ലാഹ് സാഹിബും ശഹീദായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ കടയിലാണ് ഇവർ വന്നത്. ഇലക്ട്രോണിക് സാധനങ്ങൾ വില്ക്കുന്ന കടയായിരുന്നു. കൊള്ളയടിക്കുന്നതോടൊപ്പം വെടിയും വച്ചു. അവർ മുന്നിൽനിന്ന് പ്രതിരോധിച്ചു. അപ്പോൾ അവർ വെടിവെക്കുകയും ശഹീദാക്കുകയും ചെയ്തു.

മഹ്ബൂബ് അഹ്മദ് സാഹിബിന്റെ മകൻ മുബീൻ അഹ്മദ് സാഹിബിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വേരൂന്നുന്നത് അദ്ദേഹത്തിന്റെ പ്രപിതാവായ ചൗദരി അല്ലാഹ് ദാർ സാഹിബ് മുഖേനയാണ്. അദ്ദേഹം 1940–ൽ തന്റെ മൂത്തസഹോദരൻ അബ്ദുൽ അസീസ് പട്വാരി(വില്ലേജ് രജിസ്ട്രാർ) സാഹിബു മുഖേന ബയ്അത്തു ചെയ്തു. ബയ്അത്തിനുശേഷം അദ്ദേഹത്തിന്റെ ആൺമക്കൾ അദ്ദേഹത്തെ എതിർക്കാൻ തുടങ്ങി. അദ്ദേഹത്തിനുവേണ്ടി വീട്ടിൽ ഒരു പ്രത്യേകസ്ഥലം നിശ്ചയിച്ചു. അദ്ദേഹത്തിന്റെ കിടക്കയും പാത്രവുമെല്ലാം വേറെയായി. പക്ഷേ, അദ്ദേഹം വളരെ ക്ഷമയോടെ അവസ്ഥകളെ നേരിട്ടു. ശഹീദ് മർഹൂമിന്റെ പിതാമഹൻ അലി മുഹമ്മദു സാഹിബ് ജമാഅത്തിന്റെ കഠിനശത്രുവായിരുന്നു. അഹ്മദിയ്യ ജമാഅത്തിന്റെ ശത്രുവായ അത്വാവുല്ലാഹ് ശാഹ് ബുഖാരിയുടെ മുരീദായിരുന്നു. അത്വാവുല്ലാഹ് ശാഹ് ബുഖാരി ഇന്ത്യാവിഭജന കാലത്ത് 'ഖാഇദെ അഅ്ള'മിനെക്കുറിച്ച് 'കാഫിറെ അഅ്ളം' തുടങ്ങിയ അനുചിതമായ പദങ്ങൾ ഉപയോഗിക്കുകയും മുസ്ലിം ലീഗിന്നെതിരെ സംസാരിക്കുകയും ചെയ്തപ്പോഴാണ് ഇദ്ദേഹത്തിന്റെ പിതാമഹൻ, അത്വാവുല്ലാഹ് ശാഹ് ബുഖാരിയിൽനിന്നകന്നത്. പിന്നീട് വിഭജനമുണ്ടാകുകയും പാക്കിസ്താനും ഹിന്ദുസ്താനും നിലവിൽ വരികയും ജമാഅത്ത് ഹിജ്റ ചെയ്ത് ലാഹോറിലെത്തുകയും അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഹിജ്റത്തിനെ സംബന്ധിച്ചുള്ള പ്രവചനം പുലർന്നു കാണുകയും ചെയ്തപ്പോൾ ജമാഅത്തിനോടു അദ്ദേഹത്തിന് ചായ്വുണ്ടായി. പാക്കിസ്താൻ രൂപീകരണത്തിനുശേഷം ഈ കുടുംബം നവാബ് ശാഹിൽ മാറിത്താമസിച്ചു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ സിന്ധ് പര്യടത്തിന്നിടയിൽ ശഹീദ് മർഹൂമിന്റെ പിതാമഹൻ റയിൽവെ സ്റ്റേഷനിൽവച്ച് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി(റ)യെ കണ്ടു. ഹുദൂറിന്റെ മുഖകമലം ദർശിച്ചു. ഇതൊരു കള്ളവാദിയുടെ മുഖമല്ലെന്ന് അദ്ദേഹം പറയുകയും ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയും ചെയ്തു.

മുബീൻ അഹ്മദ് സാഹിബ് ബി.എ വിദ്യാർഥിയായിരുന്നു. ശഹാദത്തിന്റെ നേരത്ത് അദ്ദേഹത്തിന് 20 വയസ്സായിരുന്നു. മുബീൻ അഹ്മദ് സാഹിബ് ഉൽകൃഷ്ട സ്വഭാവത്തിന് ഉടമയായിരുന്നു. സഹനശീലനും ഗൗരവമുള്ള പ്രകൃതിയും ദൃഢഗാത്രനുമായ യുവാവായിരുന്നു. അദ്ദേഹം 5 നേരം നമസ്കാരശീലനായിരുന്നു. എല്ലാവരോടും സ്നേഹത്തോടെ പെരുമാറിയിരുന്നു. ശഹീദ് മർഹൂം ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുക്കുന്നകർമനിരതനായ ഖാദിമായിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി തന്റെ പ്രധാനപ്പെട്ട ജോലിപോലും മാറ്റിവെക്കുമായിരുന്നു. അദ്ദേഹം വസിയ്യത്തു ചെയ്തിരുന്നു. അതുസംബന്ധമായ ഫയൽ കിട്ടിയിരുന്നു. അദ്ദേഹത്തിന്റെ വസിയ്യത്തും അംഗീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയാണ്. മഹല്ലിൽ ഉള്ളവരേയും അദ്ദേഹം സ്നേഹിച്ചിരുന്നു. കാണാൻ വരുന്ന വലിയവരും ചെറിയവരുമായ ഓരോരുത്തരും അദ്ദേഹത്തെ പ്രശംസിച്ചു പറഞ്ഞു. മുബീൻ അഹ്മദ് സാഹിബ് ഇതേ സംഭവത്തിൽ ശഹീദായ മറ്റൊരു ഖാദിം മുഹമ്മദു സഫ്റുല്ലാഹ് സാഹിബിന്റെ പിതൃസഹോദരി പുത്രനായിരുന്നു. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ പിതാവ് മഹ്ബൂബ് അഹ്മദ് സാഹിബ് മാതാവ് അമത്തുൽ ഹഫീള്സാഹിബ എന്നിവർക്കുപുറമെ സഹോദരിമാരായ മുബീന മഹ്ബൂബ് 23 വയസ്സ്, കൻസമഹ്ബൂബ് 16 വയസ്സ്, സഹോദരൻ അമീൻ മുഹമ്മദ് 13 വയസ്സ് എന്നിവരുമുണ്ട്.

രണ്ടാമത്തെ ജനാസ മുഹമ്മദു സഫ്റുല്ലാഹ് സാഹിബിന്റേതാണ്. ഈ സംഭവത്തിന്നിടയിൽ ഇദ്ദേഹത്തിന് മൂന്നു വെടിയേറ്റു. അത് അദ്ദേഹത്തിന്റെ രണ്ടു വൃക്കകളിലും കൊണ്ടു. ഓപ്റേഷൻ നടത്തുകയും അത് വിജയക്കുകയും ചെയ്തതാണ്. പക്ഷേ, വീണ്ടും സുഖമില്ലാതായി. വീണ്ടും ഓപ്റേഷൻ നടത്താൻ ഡോക്ടർമാർ തീരുമാനിച്ചതാണ്. പക്ഷേ, അതിന് ഒരു ദിവസം മുമ്പേ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിന്റെ കുടുംബത്തിലും അഹ്മദിയ്യത്ത് വേരൂന്നുന്നത് അദ്ദേഹത്തിന്റെ പ്രപിതാമഹനായ ഗുലാം ദീൻ സാഹിബുമുഖേനയാണ്. അദ്ദേഹം ഗുരുദാസപൂർ ജില്ലക്കാരനായിരുന്നു.ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് അബ്ദുൽഅസീസ് പട്വാരിയുടെ വയലുകളിൽ അദ്ദേഹം പണിക്കാരനായിരുന്നു. അവിടന്ന് ഒരു ദിവസം അദ്ദേഹത്തോടൊപ്പം ഖാദിയാനിൽ പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി കൂടിക്കാഴ്ച നടത്തിയതിനുശേഷം ബയ്അത്തു ചെയ്തു.

മുഹമ്മദു സഫ്റുല്ലാഹ് സാഹിബ് ശഹീദിന്റെ ജനനം 1993 ഒക്ടോബറിൽ കറാച്ചിയിലായിരുന്നു. പ്രസന്നമുഖനും സൽസ്വഭാവിയുമായ ഖാദിമായിരുന്നു. എപ്പോഴും അദ്ദേഹത്തിന്റെ ചുണ്ടിൽ മന്ദഹാസം തങ്കെട്ടിയിരുന്നു. ജമാഅത്തിന്റെ പ്രവർത്തനങ്ങളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. വിവിധ ബന്ധങ്ങളിലൂടെ ഖുദ്ദാമുൽ അഹ്മദിയ്യായിൽ പ്രവർത്തിച്ചിരുന്നു. അല്ലാഹുവിന്റെ കൃപയാൽ മുസിയായിരുന്നു. ശഹാദത്ത് നേരത്ത് 25 വയസായിരുന്നു. അദ്ദേഹത്തിന്റെ കുടുംബത്തിൽ പിതാവ് ലിയാഖത്തലി സാഹിബ്, മാതാവ് നസീറ ബീഗം സാഹിബ എന്നിവർക്കുപുറമെ അഞ്ചു സഹോദരന്മാരുണ്ട്. വജാഹത്ത് അഹ്മദ് 33 വയസ്സ്, മൻസ്വൂർ അഹ്മദ് 31 വയസ്സ്, മുസ്തൻസ്വർ അഹ്മദ് 28 വയസ്സ്, ശുജാഅ് അഹ്മദ് 27 വയസ്സ്, ഹാഫിള് മുഹമ്മദു സഫ്റുല്ലാഹ് 24 വയസ്സ്.

ഈ സംഭവത്തിൽ പരിക്കേറ്റ മൂന്നാമത്തെയാൾ ഹാഫിള് നസ്റുല്ലാഹ് സാഹിബാണ്. അതും ഇദ്ദേഹത്തിന്റെ സഹോദരനാണ്. അദ്ദേഹത്തിന്റെ ഓപ്റേഷൻ കഴിഞ്ഞിരിക്കുന്നു. ആശുപത്രിയിൽ ചികിത്സയിലാണ്. അല്ലാഹു അദ്ദേഹത്തിന് പൂർണ ശിഫാ നല്കുമാറാകട്ടെ. പരേതാത്മക്കളുടെ ദർജകൾ ഉയർത്തുമാറാകട്ടെ. സന്തപ്ത കുടുംബങ്ങൾക്ക് ക്ഷമയും ധൈര്യവും പ്രദാനം ചെയ്യുമാറാകട്ടെ.

( പേജ് 10ൽനിന്ന്)

അവന്റെ ഇഷ്ടം ആകാശത്ത് നടപ്പിലുള്ളതുപോലെ ഭൂമിയിൽ നടപ്പിലില്ല എന്ന് ഇഞ്ചീൽ പറയുന്നു. എന്നാൽ, വിശുദ്ധഖുർആനിന്റെ അധ്യാപനം തികച്ചും ഇതിന്നെതിരാണ്. വിശുദ്ധ ഖുർആൻ വളരെ സ്പഷ്ടമായിപ്പറയുന്നത്, ഒരു മോഷ്ടാവിനും കൊലയാളിക്കും വ്യഭിചാരിക്കും അവിശ്വാസിക്കും ദുർമാർഗിക്കും ധിക്കാരിക്കും ഉപരിലോകത്തുനിന്ന് ഇച്ഛാശക്തി ലഭിക്കാത്തിടത്തോളം അവന് ഭൂമിയിൽ ഒരു പാപവും ചെയ്യുവാൻ സാധിക്കുന്നതല്ലെന്നാണ്. അതുകൊണ്ട് ദൈവികമായ രാജ്യവാഴ്ച ഭൂമിയിലില്ല എന്ന് എങ്ങനെ പറയുവാൻ സാധിക്കും. ഭൂമിയിൽ ദൈവനിയമം നടപ്പിൽ വരുന്നത് തടസ്സപ്പെടുത്താൻ ആർക്കാണ് സാധിക്കുക? അല്ലാഹു പരിശുദ്ധനാകുന്നു. ഒരിക്കലും അത് സംഭാവ്യമല്ല. ദൈവം ഉപരിലോകത്ത് മലക്കുകൾക്ക് പ്രത്യേകമായ ഒരു നിയമവും ഭൂമിയിൽ മനുഷ്യർക്ക് അതിൽനിന്ന് വ്യത്യസ്തമായ മറ്റൊരു നിയമവുമാണ് ഉണ്ടാക്കിയിരിക്കുന്നത്. അല്ലാഹു തന്റെ ഉപരിലോക വാഴ്ചയിൽ മലക്കുകൾക്ക് ഒരധികാരവും നല്കിയിട്ടില്ല. എന്നല്ല അവരുടെ പ്രകൃതത്തിൽത്തന്നെ അനുസരണത്തിന്റെ സ്വഭാവമാണ് നിക്ഷേപിച്ചിട്ടുള്ളത്. അവർക്ക് എതിർക്കുവാനേ കഴിയില്ല. അശ്രദ്ധയോ മറവിയോ അവരിൽ ഉണ്ടാവുകയില്ല. എന്നാൽ, മനുഷ്യപ്രകൃതിക്ക് കൊള്ളാനും തള്ളാനും അധികാരം നല്കപ്പെട്ടിരിക്കുന്നു. ഈ അധികാരം ഉപരിലോകത്തുനിന്ന് നല്കപ്പെട്ടതു കാരണം ദുർമാർഗിയായ മനുഷ്യനെക്കൊണ്ട് ദൈവത്തിന്റെ രാജ്യവാഴ്ച ഭൂമിയിൽനിന്ന് പൊയ്പോയി എന്നുപറയാൻ പറ്റില്ല. പ്രത്യുത എല്ലാവിധത്തിലും ദൈവത്തിന്റെതന്നെ രാജ്യത്വമാണുള്ളത്. ആ നിയമം രണ്ടുതരത്തിലാണുള്ളത്. ഒന്ന് മലക്കുകൾക്കുവേണ്ടിയുള്ള ദൈവവിധിയുടെ നിയമമാണ്. അവർക്ക് തിന്മ ചെയ്യാനേ സാധ്യമല്ല. മറ്റൊന്ന് ഭൂമിയിൽ മനുഷ്യർക്കായുള്ള ദൈവത്തിന്റെ വിധിയെ സംബന്ധിച്ചിട്ടുള്ളതാണ്. അതെന്താണെന്നുവെച്ചാൽ, ഉപരിലോകത്തുനിന്ന് തിന്മ ചെയ്യുന്നതിനുള്ള അധികാരം അവർക്ക് നല്കപ്പെട്ടിരിക്കുന്നു. എന്നാൽ, ദൈവത്തിൽനിന്ന് ശക്തി തേടുമ്പോൾ അതായത് ഇസ്തിഗ്ഫാർ (പാപപ്പൊറുതി) ചെയ്യുമ്പോൾ പരിശുദ്ധാത്മാവിന്റെ സഹായം കൊണ്ട് അവരുടെ ദൗർബല്യങ്ങൾ അകലാവുന്നതാണ്. അവർക്ക് പാപം ചെയ്യുന്നതിൽനിന്ന് അല്ലാഹുവിന്റെ പ്രവാചകന്മാരും ദൂതന്മാരും രക്ഷപ്പെടുന്നതുപോലെ രക്ഷപ്പെടാൻ സാധിക്കുന്നതാണ്. അതേപ്രകാരം പാപം ചെയ്തതിനുശേഷം സത്യഹൃദയത്തോടുകൂടി പൊറുക്കലിനെത്തേടുകയാണെങ്കിൽ പാപങ്ങളുടെ തിക്തഫലങ്ങളിൽനിന്ന് അതായത് ശിക്ഷയിൽനിന്ന് അവർ രക്ഷിക്കപ്പെടുന്നതാണ്. കാരണം പ്രകാശം വരുന്നിടത്ത് അന്ധകാരം അവശേഷിക്കുകയില്ല.(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം 19 പേജ് 31–34)

# 124–ാമത് ജൽസ സാലാന ഖാദിയാൻ

സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് 124–ാമത് ജൽസസാലാന (വാർഷികസമ്മേളനം) ഖാദിയാൻ 2018 ഡിസംബർ 28,29,30 (വെള്ളി, ശനി, ഞായർ) തിയതികളിൽ നടത്താൻ സമ്മതം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കാൻ തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് ഉപകാരമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ജൽസസാലാന എല്ലാവിധത്തിലും വിജയകരവും അനുഗൃഹീതവും ആകുന്നതിനും സൗഭാഗ്യരായ ആളുകൾക്ക് സന്മാർഗപ്രാപ്തിക്ക് കാരണമാകുന്നതിനുംവേണ്ടി ദുആചെയ്തുകൊണ്ടിരിക്കുക. ജസാക്കുമുല്ലാഹ് ***(നാളിർ ഇസ്ലാഹ് –ഒ–ഇർശാദ് മർക്കസിയ്യ ഖാദിയാൻ)***

## കലാമുൽ ഇമാം:–

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## കലാമുൽ ഇമാം:–

**"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

# സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലായുടെ 2016-ലെ ഡന്മാർക്ക് പര്യടനം.

**❊ മെയ് നാലിന് ബുധനാഴ്ച ലണ്ടനിൽനിന്നുള്ള നിർഗമനവും അതേ ദിവസം ഡന്മാർക്കിന്റെ മണ്ണിൽ ആഗമനവും. ❊ നുസ്റത്ത് ജഹാൻ മസ്ജിദിൽ ഹുദൂറിന് ഉജ്വല വരവേല്പ്. കുട്ടികൾ സ്വാഗതഗാനമാലപിച്ചു. ❊ നുസ്റത്ത് ജഹാൻ മസ്ജിദിനോടു ചേർന്ന് പുതുതായി നിർമിച്ച മിഷൻ ഹൗസ്, ലൈബ്രറി, ഓഫീസുകൾ, നമസ്കാര ഹാൾ തുടങ്ങിയവ സന്ദർശിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ❊ Hvidovre പ്രദേശത്തെ മുനിസിപ്പാലിറ്റിയുടെ മേയറും അദ്ദേഹത്തിന്റെ നാല് കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ❊ മേയറുടേയും കൗൺസിലർമാരുടേയും ചോദ്യങ്ങൾക്ക് ഹുദൂറിന്റെ യുക്തിനിർഭരമായ മറുപടി. ഇസ്‌ലാം അഹ്മദിയ്യത്തിനെ സംബന്ധിച്ചുള്ള പ്രബോധനം. സമാധാന സംസ്ഥാപനത്തിനും മറ്റു സുപ്രധാന കാര്യങ്ങൾക്കും നിർദേശങ്ങളും ഉപദേശങ്ങളും. ❊ ഡന്മാർക്കിന്റെ മണ്ണിൽനിന്ന് ഹുദൂറിന്റെ രണ്ടാമത്തെ ജുമുഅഖുത്ബ. അത് എം.ടി.എ മുഖേന ലോകം മുഴുവൻ സംപ്രേഷണം ചെയ്തു.❊ ഡന്മാർക്കിലെ വരവേല്പിനെ സംബന്ധിച്ച് പ്രിന്റ് ആന്റ് ഇലക്ട്രോണിക് മീഡിയായിൽ വാർത്തകൾ. ❊ കുടുംബപരമായ കൂടിക്കാഴ്ചകൾ ❊ ഡന്മാർക്ക് ലജ്ന ഇമാഇല്ലാഹ് നാഷണൽ മജ്‌ലിസ് ആമിലായുമായി ഹുദൂറിന്റെ മീറ്റിംഗ്. മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ നിർദേശങ്ങളും ഉപദേശങ്ങളും.**

## നമ്മൾ സമാധാനം സ്ഥാപിക്കേണ്ട കാലമാണിത്.

- നമ്മൾ മനുഷ്യരാണെന്നും, മാനുഷികമൂല്യങ്ങളെ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാനതത്ത്വത്തിൽ നിലകൊള്ളുകയാണെങ്കിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.
- അഹ്മദികൾ ഇക്കാലത്ത് വന്ന മസീഹ്(അ)നെ വിശ്വസിച്ചവരാണ്. അതുകൊണ്ട് അവർ സമാധാനകാംക്ഷികളായിരിക്കേണ്ടത് നിർബന്ധമാണ്; എല്ലാവരോടും സ്നേഹത്തോടും സന്തോഷത്തോടുംകൂടി പെരുമാറേണ്ടവരാണ്; മറ്റുള്ളവരെ സഹായിക്കേണ്ടവരാണ്.
- മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു നിർബന്ധവുമില്ലെന്ന് ഇസ്‌ലാം പറയുന്നു. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈകളിലാണ്. മതത്തെ സംബന്ധിച്ച് വിധി പറയേണ്ടത് അവൻ തന്നെയാണ്. മനുഷ്യർ പരസ്പരം ആദരിക്കേണ്ടതാണ്. മാനുഷിക മൂല്യങ്ങൾ സുപ്രധാനമാണ്. അത് വിലമതിക്കേണ്ടതാണ്. മതത്തിന്റെ കാര്യങ്ങൾ ദൈവത്തിന്റെ കൈയിലിരിക്കാൻ അനുവദിക്കുക. മതക്കാർ പരസ്പരം കൊല്ലുകയും വധിക്കുകയുമാണെങ്കിൽ ആര് ഏതു മതം സ്വീകരിച്ച് നടക്കാനാണ്. പിന്നീട് മതംകൊണ്ട് എന്തു ഫലമുണ്ടാകാനാണ്? പരസ്പരം കൊന്നൊടുക്കി എല്ലാവരും മരിച്ചൊടുങ്ങും.
- മതസ്വാതന്ത്ര്യമുണ്ടെന്നുള്ളത് ശരിതന്നെയാണ്. അഭിപ്രായസ്വാതന്ത്ര്യവുമുണ്ട്. പ്രബോധനത്തിനും സന്ദേശമെത്തിക്കുന്നതിനും സ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ മുറിവേല്പിക്കുന്നതാണെങ്കിൽ അതിന് എവിടെയെങ്കിലും പരിധി നിശ്ചയിക്കേണ്ടിവരും; എന്തെങ്കിലും വഴികണ്ടെത്തേണ്ടിവരും. അപ്പോൾ മാത്രമേ സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സ്ഥാപിക്കാൻ കഴിയുകയുള്ളൂ.
- തന്റെ നല്ല സുഹൃത്ത് മാതാവിനെതിരെ തെറിപറയുകയാണെങ്കിൽ അവൻ കരണക്കുറ്റിക്ക് അടി വാങ്ങാൻ തയ്യാറായിരിക്കേണ്ടതാണെന്ന് പോപ്പ് പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പോപ്പ് പറയുന്നത് കേൾക്കണം. പോപ്പ് ജനങ്ങളുടെ വികാരങ്ങൾ കാത്തുസൂക്ഷിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഈ വശത്തൂടെ നോക്കുമ്പോൾ അദ്ദേഹം ക്രൈസ്തവമതത്തിന്റെ യഥാർഥ അധ്യാപനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.
- പാക്കിസ്താനിൽ ഞങ്ങൾക്കെതിരെ ഔദ്യോഗികമായ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ചില രാജ്യങ്ങളിൽ നിയമമില്ല. പക്ഷേ, നമ്മുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുന്നു. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം ചെയ്യാൻ സാധിക്കുന്നില്ല. വെല്ലുവിളി എല്ലായിടത്തുമുണ്ട്. പദ്ധതി എത്ര വലുതാണോ അത്രയേറെ പ്രയാസങ്ങളുമുണ്ട്. അതിനെ അഭിമുഖീകരിക്കേണ്ടിവരുന്നു. പക്ഷേ, ഇക്കാര്യങ്ങൾ എല്ലാമുണ്ടായിട്ടും ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാമിൽ പ്രവേശിക്കുംവിധമുള്ളതാണ് ഞങ്ങളുടെ സന്ദേശം.

## Hvidovre മേയറും കൗൺസിലർമാരും ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരുടെ ചോദ്യങ്ങൾക്ക് ഹുദൂർ മറുപടി നല്കി.

**❊ ലജ്ന അംഗങ്ങൾ ഏറ്റവുമാദ്യം നമസ്കരിക്കുന്നതിലേക്കും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നതിലേക്കും ശ്രദ്ധിക്കേണ്ടതാണ്. നമസ്കാരങ്ങളും വിശുദ്ധഖുർആനിന്റെ പാരായണവും അനിവാര്യവും അടിസ്ഥാനപരവുമായ കാര്യമാണ്. ❊ വീടുകളിൽ എം.ടി.എ കേൾക്കുക. നിങ്ങളുടെ മക്കളേയും എം.ടി.എയിലെ പരിപാടികൾ കാണിക്കുക. ❊ ആൺകുട്ടികളേയും പെൺകുട്ടികളേയും സ്ത്രീകൾ ഏറ്റെടുക്കുക. കാരണം നബി(സ) തിരുമേനി തർബിയ്യത്തുവകുപ്പ് സ്ത്രീകളെയാണ് ഏല്പിച്ചിരുന്നത്. മാതാവിന്റെ കാലടിക്കീഴിലുള്ള സ്വർഗം കുട്ടികൾക്ക് നല്കുന്ന ശിക്ഷണത്താലാണ് ലഭിക്കുന്നത്. വെറും പെൺകുട്ടികളുടെ തർബിയ്യത്തല്ല. ആൺകുട്ടികൾക്ക് ശിക്ഷണം കൊടുക്കുന്ന കാരണത്താലുമാണ്. ❊ അടുത്തിരുന്ന് പ്രശ്നമെന്താണെന്ന് നോക്കുക എന്നത് സദ്ർ ലജ്നയുടേയും തർബിയ്യത്ത് സെക്രട്ടറിയുടേയും ജോലിയാണ്. പ്രശ്നങ്ങൾ എങ്ങനെ തങ്ങൾക്ക് പരിഹരിക്കാൻ കഴിയും. നിങ്ങൾ കേവലം നിങ്ങളുടെതന്നെ കുട്ടികളേയും വീട്ടുകാരേയും സ്ത്രീകളേയും പുരുഷന്മാരേയും എം.ടി.എയുമായി ബന്ധിപ്പിക്കുകയാണെങ്കിൽ തർബിയ്യത്തിന്റെ വലിയൊരു ഭാഗം വീട്ടിലിരുന്നുതന്നെ പരിഹരിക്കാൻ കഴിയും. ❊ സംസാരിക്കുമ്പോൾ മൃദുസമീപനം സ്വീകരിക്കുക. മൃദുലമായി സംസാരിക്കാൻ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞിരിക്കുന്നു.**

## ഡന്മാർക്കിലെ ലജ്ന ഇമാഇല്ലാ നാഷണൽ മജ്‌ലിസെ ആമിലായ്ക്ക് ഹുദൂറിന്റെ ഉപദേശങ്ങളും നിർദേശങ്ങളും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

### 2016 മെയ് 4 (ബുധനാഴ്ച)

(തുടർച്ച) ഹുദൂർ പറഞ്ഞു: 'നമ്മളെല്ലാവരും ഒന്നിക്കേണ്ടതാണ്. ലോകസമാധാനം നമ്മൾ ഫോക്കസ് ചെയ്യേണ്ടതാണ്. സമാധാനം സ്ഥാപിതമാകുന്നതിലൂടെ മാത്രമേ ഈ എല്ലാ ബുദ്ധിമുട്ടുകളും അകലുകയുള്ളൂ.' മേയർ പറഞ്ഞു: 'ഇവിടെ അഹ്മദിയ്യാ കമ്മ്യൂണിറ്റി വളരെ സമാധാനത്തിലാണ്. വളരെ സ്നേഹിക്കുന്നവരാണ്.'

ഹുദൂർ പറഞ്ഞു: 'അതിനു കാരണം അവർ ഇക്കാലത്തുവന്ന മസീഹിനെ വിശ്വസിച്ചതാണ്. ഈസാ മസീഹിന്റെ കാലടിപ്പാടിൽ താൻ വന്നിരിക്കുന്നുവെന്ന് അദ്ദേഹം വിളംബരം ചെയ്തു. ഏതുപോലെ ആദ്യത്തെ മസീഹ് പ്രവർത്തിക്കുകയും അധ്യാപനങ്ങൾ നല്കുകയും ചെയ്തുവോ അതുപോലെ താനും ചെയ്യുന്നതായിരിക്കും. തന്നെ വിശ്വസിക്കുന്നവരും അങ്ങനെതന്നെ ചെയ്യുന്നതാണ്. അഹ്മദികൾ ഇക്കാലത്തുവന്ന മസീഹിനെ വിശ്വസിച്ചവരായതുകൊണ്ട് അവർ സമാധാനകാംക്ഷികളായിരിക്കണമെന്നത് അനിവാര്യമാണ്. എല്ലാവരോടും സ്നേഹത്തോടെ പെരുമാറേണ്ടതാണ്. മറ്റുള്ളവരെ സഹായിക്കുന്നവരാകേണ്ടതാണ്.'

മേയർ ചോദിച്ചു: 'ഹുദൂർ ഈ പുതിയ നിർമാണങ്ങൾ കണ്ടുവോ?' ഹുദൂർ പറഞ്ഞു: 'ഞാൻ ഇന്നലെയാണ് വന്നത്. കുറച്ചു സമയത്തിനുശേഷം ഞാൻ ഈ എല്ലാ പുതിയ നിർമാണങ്ങളും കണ്ടു. നിങ്ങൾ ഇതിനു അനുവാദം നല്കിയതിന് നിങ്ങൾക്കെല്ലാവർക്കും നന്ദിയുണ്ട്. നമ്മൾ ഈ ഇരിക്കുന്ന

സ്ഥലവും പുതിയതാണ്. വളരെ നല്ല സ്ഥലമാണ്. ആദ്യം ഇത്തരം സ്ഥലമൊന്നുമുണ്ടായിരുന്നില്ല.'

മേയർ പറഞ്ഞു: 'ഈ മസ്ജിദ് വളരെ മനോഹരമാണ്. സ്കാന്റിനേവിയായിലെ ആദ്യത്തെ മസ്ജിദാണ് ഇതെന്ന് ഞാൻ കരുതുന്നു.'

ഹുദൂർ പറഞ്ഞു: 'കലാപരമായ നിർമാണത്തിന്റെ അടിസ്ഥാനത്തിൽ നിങ്ങളുടെ പ്രദേശത്ത് ഇത് മനോഹരമായ ബിൽഡിംഗാണ്. ഈ ബിൽഡിംഗ് ലിസ്റ്റഡ് ആവേണ്ടതാണ്.' ഹുദൂർ പറഞ്ഞു: 'ഇപ്പോൾ താഴെ ഒരു വലിയ ഹാളും നിർമിച്ചിട്ടുണ്ട്. നിങ്ങൾക്ക് നിങ്ങളുടെ ഫംഗ്ഷനും ഇവിടെ നടത്താൻ കഴിയും.'

ഹുദൂർ ഇപ്പോൾ എവിടെയാണ് താമസിക്കുന്നത്? ലോകപര്യടനങ്ങൾ നടത്താറുണ്ടോ തുടങ്ങിയ ചോദ്യങ്ങൾക്ക് മറുപടിയായി ഹുദൂർ പറഞ്ഞു: 'ഞാൻ ഈയിടെയായി ലണ്ടനിലാണ് താമസിക്കുന്നത്. ലോകത്തിലെ വിവിധ രാജ്യങ്ങളിൽ എവിടെയാണോ ആവശ്യമുള്ളത് അവിടെ പോകാറുണ്ട്. ലോകം മുഴുവൻ നമ്മുടെ മിഷനുണ്ട്. ചിലത് വളരെ പുതിയതാണ്; ചിലത് വളരെ പഴയതും. പുതിയ മസ്ജിദുകളും സെന്ററുകളും നിർമിക്കപ്പെടുമ്പോൾ, അല്ലെങ്കിൽ എന്തെങ്കിലും സ്പെഷ്യൽ പരിപാടികൾ, ഇവന്റ്സ് ഉണ്ടാകുമ്പോൾ അവിടെ ഞാൻ പോകാറുണ്ട്. കഴിഞ്ഞവർഷം നവംബറിൽ ഞാൻ ജപ്പാനിൽ പോയിരുന്നു. അവിടെ ഞങ്ങളുടെ ആദ്യത്തെ മസ്ജിദിന്റെ ഉദ്ഘാടനമായിരുന്നു. അത്തരം പ്രത്യേക അവസരങ്ങളിൽ ഞാൻ പോകാറുണ്ട്.'

ഹുദൂർ അന്വേഷിച്ചപ്പോൾ മേയർ പറഞ്ഞു: 'അദ്ദേഹത്തിന്റെ പ്രദേശത്ത് 41 കൗൺസിലർമാരുണ്ട്. പ്രദേശത്തെ ജനസംഖ്യ 55,000 ആണ്. ഇവരിൽ 35,000 പേർ വോട്ടിനർഹരാണ്. ഇവരുടെ പ്രായം പതിനെട്ടോ അതിലധികമോ ആണ്. ഇവർ വോട്ടേഴ്സ് ലിസ്റ്റിൽപെട്ടവരാണ്. അപ്പോൾ ഹുദൂർ പറഞ്ഞു. ഇതിന്റെ അർഥം താങ്കളുടെ പ്രദേശത്തെ ജനസംഖ്യയുടെ 1/3 പതിനെട്ടു വയസ്സിനു താഴെയുള്ളവരാണ്. ഇങ്ങനെ നോക്കുമ്പോൾ നിങ്ങളുടെ യുവാക്കൾ കുറഞ്ഞുപോകുകയാണ്. നിങ്ങളുടെ യുവതലമുറയുടെ എണ്ണം വർധിപ്പിക്കുക. നിങ്ങൾക്ക് നിങ്ങളുടെ കുടുംബങ്ങളേയും വർധിപ്പിക്കേണ്ടതായുണ്ട്.' ഹുദൂർ പറഞ്ഞു: 'നിങ്ങളുടെ ഈ പ്രദേശം വളരെ നല്ലതാണ്. നല്ല അന്തരീക്ഷമാണ്, നല്ല ചുറ്റുപാടാണ്.'

ഒരു വനിത കൗൺസിലർ ചോദിച്ചു: 'ഇസ്ലാമിക പ്രബോധനത്തിനും സമാധാന സംസ്ഥാപനത്തിനും താങ്കൾ നേരിടുന്ന വെല്ലുവിളിയെന്താണ്? പ്രോസിക്യൂഷനും ഉണ്ടായിക്കൊണ്ടിരിക്കുന്നു.' ഹുദൂർ പറഞ്ഞു: 'ഇസ്ലാമിക രാജ്യങ്ങളിൽ പ്രത്യേകിച്ചും പാക്കിസ്താനിൽ ഞങ്ങൾക്കെതിരിൽ സർക്കാർതലത്തിൽ പ്രോസിക്യൂഷൻ ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഔദ്യോഗികമായി ഞങ്ങൾക്കെതിരിൽ നിയമം ഉണ്ടാക്കിയിട്ടുണ്ട്. ഞങ്ങൾക്ക് ഞങ്ങളെ മുസ്ലിമെന്ന് പറയാൻ അവകാശമില്ല. മുസ്ലിം എന്ന നിലയിൽ പ്രവർത്തിക്കാൻ പറ്റുകയില്ല. മുസ്ലിം എന്ന നിലയിൽ ഞങ്ങളെ പ്രകടിപ്പിക്കാൻ പറ്റുകയില്ല. ഇങ്ങനെയൊക്കെയാണ് നിയമമുണ്ടാക്കിയിട്ടുള്ളത്.

മറ്റു രാജ്യങ്ങളായ ഇന്തോനേഷ്യയിലും മലേഷ്യ തുടങ്ങിയ രാജ്യങ്ങളിലും സർക്കാർ തലത്തിൽ ഇങ്ങനെ നിയമമില്ലെങ്കിലും ഞങ്ങൾക്ക് ഞങ്ങളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്നുണ്ട്. പരസ്യമായി ഞങ്ങൾക്ക് പ്രബോധനം നടത്താൻ സാധിക്കുകയില്ല. ഞങ്ങളുടെ സന്ദേശം എത്തിക്കാൻ പറ്റുകയില്ല. ഇങ്ങനെയൊക്കെയാണെങ്കിലും ഇവിടങ്ങളിൽ ഞങ്ങളുടെ കമ്മ്യൂണിറ്റി നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു. ജനങ്ങൾ ജമാഅത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിൽ സൗത്ത്അമേരിക്കൻ രാജ്യങ്ങളിൽ ഞങ്ങളുടെ അംഗസംഖ്യ നിരന്തരം വർധിച്ചുകൊണ്ടിരിക്കുകയാണ്. വെല്ലുവിളി എല്ലായിടത്തുമുണ്ട്. ഇത് ഗൈമിന്റെ ഭാഗമാണ്. ഫുട്ബോൾ കളിക്കുകയാണെങ്കിൽ വിജയത്തിനായി പരിശ്രമിക്കേണ്ടിവരും. മറുഭാഗത്തുനിന്നുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. എത്ര വലിയ പദ്ധതിയാണോ, ലക്ഷ്യമാണോ അത്രയുമധികം ബുദ്ധിമുട്ടുകളുണ്ടാകും. പക്ഷേ, ഇങ്ങനെയൊക്കെ ഉണ്ടായിട്ടും ഞങ്ങൾ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ഓരോ വർഷവും അഞ്ചുലക്ഷത്തിലേറെ ആളുകളാണ് ജമാഅത്തിൽ ചേർന്നുകൊണ്ടിരിക്കുന്നത്. ഈ ചേരുന്നവർ സമാധാനകാംക്ഷികളാണ്. നിങ്ങളുടെ സന്ദേശം നല്ലതാണെങ്കിൽ, സ്നേഹനിർഭരമാണെങ്കിൽ സ്വീകരിക്കപ്പെടുന്നതാണ്. നല്ലതല്ലെങ്കിൽ ജനങ്ങൾ നിഷേധിക്കുകയും ചെയ്യും.

പക്ഷേ, ഭീകരവാദികളും അവരുടെ ഭീകരവാദ സന്ദേശങ്ങളും താൽക്കാലികമായി ഒരുപരിധി വരെ ആകർഷിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അതിന്റെ ആകർഷണം കൂടുതൽ നാൾ നില്ക്കുകയില്ല. ഇപ്പോൾ യൂറോപ്പിൽനിന്ന് ഈ സംഘടനകളിൽ ചേർന്ന യുവാക്കൾ കുറച്ചുകാലത്തിനുശേഷം അതിന്റെ യാഥാർഥ്യം മനസ്സിലാക്കിയപ്പോൾ അതിൽനിന്ന് പുറത്തുകടക്കണമെന്ന് തീരുമാനിച്ചു. പക്ഷേ, അവരുടെ തിരിച്ചുവരവ് ദുഷ്കരമായിത്തീരുന്നു. ഇങ്ങനെ അവർ ആ നിലയിൽ വധിക്കപ്പെടുകയോ അല്ലെങ്കിൽ ആ ജിഹാദീ സംഘടനകളുടെ അക്രമങ്ങൾക്ക് വിധേയരാകുകയോ ചെയ്യുന്നു. ഹുദൂർ പറഞ്ഞു: "ഞങ്ങളുടെ സന്ദേശമെങ്ങനെയുള്ളതാണെന്നാൽ, ലക്ഷക്കണക്കിനാളുകൾ ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു. അറേബ്യൻ രാജ്യങ്ങളിൽ സർക്കാർതലത്തിലും അവിടത്തെ ഉലമാക്കളിൽനിന്നും ഞങ്ങൾക്കെതിർപ്പുണ്ട്. പക്ഷേ, എന്നിട്ടും അറേബ്യൻരാജ്യങ്ങളിൽനിന്ന് ജനങ്ങൾ അഹ്മദിയ്യത്തിൽ പ്രവേശിച്ചുകൊണ്ടിരിക്കുന്നു.'

ഒരു കൗൺസിലർ പറഞ്ഞു: 'നിങ്ങൾക്ക് കുറച്ചു ഭീഷണി ഉണ്ടല്ലോ? ഹുദൂർ പറഞ്ഞു:'ഞാൻ തന്നെയും പാക്കിസ്താനിൽ തടവുകാരനായിട്ടുണ്ട്. ഒരു ബസ്സ്റ്റാന്റിനടുത്ത് ഒരു ബോർഡിൽ എഴുതിയിരുന്ന വിശുദ്ധഖുർആനിലെ വചനം മായിക്കാൻ ശ്രമിച്ചു എന്നതായിരുന്നു കുറ്റം. ഇത് അടിമുടി തെറ്റാണ്. ഇപ്രകാരം എതിരാളികൾ ഒരു തെളിവുമില്ലാതെ ആക്ഷേപങ്ങൾ ഉന്നയിക്കുകയാണ്. പിന്നീട് പ്രോസിക്യൂഷനുമുണ്ടാകുന്നു.

അപ്പോൾ കൗൺസിലർ പറഞ്ഞു: യൂറോപ്പിൽ താമസിച്ചുകൊണ്ട് എനിക്ക് അത്തരം പ്രോസിക്യൂഷനെ സംബന്ധിച്ച് ചിന്തിക്കുകതന്നെ പ്രയാസമാണ്. ഇവിടെ ഞങ്ങൾ സ്വതന്ത്രരാണ്. മതപരമായ സ്വാതന്ത്ര്യമുണ്ട്. സംസാരിക്കുന്നതിനും പ്രബോധനം നടത്തുന്നതിനും സ്വാതന്ത്ര്യമുണ്ട്. എങ്ങനെ വേണമെങ്കിലും സംസാരിക്കാം. സ്വന്തം കർമങ്ങൾ പ്രകടിപ്പിക്കുകയും ചെയ്യാം.

ഹുദൂർ പറഞ്ഞു: ഇവിടെ സംസാരിക്കാൻ സ്വാതന്ത്ര്യമുണ്ട്. ജർമനിയിൽ നിയമമുണ്ട്. അവിടെ നിങ്ങൾക്ക് ഒരു രാജ്യത്തിന്റേയും നേതാവിനെ പരിഹാസത്തിന് കുറിമാനമാക്കാൻ പറ്റുകയില്ല.

ഇപ്പോൾ തുർക്കി പ്രസിഡന്റിന്റെ കാർട്ടൂൺ വരച്ചു. ഇത് നിയമവിരുദ്ധമാണെന്ന് ജർമൻ ചാൻസലർ പറഞ്ഞു. അങ്ങനെ ചെയ്ത ആളുടെ പേരിൽ കേസെടുത്തു.

ഹുദൂർ പറഞ്ഞു: 'മതസ്വാതന്ത്ര്യമുണ്ടെന്നത് ശരി തന്നെയാണ്. അഭിപ്രായസ്വാതന്ത്ര്യമുണ്ട്. തബ്ലീഗ് ചെയ്യാനും സന്ദേശമെത്തിക്കാനും സ്വാതന്ത്ര്യമുണ്ട്. പക്ഷേ, ഈ സ്വാതന്ത്ര്യം മറ്റുള്ളവരുടെ വികാരങ്ങളെ വ്രണപ്പെടുത്തുന്നുവെങ്കിൽ അതിന് എവിടെയെങ്കിലും എന്തെങ്കിലും പരിധി നിശ്ചയിക്കേണ്ടിവരും. ഒരു വഴി സ്വീകരിക്കേണ്ടിവരും. അപ്പോഴാണ് സമാധാനത്തിന്റേയും സഹിഷ്ണുതയുടേയും സാഹോദര്യത്തിന്റേയും അന്തരീക്ഷം സാധ്യമാകുന്നത്.

ഹുദൂർ പറഞ്ഞു: ആവിഷ്ക്കാര സ്വാതന്ത്ര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞ കാര്യത്തോടു ബുദ്ധിമാന്മാർ അനുകൂലിക്കുന്നതാണ്. തന്റെ ഏതെങ്കിലും നല്ല സുഹൃത്ത് അങ്ങയ്ക്കെതിരിൽ ചീത്തപറഞ്ഞാൽ കരണക്കുറ്റിക്ക് അടിവാങ്ങാൻ അവൻ തയ്യാറായിരിക്കണമെന്ന് കത്തോലിക് പോപ്പ് പറഞ്ഞിരുന്നു. ക്രിസ്ത്യാനികൾ പോപ്പു പറയുന്ന കാര്യങ്ങൾ കേൾക്കേണ്ടതാണ്. പോപ്പ് ജനങ്ങളുടെ വികാരങ്ങൾ സംരക്ഷിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അദ്ദേഹം ആ വശത്തൂടെ ക്രിസ്തുമതത്തിന്റെ ശരിയായ അധ്യാപനമനുസരിച്ചാണ് പ്രവർത്തിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

ഹുദൂർ പറഞ്ഞു: പാശ്ചാത്യലോകത്ത് ആവിഷ്ക്കാര സ്വാതന്ത്ര്യത്തിന്റെ പരമമായ അവസ്ഥ എന്താണെന്നാൽ, പരസ്പരം പരിഹസിക്കുന്നു. കാർട്ടൂൺ വരച്ച് പരിഹസിക്കുന്നു. മുസ്ലിംലോകത്ത് സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള അവസ്ഥ എന്താണെന്നാൽ നമുക്ക് നമ്മളെ മുസ്ലിമെന്ന്പോലും പറയാൻ പറ്റുകയില്ല. മതത്തിന്റെ പേരിൽ പരസ്പരം കൊലയും കൊള്ളയുമാണ് നടക്കുന്നത്. നമ്മൾ സമാധാനം സ്ഥാപിക്കേണ്ട കാലമിതാണ്.

മതകാര്യത്തിൽ നിർബന്ധമില്ലെന്ന് ഇസ്ലാം പറയുന്നു. മതകാര്യം അല്ലാഹുവിന്റെ കൈയിലാണ്. മതസംബന്ധമായ കാര്യങ്ങൾ അവൻ തന്നെയാണ് തീരുമാനിക്കേണ്ടത്. മനുഷ്യൻ പരസ്പരം ആദരിക്കേണ്ടതാണ്. മാനുഷികമായ മൂല്യങ്ങൾ സുപ്രധാനമാണ്. അത് ശ്രദ്ധിക്കണം. മതത്തിന്റെ കാര്യം അല്ലാഹുവിന്റെ കൈയിലിരിക്കാൻ വിടുക. മതവിശ്വാസികൾ പരസ്പരം കൊല്ലാൻ തുടങ്ങിയാൽ പിന്നെ ആര്, ഏതു മതത്തിലാണ് നടക്കുക. അപ്പോൾ മതം കൊണ്ടുള്ള ഫലമെന്താണ്? പരസ്പരം കൊന്നുകൊണ്ട് എല്ലാവരും മരിച്ചൊടുങ്ങും.

ഹുദൂർ പറഞ്ഞു: എല്ലാവരും മനുഷ്യരാണെന്നും നമ്മൾ മാനുഷികമൂല്യങ്ങൾ നിലനിറുത്തണമെന്നും പരസ്പരം ആദരിക്കണമെന്നുമുള്ള അടിസ്ഥാന തത്വത്തിൽ നിലകൊള്ളുമ്പോൾ ലോകത്ത് സമാധാനം സ്ഥാപിതമാകുന്നതാണ്.

എപ്പോൾ മുതലാണ് താങ്കൾ ഖലീഫയായത് എന്ന ചോദ്യത്തിനുള്ള മറുപടിയിൽ ഹുദൂർ പറഞ്ഞു: ഞാൻ 2005ൽ ഇവിടെ വന്നിരുന്നു. അപ്പോൾ ഈ കെട്ടിടമുണ്ടായിരുന്നില്ല. ഇപ്പോൾ ഇവിടെ പുതിയ നിർമാണങ്ങൾ ഉണ്ടായിരിക്കുന്നു. ഇവിടെ ഞങ്ങളുടെ പുതിയ കമ്മ്യൂണിറ്റിയുണ്ട്. ഒരുപാടാളുകളും കുടുംബങ്ങളും എന്നെ കാത്തിരിക്കുകയാണ്. അവർ എന്നെ കാണുന്നതായിരിക്കും. ഞാൻ അവരേയും കാണുന്നതായിരിക്കും. ആളുകൾ തങ്ങളുടെ അടുത്തബന്ധുക്കളേയും പ്രിയപ്പെട്ടവരേയും കാണുകയും പരസ്പരം കണ്ട് സന്തോഷിക്കുകയും ചെയ്യുന്നതുപോലെയാണ് ഞങ്ങളുടെ കൂടിക്കാഴ്ചയും.

മേയറും കൗൺസിലർമാരുമായിട്ടുള്ള ഈ കൂടിക്കാഴ്ച 7.25ന് അവസാനിച്ചു. അവസാനം ഈ എല്ലാ അതിഥികളും ഹുദൂറുമൊത്ത് ഫോട്ടോയെടുത്തു.

(തുടരും)

## അല്ലാഹുവിന്റെ കലാം

***മാലക്കും മ്മിൻദൂനില്ലാഹി മിൻ വ്വലിയ്യിൻ വ്വലാ നസീർ(2:108)***

**"അല്ലാഹു അല്ലാതെ നിങ്ങൾക്ക് ഒരു രക്ഷാധികാരിയോ സഹായിയോ ഇല്ലെന്ന് നിങ്ങൾ അറിഞ്ഞിട്ടില്ലേ?"**

**ത്വാലിബെ ദുആ**
പി.പി.റഹീമും കുടുംബവും
അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് പഴയങ്ങാടി (കേരള)

**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാഞ്ച്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# നബിയെ നിഷേധിച്ചാൽ മോക്ഷമോ?

## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

പരിശുദ്ധനായ നബി കരഞ്ഞുകരഞ്ഞ് ഉള്ളുരുകി പ്രാർഥിക്കാതെ, അല്ലാഹുവിലേക്ക് ശ്രദ്ധ ചെലുത്താതെ, ദൈവമുഖത്തിന്റെ തിളക്കം ലോകത്ത് പ്രകടമാക്കുന്നതിന് തന്റേതായ ത്യാഗം ചെയ്യാതെ, ഓരോ ചുവടുവയ്പിലും ആയിരക്കണക്കിന് മരണം സ്വീകരിക്കാൻ തയ്യാറാവാതെ ഇരിക്കുകയാണെങ്കിൽ ദൈവത്തിന്റെ മുഖം ഒരിക്കലും ലോകത്ത് പ്രകടമാകുകയില്ല. **(വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ)**

(തുടർച്ച)...ചുരുക്കിപ്പറഞ്ഞാൽ ലോകോൽപത്തി മുതൽ ദൈവത്തെ തിരിച്ചറിയുക എന്ന അഭൗമികാവസ്ഥ നബിയെ തിരിച്ചറിയുന്നതുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഇതുകൊണ്ട് നബിയെക്കൂടാതെ തൗഹീദ് അഥവാ ഏകദൈവത്തിലുള്ള ദൃഢവിശ്വാസം ലഭ്യമാകുമെന്ന ധാരണ അസംഭാവ്യവും അസാധ്യവുമാകുന്നു. ദൈവത്തിന്റെ രൂപം ദർശിക്കാനുള്ള കണ്ണാടിയാണ് നബി. ഈ കണ്ണാടിയിലൂടെ ദൈവത്തിന്റെ മുഖം കാണുമാറാകുന്നു. ദൈവം തന്നത്താൻ പ്രത്യക്ഷപ്പെടാൻ ഉദ്ദേശിക്കുമ്പോൾ തന്റെ ശക്തിപ്രഭാവത്തിന്റെ പ്രതീകമായ നബിയെ ലോകത്തേയ്ക്ക് അയക്കുന്നു. അദ്ദേഹത്തിൽ വെളിപാടിറക്കുന്നു. അപ്പോഴാണ് ദൈവമുണ്ടെന്ന സംഗതി ലോകത്തിന്നറിയാൻ കഴിയുന്നത്. ദൈവത്തിന്റെ സനാതനമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ അവനെ തിരിച്ചറിയുന്നതിന് ഏതൊരുകൂട്ടരുടെ സാന്നിധ്യം അത്യാവശ്യമായ നിലയിൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നുവോ അവരിൽ വിശ്വസിക്കുകയെന്നത് തൗഹീദിന്റെതന്നെ ഒരുഭാഗമാണ്. ഈ വിശ്വാസം കൂടാതെ തൗഹീദിലുള്ള വിശ്വാസം പരിപൂർണമാകുകയില്ല. ആ ദൈവിക അടയാളങ്ങളും ദിവ്യജ്ഞാനംവരെ എത്തിക്കുന്നതും നബിമാർ കാണിക്കുന്നതുമായ ദൃഷ്ടാന്തങ്ങളും കൂടാതെ അനുഭവജ്ഞാനത്തിന്റെ ഉറവിൽനിന്ന് ഉത്ഭൂതമാകുന്ന കറയറ്റ പരിപൂർണ തൗഹീദ് കൈവരിക അസാധ്യമാണ്. ആ മഹത്തുക്കൾ തന്നെയാണ് ദൈവത്തെ പ്രദർശിപ്പിക്കുന്നത്. അവരിലൂടെ സൂക്ഷ്മനിൽ സൂക്ഷ്മനും മറഞ്ഞവരിൽ മറഞ്ഞവനും അദൃശ്യനിൽ അദൃശ്യനുമായ ദൈവം വെളിപ്പെടുന്നു. ദൈവം എന്ന പേരുള്ള ആ ഗോപ്യനിധി നബിമാർ മുഖേന മാത്രമാണ് എന്നും തിരിച്ചറിയപ്പെട്ടിട്ടുള്ളത്. ദൈവസന്നിധിയിൽ സ്വീകാര്യമായതും കർമപരമായ നിറം പരിപൂർണമായ നിലയിൽ അഭിഷേകം ചെയ്യപ്പെട്ടതുമായ ആ തൗഹീദ് നബിമാരെക്കൂടാതെ ലഭിക്കുമെന്നത് ബുദ്ധിയ്ക്കു വിരുദ്ധമാണെന്നതുപോലെതന്നെ അല്ലാഹുവിന്റെ മാർഗത്തിൽ പ്രയാണം ചെയ്യുന്നവരുടെ അനുഭവത്തിനും എതിരാണ്.

മോക്ഷപ്രാപ്തിക്ക് കേവലം ഏകദൈവത്തിലുള്ള വിശ്വാസം പോരേ, നബിയിൽ വിശ്വസിക്കേണ്ടതുണ്ടോ എന്ന് അജ്ഞരായ ചിലയാളുകൾ സംശയിക്കാറുണ്ട്. അവർ ആത്മാവിനെ ശരീരത്തിൽനിന്ന് വേർപ്പെടുത്താൻ ആഗ്രഹിക്കുന്നുവെന്നർഥം. ഈ സംശയം അപ്പടി ഹൃദയാന്ധതയിലധിഷ്ഠിതമാണ്. 'തൗഹീദെ ഹഖീഖി' അതായത് സാക്ഷാൽ ഏകദൈവവിശ്വാസത്തിന്റെ സാന്നിധ്യംതന്നെ നബിമാർ മുഖേന സ്ഥാപിതമാകുകയും അവരെക്കൂടാതെ ആ വിശ്വാസം കിട്ടാതെ വരികയും ചെയ്യുമ്പോൾ നബിയിൽ വിശ്വസിക്കാതെ അത് കരഗതമാകുന്നതെങ്ങനെ? തൗഹീദിന്റെ വേരായി നിൽക്കുന്ന നബിയെ വിശ്വാസകാര്യത്തിൽനിന്ന് വേർപെടുത്തുകയാണെങ്കിൽ അതെങ്ങനെയാണ് നിലനിൽക്കുക. തൗഹീദിന്റെ ഹേതുവും തൗഹീദിന്റെ സ്രഷ്ടാവും തൗഹീദിന്റെ പിതാവും തൗഹീദിന്റെ ഉത്ഭവവും തൗഹീദിന്റെ പരിപൂർണപ്രതീകവും നബിയൊന്നുമാത്രമാണ്. നബിമുഖേനയാണ് മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ മുഖം കാണാൻ കഴിയുന്നതും ദൈവം ഉണ്ടെന്ന് അറിയാൻ സാധിക്കുന്നതും. ഒരു വശത്ത് ഐശ്വര്യപൂർണനും പരാശ്രയരഹിതനും പ്രതാപവാനുമായ അല്ലാഹുവിന്റെ അസ്തിത്വം നിലകൊള്ളുന്നു. ആരെങ്കിലും സന്മാർഗത്തിലാകുന്നതും ദുർമാർഗത്തിലാകുന്നതുമൊന്നും അവന് പ്രശ്നമല്ല. മറുവശത്ത് താൻ തിരിച്ചറിയപ്പെടണമെന്നും അനാദികാലം മുതൽക്കെയുള്ള തന്റെ കാരുണ്യത്തിൽനിന്ന് ജനങ്ങൾ ഫലമെടുക്കണമെന്നും അവൻ സ്വാഭാവികമായി താൽപര്യപ്പെടുകയും ചെയ്യുന്നു. സ്നേഹവും സാമീപ്യവും പരിശുദ്ധിയും സ്വായത്തമാക്കുന്നതിനുവേണ്ടി സ്വാഭാവികമായ ശക്തി പരിപൂർണമായനിലയിൽ സംഭരിച്ചിട്ടുള്ള ഹൃദയങ്ങളിൽ, പ്രകൃത്യാൽത്തന്നെ മനുഷ്യകുലത്തോടു തികഞ്ഞ നിലയിൽ സഹതാപമുള്ള ഹൃദയങ്ങളിൽ അവൻ വെളിപ്പെടുന്നു. അതിൽ തന്റെ അസ്തിത്വത്തിന്റേയും അനാദിയും അനശ്വരവുമായ സവിശേഷ ഗുണങ്ങളുടേയും പ്രകാശം പ്രകടിപ്പിക്കുന്നു. ഇപ്രകാരം ആ വിശേഷജ്ഞനും ഉന്നതപ്രകൃതിയുടെ ഉടമയുമായ മനുഷ്യനെ (ഇദ്ദേഹത്തെ മറ്റു വാക്കുകളിൽ നബി എന്നു പറയുന്നു) അവനിലേക്ക് വലിച്ചടുപ്പിക്കുന്നു. പിന്നീട് ആ നബി, മനുഷ്യകുലത്തോടുള്ള അതിയായ അനുകമ്പ അദ്ദേഹത്തിന്റെ മനസ്സിൽ അലതല്ലുന്ന കാരണത്താൽ തന്റെ ആത്മീയമായ ആഭിമുഖ്യവും കരഞ്ഞുകരഞ്ഞു കൊണ്ടുള്ള പ്രാർഥനയും വിനയവും കൊണ്ട് തന്നിൽ വെളിപ്പെട്ട ആ ദൈവത്തെ മറ്റുള്ളവരും തിരിച്ചറിയുമാറാകണമെന്നും മോക്ഷം സിദ്ധിക്കുമാറാകണമെന്നും ആഗ്രഹിക്കുന്നു. അവർ സന്തോഷത്തോടെ അല്ലാഹുവിന്റെ മുമ്പിൽ തങ്ങളുടെ ജന്മം ബലിയായി സമർപിക്കുന്നു. ജനങ്ങൾ ജീവിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെ നിരവധി മരണം അവർ സ്വയം വരിക്കുന്നു. കഠിന പ്രയത്നങ്ങളിൽ സ്വമേധയാ തങ്ങളെ അകപ്പെടുത്തുന്നു. അതിലേക്കാണ് ഈ ഖുർആനിക വചനം സൂചന നൽകുന്നത്. 'അവർ വിശ്വാസികളാകാത്ത കാരണത്താൽ നീ നിന്റെ ജീവനെ നശിപ്പിച്ചേക്കാം.' (26:4) അപ്പോൾ, അല്ലാഹു സൃഷ്ടിജാലങ്ങളിൽനിന്ന് അതീതനും ഐശ്വര്യമുടയവനുമാണെങ്കിൽത്തന്നെയും നബിയുടെ ഇടതടവില്ലാത്ത ദുഃഖവും വേദനയും കഷ്ടപ്പാടും അസ്വസ്ഥതയും താഴ്മയും ഇല്ലായ്മയും സത്യസന്ധതയും പരിശുദ്ധിയും കണ്ടിട്ട് സൃഷ്ടികളിലെ സന്നദ്ധഹൃദയങ്ങളിൽ അടയാളങ്ങളോടുകൂടി തന്റെ മുഖം പ്രകടമാക്കുന്നു. ദൈവിക സന്നിധിയിൽ കോളിളക്കം സൃഷ്ടിക്കുന്ന അദ്ദേഹത്തിന്റെ അത്യുജ്ജ്വലമായ പ്രാർഥനയുടെ ഫലമായി അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ ഭൂമിയിൽ മഴപോലെ വർഷിക്കുന്നു. മനുഷ്യശക്തിക്കതീതമായ അടയാളങ്ങൾ ജനങ്ങൾക്ക് കാണിച്ചുകൊടുക്കുന്നു. അതിലൂടെ ദൈവത്തിന്റെ മുഖം പ്രകടമാവുകയും ദൈവം ഉണ്ടെന്ന് ലോകം കാണുകയും ചെയ്യുന്നു. എന്നാൽ, പരിശുദ്ധനായ നബി കരഞ്ഞുകരഞ്ഞ് ഉള്ളുരുകി പ്രാർഥിക്കാതെ, അല്ലാഹുവിലേക്ക് ശ്രദ്ധ ചെലുത്താതെ, ദൈവമുഖത്തിന്റെ തിളക്കം ലോകത്ത് പ്രകടമാക്കുന്നതിന് തന്റേതായ ത്യാഗം ചെയ്യാതെ, ഓരോ ചുവടുവയ്പിലും ആയിരക്കണക്കിന് മരണം സ്വീകരിക്കാൻ തയ്യാറാവാതെ ഇരിക്കുകയാണെങ്കിൽ ദൈവത്തിന്റെ മുഖം ഒരിക്കലും ലോകത്ത് പ്രകടമാകുകയില്ല. എന്തുകൊണ്ടെന്നാൽ ദൈവം സ്വയം പര്യാപ്തനാണ്. ഒരുവന്റേയും ആശ്രയം അവന് ആവശ്യമില്ല. അവൻ പറയുന്നു. "നിശ്ചയമായും അല്ലാഹു ലോകത്തിൽ ആരുടേയും ഒരുവിധ ആശ്രയവുമാവശ്യമില്ലാത്തവനാണ്."(3:98). നമ്മുടെ മാർഗത്തിൽ ആരാണോ കഠിന പ്രയത്നം ചെയ്യുന്നത്. നമുക്കുവേണ്ടിയുള്ള അന്വേഷണത്തിൽ അധ്വാനത്തെ അതിന്റെ പരമമായ അവസ്ഥവരെ എത്തിക്കുന്നത് നാം അവർക്കുവേണ്ടി നമ്മുടെ മാർഗം കാണിച്ചുകൊടുക്കുകയെന്നത് നമ്മുടെ പ്രകൃതിനിയമമാണ് (29:70). നബിമാരാണ് ദൈവവഴിയിൽ ഒന്നാമതായി ത്യാഗം അർപിക്കുന്നവർ. ഓരോരുത്തരും തങ്ങൾക്കുവേണ്ടി അധ്വാനിക്കുമ്പോൾ അവർ മറ്റുള്ളവർക്കുവേണ്ടി പ്രയത്നിക്കുന്നു. ജനങ്ങൾ ഉറങ്ങുന്നു. ആ ഉറങ്ങുന്നവർക്കുവേണ്ടി അവർ ഉണരുന്നു. ജനങ്ങൾ പൊട്ടിപൊട്ടിച്ചിരിക്കുന്നു. ആ ചിരിക്കുന്നവർക്കുവേണ്ടി അവർ കരഞ്ഞുകരഞ്ഞു കാലം കഴിക്കുന്നു. ലോകത്തിന്റെ വിമോചനത്തിനായി ഓരോ നാശവും സന്തോഷത്തോടെ അവർ ഏറ്റുന്നു. ദൈവം ദിവ്യശക്തിയിലൂടെ തന്റെ സാന്നിധ്യം ജനങ്ങളുടെമേൽ സ്ഥാപിക്കുന്നതിനും സന്നദ്ധഹൃദയങ്ങളിൽ അവന്റെ അസ്തിത്വവും ഏകത്വവും വെളിപ്പെട്ട് അവ മോക്ഷപ്രാപ്തമായിത്തീരുന്നതിനും വേണ്ടിയാണ് അവർ ഇതെല്ലാം ചെയ്യുന്നത്. തങ്ങളെ ജന്മശത്രുവായി കരുതുന്നവരോടുള്ള സഹതാപത്തിൽ അവർ മരിച്ചു ജീവിക്കുന്നു. അവരുടെ വേദന അതിന്റെ പരമകാഷ്ഠയിലെത്തുമ്പോഴുള്ള നെടുവീർപ്പുകളാൽ (അത് സൃഷ്ടികളുടെ മോചനത്തിനുവേണ്ടിയുള്ളതാണ്) ദൈവിക സന്നിധി നിറഞ്ഞു കവിയുന്നു. അപ്പോൾ അല്ലാഹു തന്റെ മുഖത്തിന്റെ തിളക്കം കാണിക്കുകയും ശക്തിമത്തായ ദൃഷ്ടാന്തങ്ങളോടുകൂടി അവന്റെ അസ്തിത്വവും ഏകത്വവും ജനങ്ങളിൽ പ്രകടമാക്കുകയും ചെയ്യുന്നു. ഏക ദൈവവിശ്വാസത്തിന്റേയും ദൈവസാമീപ്യത്തിന്റേയും അനുഭവസമ്പത്ത് ദൈവദൂതന്റെ കോന്തലയിൽനിന്നു തന്നെയാണ് ലോകത്തിന് കിട്ടുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ഇവരെക്കൂടാതെ ഒരിക്കലുമത് ലഭ്യവുമല്ല. ഇക്കാര്യത്തിൽ അത്യുന്നതമായ മാതൃക കാണിച്ചത് നമ്മുടെ നബി സ്വല്ലല്ലാഹു അലയ്ഹിവസല്ലമയാണ്. മാലിന്യങ്ങളുടെ കൂമ്പാരത്തിനുമേൽ ചമ്രം പടിഞ്ഞിരുന്ന ഒരു ജനതയെ എടുത്ത് മനോഹരമായ പൂന്തോട്ടത്തിൽ അവിടന്നെത്തിച്ചു. ആത്മീയമായ വിശപ്പും

### ഹദീസുന്നബ്വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 16 August 2018 Issue-33

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

ദാഹവുംകൊണ്ട് മരിച്ചു തുടങ്ങിയവരുടെ മുമ്പിൽ മേത്തരം ആത്മീയ ഭക്ഷണങ്ങളും പാനീയങ്ങളും വെച്ചുകൊടുത്തു. മൃഗീയാവസ്ഥയിൽനിന്ന് അവരെ മനുഷ്യരാക്കിത്തീർത്തു. എന്നിട്ട് സാധാരണ മനുഷ്യനിൽനിന്ന് സഞ്ചിത സംസ്കാര സമ്പന്നനായ മനുഷ്യനാക്കിമാറ്റി. പിന്നീട് സംസ്കാരസമ്പന്നനായ മനുഷ്യനിൽനിന്ന് സമ്പൂർണമനുഷ്യനാക്കി എടുക്കുകയും ചെയ്തു. ദൈവത്തെ കാണത്തക്കവിധം അവർക്കുവേണ്ടി അടയാളങ്ങൾ കാണിച്ചു. മലക്കുകൾക്ക് കൈകൊടുക്കാൻ അർഹരാക്കിത്തീർക്കും വിധം അവരിൽ വിപ്ലവമുണ്ടാക്കി. ഈ സ്വാധീനം മറ്റൊരു നബിയിൽനിന്നും തങ്ങളുടെ ജനതയിൽ പ്രകടമായിട്ടില്ല. എന്തുകൊണ്ടെന്നാൽ അവരുടെ സഹവാസം ഇതിന് അപര്യാപ്തമായിരുന്നു. ഞാൻ എപ്പോഴും അത്ഭുത ദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്ന് പേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കുമാറാകട്ടെ) എത്രമേൽ ഉൽകൃഷ്ട പദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നിത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല.*

അഹോ കഷ്ടം! അവിടത്തെ യഥാർഥപദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാറായില്ല. ലോകത്തുനിന്നു തികച്ചും അപ്രത്യക്ഷമായിക്കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകമാരെക്കാളും ശ്രേഷ്ഠത്വം ദൈവം അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. എല്ലാ ഉദാരതയുടേയും ഉത്ഭവസ്ഥാനം അദ്ദേഹം തന്നെയാണ്. അദ്ദേഹത്തിന്റെ ഉദാരത അംഗീകരിക്കാതെ ഏതെങ്കിലും മേന്മ ആരെങ്കിലും അവകാശപ്പെട്ടാൽ അവൻ മനുഷ്യനല്ല. മറിച്ച് ശയ്ത്വാന്റെ സന്തതിയാണ്. കാരണം സകല മേന്മയുടേയും താക്കോൽ അദ്ദേഹത്തിന് നല്കപ്പെട്ടിരിക്കുന്നു. ദിവ്യജ്ഞാനത്തിന്റെ എല്ലാ ഖജനാവുകളും അദ്ദേഹത്തിന് ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അദ്ദേഹം മുഖേന അത് പ്രാപിച്ചിട്ടില്ലാത്തവൻ എന്നെന്നും അവഗണിക്കപ്പെട്ടവനായിരിക്കും. നാം എന്തു വസ്തുവാണ്? എന്തർഥമാണ് നമുക്കുള്ളത്? ഈ നബി മുഖേനയാണ് യഥാർഥമായ തൗഹീദ് നാം പ്രാപിച്ചതെന്നും, ജീവനുള്ള ദൈവത്തെ നമുക്ക് തിരിച്ചറിയാൻ കഴിഞ്ഞത് പരിപൂർണനായ ഇതേ നബി മുഖേനയാണെന്നും ദൈവത്തിന്റെ ഭാഷണങ്ങൾ ശ്രവിച്ച് അവന്റെ മുഖം കാണാൻ ഭാഗ്യമുണ്ടായത് മഹാനായ ഇതേ നബി മുഖേനയാണെന്നും സമ്മതിക്കുന്നില്ലെങ്കിൽ നാം നന്ദികെട്ടവരായിത്തീരും. ഈ സന്മാർഗസൂര്യന്റെ കിരണങ്ങൾ വെയിലെന്നപോലെ നമ്മളിൽ പതിക്കുന്നു. അതിനുനേരെ നിൽക്കുന്നിടത്തോളം നമുക്ക് പ്രദീപ്തരായിരിക്കാൻ കഴിയും.

നബി(സ) തിരുമേനിയിൽ വിശ്വസിക്കാത്ത ഒരാൾ അല്ലെങ്കിൽ ഇസ്ലാംമതത്തിൽനിന്ന് പുറത്തുപോയ ഒരാൾഏകദൈവവിശ്വാസത്തിൽനിലകൊള്ളുകയും ദൈവത്തെ ഏകനും പങ്കുകാരനില്ലാത്തവനുമായി കരുതുന്നതുകൊണ്ട് മോക്ഷം പ്രാപിക്കുമെന്നും നിഷേധിക്കുന്നത് കൊണ്ടോ ഇസ്ലാമിനെ ഉപേക്ഷിച്ചതിനാലോ ഒരു കുഴപ്പവും സംഭവിക്കാനില്ലെന്ന ധാരണയിൽ ശാഠ്യം പിടിച്ചു നിൽക്കുന്നവർ – അബ്ദുൽ ഹക്കീം ഖാന്റെ മതം പോലെ– സാക്ഷാൽ തൗഹീദിന്റെ യാഥാർഥ്യം അറിയാത്തവനാണ്. ഈ രീതിയിൽ ശയ്ത്വാനും അല്ലഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് വിശ്വസിക്കുന്നുണ്ടെന്ന് പലപ്രാവശ്യം നാം എഴുതിയിട്ടുണ്ട്. എന്നാൽ, ദൈവത്തെ ഏകനെന്ന് കരുതിയതുകൊണ്ട് മാത്രം മോക്ഷം പ്രാപിക്കാൻ സാധ്യമല്ല. മോക്ഷം രണ്ട് കാര്യത്തിൽ നിക്ഷിപ്തമാണ്. ഒന്ന്, പരിപൂർണ ദൃഢതയോടെ അല്ലാഹുവിന്റെ അസ്തിത്വത്തിലും അവന്റെ ഏകത്വത്തിലും വിശ്വസിക്കുക. രണ്ടാമതായി പ്രതാപവാനായ അല്ലാഹുവിനോടുള്ള സ്നേഹം അവന്റെ മനസ്സിൽ തറച്ചിട്ടുണ്ടായിരിക്കുക; അതായത് ആ സ്നേഹത്തിന്റേയും, ആധിപത്യത്തിന്റേയും ആധികൃത്തിന്റേയും ഫലമായി അല്ലാഹുവിനോടുള്ള അനുസരണം ശരിയായനിലയിൽ അവന്റെ മനസ്സിന് സന്തോഷപ്രദമായിത്തീരുകയും അതുകൂടാതെ അവന്ന് ജീവിക്കാനൊക്കാത്ത ഒരു നില കൈവരികയും അവനോടുള്ള സ്നേഹത്തിനുമുമ്പിൽ മറ്റെല്ലാ സ്നേഹവും നിഷ്പ്രഭമായിത്തീരുകയും ചെയ്യുന്നരീതിയിലുള്ള സമ്പൂർണസ്നേഹം. ഇതാണ് യഥാർഥ തൗഹീദ്. ഇത് നമ്മുടെ മാതൃകാപുരുഷനും യജമാനരുമായ ഹദ്റത്ത് മുഹമ്മദ് സ്വല്ലല്ലാഹു അലയ്ഹി വ സല്ലമയെ പിന്തുടരാതെ ഒരിക്കലും ലഭിക്കുകയില്ല. എന്തുകൊണ്ട് ലഭിക്കുകയില്ല? കാരണം അല്ലാഹുവിന്റെ അസ്തിത്വം അദൃശ്യത്തിൽ അദൃശ്യവും പിന്നിന്റെ പിന്നിലുള്ളതും അങ്ങേയറ്റം മറഞ്ഞിരിക്കുന്നതുമാണ്. ഇതിനെ സ്വശക്തികൊണ്ട് മനുഷ്യബുദ്ധിയ്ക്കന്വേഷിച്ച് കണ്ടെത്താൻ കഴിയില്ല. ബുദ്ധിപരമായ ഒരു തെളിവും അവന്റെ അസ്തിത്വത്തിന് അഖണ്ഡിതമായ തെളിവാകുക സാധ്യവുമല്ല. എന്തുകൊണ്ടെന്നാൽ ബുദ്ധിയുടെ ഓട്ടവും അധ്വാനവും ഈ പ്രപഞ്ചത്തിലെ ശില്പങ്ങൾ കണ്ട് ശില്പിയുടെ ആവശ്യകത മനസ്സിലാക്കാൻവരെ മാത്രമേ ഉപകരിക്കുകയുള്ളൂ. എന്നാൽ, ആവശ്യകത ബോധ്യപ്പെടുക എന്നത് മറ്റൊരു കാര്യമാണ്. ദൈവത്തിന്റെ ആവശ്യകത അംഗീകരിച്ച് അനുമാനജ്ഞാനത്തിന്റെ നിലപ്രാപിക്കുകയെന്നതും ആ ദൈവം 'ഉണ്ട്' എന്ന അനുഭവജ്ഞാനത്തിന്റെ നിലയിലെത്തുന്നതും രണ്ടും രണ്ടാണ്. ബുദ്ധിയുടെ വഴി അപര്യാപ്തവും അപൂർണവും സംശയമുളവാക്കുന്നതുമാണ്. അതുകൊണ്ടുതന്നെ, ഒരു തത്വചിന്തകനും ബുദ്ധിമാത്രം പ്രയോഗിച്ച് ദൈവത്തെ കണ്ടെത്താൻ സാധിക്കുകയില്ല. എന്നുമാത്രമല്ല, ബുദ്ധികൊണ്ട് ദൈവത്തെ അറിയാൻ ആഗ്രഹിക്കുന്ന അത്തരക്കാരിലധികവും അവസാനം നിരീശ്വരവാദികളായിത്തീരുകയും ചെയ്യുന്നു. ഭൂമിയിലും ആകാശങ്ങളിലുമുള്ള വസ്തുക്കളുടെ ചിന്ത അവർക്ക് പ്രയോജനമൊട്ടും ചെയ്യുന്നില്ല. അവർ ദൈവത്തിന്റെ പരിപൂർണരായ മനുഷ്യരെ പരിഹസിക്കാനും നിന്ദിക്കാനും തുടങ്ങുന്നു. അവരെന്താണ് ഇതിന് തെളിവായി പറയുന്നത്. നമുക്ക് പ്രയോജനമൊന്നും ചെയ്യാത്ത ആയിരക്കണക്കിന് വസ്തുക്കൾ ലോകത്തുണ്ട്. ഇവയിൽ നമ്മുടെ ബുദ്ധിപരമായ അന്വേഷണം കൊണ്ട് ഒരു സ്രഷ്ടാവിന്റെ വിവരം നൽകുന്നരീതിയിലുള്ള വസ്തുക്കളൊന്നും സ്ഥാപിതമായിട്ടില്ല. എന്നുമാത്രമല്ല, ആ വസ്തുക്കളുടെ നിലനിൽപ്പു തന്നെ കേവലം നിരർഥവും അയഥാർഥവുമായ നിലയിലാണ് നമ്മൾ കാണുന്നത്. അഹോ കഷ്ടം! ഒരു വസ്തുവിനെക്കുറിച്ചുള്ള അറിവിന്റെ അഭാവം ആ വസ്തു ഇല്ലെന്നതിലേക്ക് തെളിവല്ലെന്ന് അജ്ഞരായ ഇവർ അറിയുന്നില്ല. തങ്ങളെ ഒന്നാം നമ്പർ ബുദ്ധിമാന്മാരും തത്വചിന്തകരുമായി മനസ്സിലാക്കുന്നവരും ദൈവാസ്തികൃത്തെ കഠിനമായി നിഷേധിക്കുന്നവരുമായ ഇത്തരമാളുകൾ ഇക്കാലത്ത് ലക്ഷക്കണക്കിനുണ്ട്. ബുദ്ധിപരമായുള്ള എന്തെങ്കിലും ശക്തമായ തെളിവ് അവർക്ക് കിട്ടിയിരുന്നെങ്കിൽ അവർ ദൈവാസ്തികൃത്തെ നിഷേധിക്കുമായിരുന്നില്ലെന്ന് വ്യക്തമാണ്. പ്രതാപവാനായ ദൈവത്തിന്റെ ആസ്തിക്യം സ്ഥാപിക്കുന്ന സംശയരഹിതമായ എന്തെങ്കിലും ബുദ്ധിപരമായ തെളിവ് അവരെ കുറ്റവാളികളാക്കിയിരുന്നെങ്കിൽ, അവർ കടുത്ത ലജ്ജ ഇല്ലായ്മയോടും മുരത്ത പരിഹാസത്തോടും നിറഞ്ഞ നിന്ദ്യതയോടുംകൂടി ദൈവാസ്തികൃത്തെ നിഷേധിക്കുന്നവരാകുമായിരുന്നില്ല. തത്വചിന്തകരുടെ വഞ്ചിയിലിരുന്ന് സംശയങ്ങളുടെ കൊടുങ്കാറ്റിൽനിന്ന് രക്ഷപെടാൻ ആർക്കും സാധ്യമല്ല. എന്നുമാത്രമല്ല മുങ്ങിപ്പോവുകയും ചെയ്യും. ഒരിക്കലുമൊരിക്കലും പവിത്രമായ ഏകദൈവവിശ്വാസത്തിന്റെ ശർബത്ത് അവർക്ക് കിട്ടുകയില്ല. നബി(സ)തിരുമേനിയുടെ ഇടനിലകൂടാതെ തൗഹീദ് ലഭ്യമാക്കുന്നതാണെന്നും അതുകൊണ്ട് മനുഷ്യന് മോക്ഷം പ്രാപിക്കാവുന്നതാണെന്നുമുള്ള ധാരണ എത്രമാത്രം നിരർഥവും ദുർഗന്ധം വമിക്കുന്നതുമാണെന്ന് ചിന്തിച്ചുനോക്കുക വിവരമില്ലാത്തവരേ!ദൈവാസ്തികൃത്തിൽ പരിപൂർണ വിശ്വാസമില്ലാതെ അവന്റെ തൗഹീദിൽ എങ്ങനെയാണ് വിശ്വാസമുണ്ടാകുന്നത്. യഥാർഥ തൗഹീദ് നബിമുഖേന മാത്രമേ ലഭ്യമാകുകയുള്ളൂവെന്ന് ഉറച്ച് മനസ്സിലാക്കുക. ഏതുപോലെയെന്നാൽ നമ്മുടെ നബി(സ)അറേബ്യയിലെ നിരീശ്വരവാദികളേയും വികലമായ മതങ്ങളേയും ആയിരക്കണക്കിന് ദൈവിക അടയാളങ്ങൾ കാണിച്ച് അല്ലാഹുവിന്റെ ആസ്തിക്യം ബോധ്യപ്പെടുത്തുകയുണ്ടായി. നബി(സ)തിരുമേനിയെ സത്യമായ നിലയിലും പരിപൂർണമായ രീതിയിലും അനുധാവനം ചെയ്യുന്നവർ ഇപ്പോഴും ആ അടയാളങ്ങൾ നിരീശ്വരവാദികളുടെ മുമ്പിൽ സമർപ്പിക്കുന്നു. ജീവൽ ദൈവത്തിന്റെ ജീവസുറ്റ ശക്തി മനുഷ്യൻ കണാത്തിടത്തോളം ശയ്ത്വാൻ അവന്റെ മനസ്സിൽനിന്ന് പുറത്തുപോവുകയോ യഥാർഥ തൗഹീദ് അവന്റെ ഉള്ളിൽ കടക്കുകയോ ദൃഢമായനിലയിൽ ദൈവത്തിന്റെ ആസ്തിക്യം ബോധ്യപ്പെടുകയോ ഇല്ലെന്നുള്ളതാണ് വസ്തുത. ഈ പരിശുദ്ധവും പരിപൂർണവുമായ തൗഹീദ് നബി(സ)തിരുമേനി മുഖേന മാത്രമാണ് ലഭിക്കുന്നത്. (തുടരും)

* ലോകം അവസാനിക്കാൻ പോകുകയാണ്. എന്നാൽ, ആ സമ്പൂർണനായ നബിയുടെ അത്യുദാരതയുടെ കിരണങ്ങൾ ഇന്നുവരെ അവസാനിച്ചിട്ടില്ലായെന്നത് അത്ഭുതകരമായൊരു കാര്യമാണ്. അല്ലാഹുവിന്റെ കലാമായ വിശുദ്ധ ഖുർആന് വിരുദ്ധമാകുമായിരുന്നില്ലെങ്കിൽ ഇന്നും ആകാശത്ത് സ്ഥൂല ശരീരത്തോടെ ജീവിച്ചിരിക്കുന്ന ഒരേയൊരു നബി ഈ നബിമാത്രമാണെന്ന് നമുക്ക് പറയാൻ സാധിക്കുമായിരുന്നു. എന്തുകൊണ്ടെന്നാൽ, അദ്ദേഹം ജീവിച്ചിരിക്കുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങൾ നാം കാണുന്നു. അദ്ദേഹത്തിന്റെ മതം ജീവസുറ്റതാണ്. അദ്ദേഹത്തെ പിന്തുടരുന്നവൻ ജീവനുള്ളവനായിത്തീരുന്നു. അദ്ദേഹം മുഖേന ജീവനുള്ള ദൈവത്തെ കിട്ടുന്നു. അല്ലാഹു അദ്ദേഹത്തേയും അദ്ദേഹത്തിന്റ മതത്തേയും അദ്ദേഹത്തെ സ്നേഹിക്കുന്നവരേയും സ്നേഹിക്കുന്നതായി നാം കണ്ടു. ഓർമിച്ചുകൊള്ളുക, യഥാർഥത്തിൽ അദ്ദേഹം ഇന്നും ജീവിക്കുന്നു. ദൈവിക സന്നിധിയിൽ എല്ലാവരെക്കാളും ഉന്നതമാണ് അദ്ദേഹഗത്തിന്റെ സ്ഥാനം. എന്നാൽ, മരിച്ചുപോകുന്ന ഈ ഭൗതികശരീരത്തോടെയല്ല;മറിച്ച് അനശ്വരമായ മറ്റൊരു ആത്മീയ ശരീരത്തോടുകൂടി തന്റെ പ്രഭുത്വശാലിയായ ദൈവത്തിന്റെ അടുക്കൽ ആകാശത്തിലാണ്.

**നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin